

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
*ഉല്പ. 41:55*

# വേദപ്രചാര
# മധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20,1887

**വാല്യം 90 ലക്കം 07 ജനുവരി 2018**

# ഉള്ളടക്കം


ലോകസമാധാന ദിനാചരണം .......... 9
സർക്കുലർ കർഷകദിനം .......... 15
കച്ചേരിക്കാര്യം .......... 19
വൈദിക സമ്മേളന റിപ്പോർട്ട് .......... 21
പാസ്റ്ററൽ കൗൺസിൽ .......... 24
അനുസ്മരണം .......... 25
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി .......... 27
പ്രവാസി അപ്പോസ്തലേറ്റ് .......... 28
സന്ദേശനിലയം .......... 29
ചെറുപുഷ്പ മിഷൻലീഗ് .......... 33
ഫാമിലി അപ്പോസ്റ്റലേറ്റ്. .......... 36
കെ.സി.എസ്.എൽ. .......... 39
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .......... 42
ആത്മതാകേന്ദ്രം .......... 46
ചാസ് .......... 48
കരിസ്മാറ്റിക് നവീകരണവാർത്തകൾ .......... 58
മീഡിയാവില്ലേജ് കമ്മ്യൂണിക്കേഷൻസ് .......... 59
ദലിത് കത്തോലിക്കാ മഹാജനസഭ .......... 61
വിൻസെൻഷ്യൻ വേദി .......... 63
ഫ്രാൻസിസ്കൻ അല്മായസഭ .......... 65
ആവേമരിയ .......... 67
പൗരോഹിത്യ ആദ്ധ്യാത്മികത .......... 69
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 76
Engagements. .......... 85



Annual Subscription: Rs. 120/-



ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@yahoo.co.in
Website: www.archdiocesechanganacherry.org


# നാമഹേതുക തിരുനാൾ
# ആശംസകൾ



## വെരി റവ. ഡോ. മാണി പുതിയിടം


(സിഞ്ചെല്ലൂസ്)

## പൗരോഹിത്യ സ്വീകരണത്തിന്റെ
## സുവർണ്ണജൂബിലി വർഷത്തിലേക്ക്
## പ്രവേശിക്കുന്ന ബഹു. വൈദികർക്ക്
## അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ















പൗരോഹിത്യ സ്വീകരണത്തിന്റെ
**രജതജൂബിലി വർഷത്തിലേക്ക്**
പ്രവേശിക്കുന്ന ബഹു. വൈദികർക്ക്
അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ










Ref:3053/K-5/KCBC/OL/DS 11.12.2017

# അമ്പത്തൊന്നാം ലോകസമാധാനദിനാചരണം
# ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം
# 1 ജനുവരി 2018

*കുടിയേറ്റക്കാരും അഭയാർഥികളും: സമാധാനം തേടുന്ന സ്ത്രീപുരുഷന്മാർ*

## 1. ഹൃദയപൂർവകമായ സമാധാനാശംസ

ഭൂമിയിലെ എല്ലാ ജനതകൾക്കും എല്ലാ രാഷ്ട്രങ്ങൾക്കും സമാധാനം! ക്രിസ്മസ് രാത്രിയിൽ[1] മാലാഖ ആശംസിച്ച സമാധാനം എല്ലാവർക്കും അഗാധമായ പ്രചോദനമാണ് – ഓരോ വ്യക്തിക്കും എല്ലാ ജനതകൾക്കും പ്രത്യേകിച്ച്, അതിന്റെ അഭാവം ഏറ്റവും തീവ്രമായി സഹിക്കുന്നവർക്കും. ഞാൻ അവരെപ്പറ്റി സ്ഥിരം ഓർമ്മിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. അവരിൽ ലോകത്തെങ്ങുമുള്ള 250 മില്യൻ കുടിയേറ്റക്കാരുണ്ട്. അവരിൽത്തന്നെ 22.5 മില്യൻ അഭയാർഥികളാണ്. എന്റെ പ്രിയപ്പെട്ട മുൻഗാമിയായ ബനഡിക്റ്റ് 16–ാമൻ മാർപാപ്പാ അവരെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "സമാധാനത്തോടെ ജീവിക്കാനുള്ള ഒരിടം അന്വേഷിക്കുന്ന സ്ത്രീകളും പുരുഷന്മാരും യുവാക്കളും വൃദ്ധജനങ്ങളും[2] ആ സമാധാനം കണ്ടെത്താൻ, യാത്രയിൽ ജീവന്റെ അപകടസാധ്യത ഏറ്റെടുക്കാൻ, തയ്യാറാണ്. അവരുടെ യാത്ര സുദീർഘവും അപകടകരവുമാണ്. അവർ ക്ലേശങ്ങളും പീഡകളും സഹിക്കുന്നു. ലക്ഷ്യത്തിൽനിന്ന് അവരെ അകറ്റിനിറുത്തുന്ന വേലിക്കെട്ടുകളും മതിലുകളും അവർ കാണുന്നു.

പീഡനവും ദാരിദ്ര്യവും പരിസ്ഥിതി തകർച്ചയും മൂലം മാതൃദേശം വിട്ടുപോകുന്നവരെ സഹതാപത്തിന്റെ ചൈതന്യത്തോടെ നമുക്ക് ആശ്ലേഷിക്കണം."

മറ്റുള്ളവരുടെ സഹനത്തിനു നേരെ ഹൃദയം തുറക്കുന്നതു മാത്രം മതിയാവുകയില്ലെന്നു നമുക്കറിയാം. നമ്മുടെ സഹോദരീസഹോദരന്മാർക്ക് സുരക്ഷിത ഭവനത്തിൽ വീണ്ടും സമാധാനപൂർവം ജീവിക്കാൻ കഴിയുന്നതിനുമുമ്പ് നാം വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിനും വസ്തുനിഷ്ഠമായ സമർപ്പണം ആവശ്യമാണ്. സഹായത്തിന്റെയും സന്മനസിന്റെയും നെറ്റുവർക്ക് ആവശ്യമാണ്. സൂക്ഷ്മവും സഹതാപപൂർണവുമായ ശ്രദ്ധയും വേണം. സങ്കീർണവും നവീനവുമായ അസംഖ്യം ആധുനികപ്രശ്നങ്ങളെ ഉത്തരവാദിത്വപൂർവം കൈകാര്യം ചെയ്യണം. ഈ പ്രശ്നങ്ങളിൽ എപ്പോഴും പരിമിതമായിരിക്കുന്ന വിഭവങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. അവരെ സ്വാഗതം ചെയ്യാനും വളർത്താനും സംരക്ഷിക്കാനും ഉദ്ഗ്രഥിക്കാനും പുതിയൊരു സമൂഹത്തിന്റെ ഭാഗങ്ങളാക്കിത്തീർക്കാനും രാഷ്ട്രീയനേതാക്കൾ വിവേകം എന്ന ഗുണം അഭ്യസിച്ചുകൊണ്ട് പ്രായോഗിക മാനങ്ങൾ സ്വീകരി

ക്കണം. "പൊതുനന്മയെക്കുറിച്ചുള്ള ശരിയായ ധാരണയുടെ പരിധിക്കു ള്ളിൽനിന്ന് അങ്ങനെ ചെയ്യണം."[3] നേതാക്കന്മാർക്ക് അവരുടെ സമൂഹത്തെ സംബന്ധിച്ച് വ്യക്തമായ ഉത്തരവാദിത്വമുണ്ട്. അതിന്റെ നിയമാനുസൃതമായ അവകാശങ്ങളും ഏകതാളമായ വികസനവും അവർ ഉറപ്പുവരുത്തണം – പണിയാൻ തുടങ്ങിയ ഗോപുരം പണിതീർക്കുന്നതിൽ പരാജയപ്പെടുന്ന വിഢിയായ നിർമ്മാതാവിനെപ്പോലെയാകാതിരിക്കാൻ വേണ്ടിത്തന്നെ.[4]

**2. എന്തുകൊണ്ട് ഇത്രമാത്രം അഭയാർത്ഥികളും കുടിയേറ്റക്കാരും?**

മാലാഖമാർ ബേത്‌ലഹേമിൽ സമാധാനം പ്രഘോഷിച്ചിട്ട് രണ്ടായിരം വർഷമായപ്പോൾ നടത്തിയ മഹാജൂബിലിയെപ്പറ്റി ചിന്തിച്ചുകൊണ്ട് വിശുദ്ധ ജോൺപോൾ 2–ാമൻ ഒരു വസ്തുത ചൂണ്ടിക്കാണിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ സവിശേഷതയായിരിക്കുന്ന "യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും വംശഹത്യകളുടെയും വംശ നിർമാർജനത്തിന്റെയും അവസാനിക്കാത്തതും ഭീതിജനകവുമായ അനന്തരഫലങ്ങളിൽ ഒന്നാണ് വ്യക്തികളുടെ സ്ഥാനചലനത്തിനുള്ള കാരണ"[5]മെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇന്നോളം പുതിയ നൂറ്റാണ്ട് അതിൽ നിന്നു മാറിയിട്ടില്ല. ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംഘട്ടനങ്ങളും സംഘടിതമായ അക്രമത്തിന്റെ മറ്റു രൂപങ്ങളും രാഷ്ട്രങ്ങളുടെ അതിരുകളിലേക്കും അപ്പുറത്തേക്കും ജനങ്ങളെ ചലിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ജനങ്ങൾ മറ്റു കാരണങ്ങളാലും കുടിയേറുന്നുണ്ട്. പ്രധാനമായും "അവർ കൂടുതൽ നല്ല ജീവിതം ആഗ്രഹിക്കുന്നതുകൊണ്ട് അങ്ങനെ ചെയ്യുന്നു". "വാഗ്ദാനമില്ലാത്ത ഭാവിയുടെ നിരാശയെ പിന്നിലാക്കാൻ വേണ്ടിയാണ് പലപ്പോഴും അങ്ങനെ ചെയ്യുന്നത്."[6] അവർ സ്വന്തം കുടുംബങ്ങളോടു ചേരാൻ വേണ്ടിയോ പ്രൊഫഷണലോ വിദ്യാഭ്യാസപരമോ ആയ സാഹചര്യങ്ങൾ അന്വേഷിച്ചുകൊണ്ടോ അങ്ങനെ ചെയ്യുന്നു. എന്തെന്നാൽ അതിനെല്ലാം അവകാശമുള്ളവർക്ക് സമാധാനത്തിൽ ജീവിക്കാൻ സാധിക്കുന്നില്ല. കൂടാതെ, *ലൗവുദാത്തോസീ* എന്ന ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ "പരിസ്ഥിതിപരമായ അധഃപതനം മൂലമുണ്ടാകുന്ന വർധിച്ചുവരുന്ന ദാരിദ്ര്യത്തിൽനിന്ന് ഓടിപ്പോകാൻ ശ്രമിക്കുന്ന ധാരാളം കുടിയേറ്റക്കാരുണ്ട്."[7]

മിക്കവരും ക്രമീകൃത മാർഗങ്ങളിലൂടെയാണ് കുടിയേറുന്നത്. എന്നാൽ ചിലർ വ്യത്യസ്തമാർഗങ്ങൾ സ്വീകരിക്കുന്നു. പ്രധാനമായും നിരാശകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അവരുടെ രാജ്യങ്ങൾ അവർക്ക് സുരക്ഷിതത്വമോ അവസരങ്ങളോ നല്കുന്നില്ല. നിയമപരമായ മാർഗങ്ങൾ അപ്രായോഗികമോ അടയ്ക്കപ്പെട്ടതോ അമിതമായ കാലതാമസം വരുത്തുന്നതോ ആണ്.

കുടിയേറ്റത്തിനു വിധേയമാകുന്ന അനേകരാഷ്ട്രങ്ങളിൽ കുടിയേറ്റം ദേശീയ സുരക്ഷിതത്വത്തിന് അപകടകരമാണെന്ന വാദം പരക്കുന്നു. പുതിയവരെ സ്വീകരിക്കൽ ഏറെ ചെലവുള്ള കാര്യമാണെന്നു വാദിക്കുന്നു. അങ്ങനെ ദൈവത്തിന്റെ പുത്രീപുത്രന്മാർക്ക് അവകാശപ്പെട്ട മഹത്വത്തെ ഇല്ലാതാക്കുന്നു.[8]

ഭാവിയിൽ കുടിയേറ്റം തുടരുമെന്ന് അന്താരാഷ്ട്രസമൂഹത്തിനു ലഭ്യമായ

എല്ലാ സൂചനകളും വ്യക്തമാക്കുന്നുണ്ട്. ചിലർ ഇതിനെ ഒരു ഭീഷണിയായി കരുതുന്നു. സമാധാനം സ്ഥാപിക്കാനുള്ള ഒരു സന്ദർഭമായി ആത്മവിശ്വാസ ത്തോടെ അതിനെ കാണാൻ ഞാൻ ആവശ്യപ്പെടുന്നു.

**3. ധ്യാനാത്മകമായ നോട്ടത്തോടെ**

വിശ്വാസത്തിന്റെ ജ്ഞാനം ധ്യാനാത്മകവീക്ഷണത്തെ വളർത്തുന്നു. അത് ഒരു വസ്തുത തിരിച്ചറിയുന്നു. അതായത് നമ്മൾ എല്ലാവരും "ഒറ്റക്കുടുംബ ത്തിലെ അംഗങ്ങളാണ്. കുടിയേറ്റക്കാരും അവരെ സ്വീകരിക്കുന്ന ജനതകളും ഒറ്റ കുടുംബത്തിലെ അംഗങ്ങളാണ്. നമ്മുടെ ലക്ഷ്യം സാർവത്രികമാണ്. സഭ യുടെ സാമൂഹികപ്രബോധനം പഠിപ്പിക്കുന്നതുപോലെതന്നെ. ഇവിടെയാണ് ഐക്യദാർഢ്യവും പങ്കുവയ്ക്കലും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്."[9] ഈ വാക്കു കൾ പുതിയ ജറുസലെമിനെ സംബന്ധിച്ച് ബൈബിളിൽ കാണുന്ന പ്രതിബിം ബത്തെ ഉണർത്തുന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകവും (അധ്യായം 60) വെളിപാടിന്റെ പുസ്തകവും (അധ്യായം 21) ഒരു നഗരത്തെ വിവരിക്കുന്നു. അതിന്റെ കവാടങ്ങൾ എല്ലാ ദേശത്തെയും ജനതകൾക്കായി തുറന്നിട്ടിരിക്കുന്നു. അവർ അതുകണ്ട് വിസ്മയിക്കുകയും സമ്പന്നത കൾകൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്യുന്നു. അതിനെ നയിക്കുന്ന പരമാ ധികാരി സമാധാനമാണ്. അതിനോടുള്ള സഹവർത്തിത്വത്തെ ഭരിക്കുന്ന തത്ത്വം നീതിയാണ്.

നാം ജീവിക്കുന്ന നഗരങ്ങളെയും ഈ ധ്യാനാത്മകവീക്ഷണത്തോടെ നാം നോക്കണം. അവരുടെ വീടുകളിലും തെരുവീഥികളിലും ചത്വരങ്ങളിലും ദൈവം വർത്തിക്കുന്നതായി കാണുന്ന വിശ്വാസത്തിന്റെ നോട്ടമാണത്. അവിടന്ന് ഐക്യദാർഢ്യത്തെയും സഹോദര്യത്തെയും നന്മയ്ക്കും സത്യത്തിനും നീതിക്കും വേണ്ടിയുള്ള ആഗ്രഹത്തെയും വളർത്തുന്നു."[10] മറ്റു വാക്കുകളിൽ പറഞ്ഞാൽ, സമാധാനവാഗ്ദാനത്തെ പൂർത്തീകരിക്കുന്നു.

ആ നോട്ടം കുടിയേറ്റക്കാരിലേക്കും അഭയാർഥികളിലേക്കും വ്യാപിപ്പിക്കു മ്പോൾ അവർ കൈയിൽ ഒന്നുമില്ലാതെയല്ല എത്തിച്ചേരുന്നതെന്ന് നാം കണ്ടെ ത്തും. അവർ ധീരതയും വൈദഗ്ധ്യവും ഊർജവും ആഗ്രഹങ്ങളും ഉള്ളവരാ ണ്. അതുപോലെ അവരുടെ സംസ്കാരങ്ങളുടെ നിക്ഷേപങ്ങളും അവരുടെ കൈയിലുണ്ട്. ഇങ്ങനെ അവർ അവരെ സ്വീകരിക്കുന്ന രാഷ്ട്രങ്ങളുടെ ജീവനെ സമ്പന്നമാക്കുന്നു. ലോകത്ത് എവിടെയും അസംഖ്യ വ്യക്തികളുടെയും കുടും ബങ്ങളുടെയും സമൂഹങ്ങളുടെയും സർഗാത്മകതയും ആവേശവും ത്യാഗചൈ തന്യവും കൂടി നമ്മൾ കാണുന്നുണ്ട്. അവർ കുടിയേറ്റക്കാർക്കും അഭയാർത്ഥി കൾക്കും വേണ്ടി വാതിലുകളും ഹൃദയങ്ങളും തുറക്കുന്നു. വിഭവങ്ങൾ പരിമി തമായിരിക്കുന്നിടങ്ങളിലും നാം അതു കാണുന്നു

പൊതുനന്മയെ സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരുടെ വിവേചന ശക്തിയെയും ധ്യാനാത്മകമായ വീക്ഷണം നയിക്കണം. സ്വാഗതം ചെയ്യലിന്റെ നയം സ്വീകരിക്കുകയും വേണം. "പൊതുനന്മയെ സംബന്ധിച്ച ശരിയായ

വീക്ഷണം അനുവദിക്കുന്ന പിരിധിക്കുള്ളിൽ അങ്ങനെ ചെയ്യണം."[11] മനുഷ്യ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആവശ്യങ്ങളും ഓരോ വ്യക്തിയുടെയും ക്ഷേമവും ഓർത്തുകൊണ്ട് അപ്രകാരം ചെയ്യണം.

പൊട്ടിമുളച്ചു വളർന്നുകൊണ്ടിരിക്കുന്ന സമാധാനത്തിന്റെ വിത്തുകളെ തിരിച്ചറിയാൻ ഇപ്രകാരം വസ്തുതകളെ നോക്കിക്കാണുന്നവർക്കു സാധിക്കും. കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സാന്നിധ്യത്തെ സംബന്ധിച്ച് മിക്കപ്പോഴും വിഭജിക്കപ്പെടുകയും ധ്രുവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങൾ അങ്ങനെ സമാധാനത്തിന്റെ പണിപ്പുരകളായി മാറും.

**4. പ്രവർത്തനത്തിനു നാല് മൈൽക്കല്ലുകൾ**

അനാഥാലയം അന്വേഷിക്കുന്നവർക്കും അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർക്കും അവർ അന്വേഷിക്കുന്ന സമാധാനം കണ്ടെത്താൻ അവസരം നല്കുകയെന്നത് നാലു പ്രവൃത്തികൾ കൂടിച്ചേർന്ന കാര്യമാണ്: സ്വാഗതം ചെയ്യൽ, സംരക്ഷിക്കൽ, വളർത്തൽ, കൂട്ടിച്ചേർക്കൽ.[12]

നിയമപരമായ മാർഗങ്ങൾ വ്യാപിപ്പിക്കുകയെന്നത് "സ്വാഗതം ചെയ്യലിന്" ആവശ്യമാണ്. കുടിയേറ്റക്കാരെയും അന്യനാട്ടുകാരെയും പീഡനവും അക്രമവും നേരിടേണ്ടിവരുന്ന രാജ്യങ്ങളിലേക്ക് തള്ളിക്കളയാതിരിക്കുകയും വേണം. ദേശീയ സുരക്ഷിതത്വത്തെക്കുറിച്ചുള്ള നമ്മുടെ താത്പര്യം മാനുഷിക മൗലികാവകാശങ്ങളെക്കുറിച്ചുള്ള താത്പര്യത്തോടു തുല്യമായിരിക്കണം. വിശുദ്ധ ഗ്രന്ഥം നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "ആതിഥ്യ മര്യാദ മറക്കരുത്. അതുവഴി ദൈവദൂതന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്."[13]

അഭയകേന്ദ്രവും സുരക്ഷിതത്വവും തേടി, യഥാർത്ഥ അപകടങ്ങളിൽ നിന്ന് ഓടിവരുന്നവരുടെ അലംഘ്യമായ മഹത്ത്വത്തെ അംഗീകരിക്കാനും സംരക്ഷിക്കാനും അവരെ ചൂഷണത്തിൽനിന്നു രക്ഷിക്കാനുമുള്ള കടമയെ സംബന്ധിച്ചതാണ് "സംരക്ഷിക്കൽ." അപകടസാധ്യതയുടെയും ദുരുപയോഗത്തിന്റെയും ഇരകളാകത്തക്ക സാഹചര്യത്തിലുള്ള സ്ത്രീകളെയും കുട്ടികളെയും കുറിച്ച് ഞാൻ പ്രത്യേകമായി ചിന്തിക്കുന്നു. അവരുടെ അവസ്ഥ അടിമത്തത്തിനു തുല്യംപോലുമാണ്. "കർത്താവ് പരദേശികളെ പരിപാലിക്കുന്നു. വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു."[14]

കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സംപൂർണമായ മാനുഷിക വികസനത്തെ പിന്താങ്ങുകയെന്നതാണ് "വളർത്തൽ." അങ്ങനെ ചെയ്യാൻ പല മാർഗങ്ങളുമുണ്ട്. കുട്ടികൾക്കും യുവജനത്തിനും എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസം ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് അവരെ സ്വന്തം കഴിവുകളെ തിരിച്ചറിയാനും വളർത്താനും സഹായിക്കും. മാത്രമല്ല, പരിത്യജിക്കലിന്റെയും എതിർപ്പിന്റെയും ചൈതന്യത്തിനു പകരം മറ്റുള്ളവരെ കണ്ടുമുട്ടാനും സംഭാഷണം നടത്താനുമുള്ള ചൈതന്യം അവർക്കുണ്ടാകും. ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നു: ദൈവം "പര

ദേശിയെ സ്നേഹിക്കുന്നു. അവർക്ക് ആഹാരവും വസ്ത്രവും നല്കുന്നു. അതിനാൽ പരദേശിയെ സ്നേഹിക്കുക. ഈജിപ്തിൽ നിങ്ങൾ പരദേശികളായിരുന്നല്ലോ."[15]

അവസാനമായി "ഉദ്ഗ്രഥിക്കൽ" അഥവാ "കൂട്ടിച്ചേർക്കൽ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്: സ്വാഗതം ചെയ്യുന്ന സമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായി പങ്കുചേരാൻ അഭയാർത്ഥികളെയും കുടിയേറ്റക്കാരെയും അനുവദിക്കുക. പരസ്പരം സമ്പന്നമാക്കുന്ന ഒരു പ്രക്രിയയുടെ ഒരു ഭാഗമായിരിക്കണം അത്. പ്രാദേശിക സമൂഹത്തിന്റെ പൂർണമായ മാനുഷിക വികസനത്തിനു സേവനം ചെയ്യുന്നതിൽ ഫലപൂർണമായ സഹകരണവും ഉണ്ടാകണം. വിശുദ്ധ പൗലോസ് ശ്ലീഹാ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്."[16]

**5. രണ്ട് അന്താരാഷ്ട്ര ഉടമ്പടികളുണ്ടാക്കാനുള്ള നിർദേശം**

എന്റെ ഹൃദയപൂർവകമായ പ്രത്യാശ ഇതാണ്: 2018-ൽ ഈ പ്രക്രിയ രണ്ട് ആഗോള ഉടമ്പടികൾ എഴുതാനും അംഗീകരിക്കാനും യുണൈറ്റഡ് നേഷൻസിനെ പ്രചോദിപ്പിക്കും. ഒരു ഉടമ്പടി സുരക്ഷിതവും ക്രമവത്കൃതവുമായ കുടിയേറ്റത്തിനുവേണ്ടിയുള്ളതാണ്. മറ്റേത്, അഭയാർഥികളെ സംബന്ധിക്കുന്നതാണ്.

ആഗോളതലത്തിൽ സ്വീകരിക്കപ്പെടുന്ന ഉടമ്പടികളാകയാൽ നയപ്രഖ്യാപനങ്ങൾക്കും പ്രായോഗികമായ കാര്യങ്ങൾക്കും വേണ്ട സംവിധാനം അവ പ്രദാനം ചെയ്യും. ഇക്കാരണത്താൽ അവ സഹതാപം, മുൻകൂട്ടിക്കാണൽ, ധീരത എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടതായിരിക്കണം. സമാധാന സംസ്ഥാപന പരമായ പ്രക്രിയയെ വളർത്താനുള്ള ഓരോ അവസരവും അതു പ്രയോജനപ്പെടുത്തും. ഈ മാർഗത്തിലൂടെ മാത്രമേ അന്താരാഷ്ട്ര രാഷ്ട്രീയത്തിന് ആവശ്യമായ യാഥാർഥ്യബോധമുണ്ടാകുകയുള്ളൂ. കുറ്റം പറച്ചിലിനും ആഗോളവത്കരിക്കപ്പെടുന്ന നിസ്സംഗതയ്ക്കും കീഴ്പ്പെടാതിരിക്കാനാണത്.

സംവാദവും ക്രമവത്കരണവും അന്താരാഷ്ട്ര സമൂഹത്തെ സംബന്ധിച്ച ഒരു അത്യാവശ്യവും സവിശേഷമായ ഒരു കടമയുമാണ്. ദേശീയ അതിർത്തികൾക്ക് അപ്പുറത്ത് കൂടുതൽ അഭയാർഥികളെ അതുവഴി സ്വാഗതം ചെയ്യാൻ കഴിയും. അല്ലെങ്കിൽ കൂടുതൽ നന്നായി സ്വാഗതം ചെയ്യാൻ കഴിയും. സാമ്പത്തികത കുറഞ്ഞ രാഷ്ട്രങ്ങൾക്കും അങ്ങനെ ചെയ്യാൻ സാധിക്കും. അവർക്ക് അത്യാവശ്യമായ പണം അന്താരാഷ്ട്ര സഹകരണം വഴി ഉറപ്പുനല്കിയാൽ മതി.

സമഗ്ര മാനുഷിക വികസനത്തെ വളർത്താനുള്ള ഡികാസ്ട്രിയിൽ കുടിയേറ്റക്കാരെയും അഭയാർഥികളെയും സംബന്ധിച്ച ഖണ്ഡികകളിൽ 20 കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഈ നാലു ക്രിയകളും ചെയ്യാൻ അവ പ്രേരിപ്പിക്കും. പൊതുനയത്തിലും ക്രൈസ്തവസമൂഹത്തിന്റെ മനോഭാവങ്ങളിലും

പ്രവർത്തനങ്ങളിലും ഇതു നടപ്പാക്കാൻ പ്രേരണ നല്കും.[17] രണ്ടു യു.എൻ ആഗോള ഉടമ്പടികളും സ്വീകരിക്കാനുള്ള പ്രക്രിയയിൽ കത്തോലിക്കാസഭയ്ക്കു താത്പര്യമുണ്ട്. ഇതിന്റെയും മറ്റു സംഭാവനകളുടെയും ലക്ഷ്യം അതാണ്. കൂടുതൽ പൊതുവായ അജപാലനപ്രവർത്തനത്തിന്റെ അടയാളമാണ് ഈ താത് പര്യം. അത് സഭയുടെ ഉദ്ഭവം മുതൽ തുടങ്ങിയതാണ്. ഇന്നോളമുള്ള അനേകം പ്രവർത്തനങ്ങളിലൂടെ സഭ അതു തുടർന്നിട്ടുമുണ്ട്.

**6. നമ്മുടെ പൊതുഭവനത്തിനുവേണ്ടി**

വിശുദ്ധ ജോൺപോൾ 2-ാമന്റെ വാക്കുകളിൽനിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "സമാധാനപൂർണമായ ഒരു ലോകം എന്ന 'സ്വപ്നം' എല്ലാവരും പങ്കുചേരുന്ന ഒന്നായിക്കഴിഞ്ഞാൽ, അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും സംഭാവനയെ ശരിയായി വിലയിരുത്തിയാൽ മനുഷ്യവർഗം കൂടുതൽ കൂടുതൽ സാർവത്രികമാകുന്ന കുടുംബമായിത്തീരും. നമ്മുടെ ഭൂമി യഥാർഥത്തിൽ പൊതുവായ ഭവനം ആയിത്തീരുകയും ചെയ്യും."[18] ചരിത്രത്തിലുടനീളം അനേകർ ഈ "സ്വപ്ന"ത്തിൽ വിശ്വസിച്ചവരും അവരുടെ നേട്ടങ്ങൾ ഒരു സാക്ഷ്യവുമാണ് - ഇത് ഒരു മായാലോക സങ്കല്പമല്ലെന്നതിന്റെ സാക്ഷ്യപത്രം.

അവരിൽ ഒരാളായി വിശുദ്ധ ഫ്രാൻസെസ് സേവ്യർ കബ്രീനിയെ ഈ വർഷം നമുക്കു ഓർമ്മിക്കാം. അവളുടെ നൂറാം ചരമവാർഷികം ഇക്കൊല്ലമാണ്. ഈ നവംബർ 13-ാംതീയതി അനേകം സഭാ സമൂഹങ്ങൾ അവളുടെ ഓർമ്മ ആഘോഷിക്കുന്നു. ഏറെ ശ്രദ്ധേയയായ അവൾ കുടിയേറ്റക്കാർക്കുവേണ്ടിയുള്ള സേവനത്തിന് തന്റെ ജീവിതം സമർപ്പിച്ചു. അവൾ കുടിയേറ്റക്കാരുടെ രക്ഷാധികാരിയായ വിശുദ്ധയാണ്. നമ്മുടെ സഹോദരീസഹോദരന്മാരെ സ്വാഗതം ചെയ്യാനും, സംരക്ഷിക്കാനും വളർത്താനും സമൂഹത്തിലേക്കു കൂട്ടിച്ചേർക്കാനും ഈ വിശുദ്ധ നമ്മെ പഠിപ്പിച്ചു. "സമാധാനസ്രഷ്ടാക്കൾ നീതിയുടെ ഫലം സമാധാനത്തിൽ വിതയ്ക്കുന്നു"[19] എന്നത് നമുക്കെല്ലാവർക്കും അനുഭവിക്കാൻ, ആ വിശുദ്ധയുടെ മാധ്യസ്ഥതവഴി കർത്താവ് നമ്മെ ശക്തരാക്കട്ടെ.

വത്തിക്കാനിൽ നിന്ന്

13 നവംബർ 2017

കുടിയേറ്റക്കാരുടെ രക്ഷാധികാരിണിയായ ഫ്രാൻസെസ് സേവ്യർ കബ്രീനിയുടെ ഓർമദിവസം

ഫ്രാൻസിസ് മാർപാപ്പാ

---

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# 2018 ജനുവരി 15 കർഷകദിനം
## കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി)
# ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അസംഘടിത കർഷകസമൂഹത്തിന്റെ അതിജീവനം ലക്ഷ്യമാക്കി കേരള കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ ഒന്നര പതിറ്റാണ്ട് മുമ്പ് രൂപീകരിക്കപ്പെട്ട സ്വതന്ത്ര കർഷകപ്രസ്ഥാനമാണ് ഇൻഫാം. വിളകളുടെ വിലത്തകർച്ചയും കീടബാധയും വന്യമൃഗശല്യവും കടക്കെണിയുംമൂലം ആത്മഹത്യയുടെ വക്കിലെത്തിയ കർഷകസമൂഹത്തിന് സാന്ത്വനമേകുവാൻ ദൈവനിയോഗം പോലെ രൂപംകൊണ്ട ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷക പോരാട്ടങ്ങൾ ചരിത്രത്താളുകളിൽ ഇന്നും ജ്വലിച്ചുനിൽക്കുന്നു. ഇത്തരം ജനകീയ പോരാട്ടങ്ങളിലൂടെ കാർഷിക പ്രശ്നങ്ങൾ ഭരണാധികാരികളുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ഒട്ടനവധി കാർഷികപ്രശ്നങ്ങൾക്ക് പരിഹാരം സാധ്യമാക്കുവാനും കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

പക്ഷേ ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ കാർഷികമേഖലയിൽ പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ വില തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു. ഉല്പാദനച്ചെലവ് വർദ്ധിക്കുന്നു. തൊഴിലാളി ക്ഷാമം രൂക്ഷമാണ്. വന്യമൃഗശല്യംമൂലം വിളകൾ നശിപ്പിക്കപ്പെടുന്നു. കാലാവസ്ഥാവ്യതിയാനം കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ച് ഉല്പാദനത്തിലും വൻ ഇടിവ് സൃഷ്ടിച്ചിരിക്കുന്നു. കടബാധ്യത കർഷകന്റെ ഉറക്കംകെടുത്തുകമാത്രമല്ല ജീവനും തട്ടിയെടുക്കുന്നു. കീടബാധമൂലം വിളകൾ നശിക്കുന്നു.

പകലന്തിയോളം പണിയെടുത്ത് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കളും വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും ഉല്പാദിപ്പിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അടിയന്തരവും ഫലപ്രദവുമായ ഇടപെടൽ അനിവാര്യമാണ്.

കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തണം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ കർഷകർക്ക് അധികവരുമാനം ലഭ്യമാക്കണം. മലയോരമേഖലയിലെ വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം കണ്ടെത്തണം. കാർഷിക കടങ്ങൾ എഴുതിത്തള്ളണം. കർഷകന് പലിശരഹിത വായ്പ ലഭ്യമാക്കണം. നാടിനുവേണ്ടി സേവനം ചെയ്യുന്ന കർഷകന് വാർദ്ധക്യാവസ്ഥയിൽ പ്രതിമാസം പതിനായിരം രൂപ പെൻഷൻ നൽകണമെന്ന 2015

ലെ സംസ്ഥാന കാർഷികനയത്തിലെ നിർദ്ദേശം നടപ്പിലാക്കണം. കേന്ദ്രസംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. കർഷകപ്രതിനിധികളെ ഉൾപ്പെടുത്തി കാർഷിക കമ്മീഷൻ രൂപീകരിക്കണം. ഇത്തരം ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ ജാതിമതഭേദമെന്യേ കർഷകർ ഒറ്റക്കെട്ടായി മുന്നോട്ടുവരേണ്ടതുണ്ട്.

കാർഷികവൃത്തിയോടുള്ള യുവജനതയുടെ അവഗണനയും ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ട വിഷയമാണ്. കാർഷികവൃത്തി ആദായകരമല്ലാത്തതുകൊണ്ടും കർഷകർക്ക് അർഹമായ പരിഗണന ലഭിക്കാത്തതുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ നിന്നും അകന്നുനിൽക്കുകയാണിന്ന്. ഇത് ആശങ്കാജനകമായ അവസ്ഥയാണ്. വരുംതലമുറകളും കാർഷികവൃത്തി തുടർന്നാൽമാത്രമേ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. കാർഷികവൃത്തി ഒരു സംസ്കാരത്തിന്റെ ഭാഗമായിട്ടാണ് പഴയതലമുറ കണ്ടിരുന്നത്. അത് കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിച്ച സ്നേഹസംസ്കാരമായിരുന്നുവെന്ന സത്യം യുവതലമുറ തിരിച്ചറിയണം. മണ്ണും മനുഷ്യനും പ്രകൃതിയും സമന്വയിക്കപ്പെടുമ്പോൾ രൂപംകൊള്ളുന്ന ജീവസംസ്കൃതിയാണ് കാർഷികവൃത്തിയുടെ അന്തഃസത്ത. അതൊടൊപ്പം പ്രകടമാകുന്ന ആത്മീയതയുടെ ഫലവും വിസ്മരിച്ചുകൂടാ.

സ്രഷ്ടാവായ ദൈവവും സൃഷ്ടികളായ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമന്വയമാണ് കാർഷികവൃത്തിയിൽ നാം ദർശിക്കുന്ന ആത്മീയത. ഫലസമൃദ്ധമായ ഏദൻതോട്ടത്തിന്റെ കാവൽക്കാരും പരിപാലകരുമായി ദൈവം ചുമതലപ്പെടുത്തിയത് മനുഷ്യരെയാണ്. ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്താൻ ദിവ്യനാഥൻ ഉപയോഗിച്ച ഉപമകളിൽ പലതും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ഭൂമിയെയും നദികളെയും പൂജിക്കുന്ന ആർഷഭാരത സംസ്കാരം ഈ ആത്മീയതയുടെ ഭാഗമാണ്. അതുകൊണ്ട് ഭക്ഷ്യോല്പാദനം മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന സത്യം തിരിച്ചറിഞ്ഞുകൊണ്ടും കാർഷികവൃത്തിയിൽ അന്തർലീനമായിരിക്കുന്ന ജീവസംസ്കാരവും ആത്മീയതയും ഉൾക്കൊണ്ടുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെടാൻ സ്വയം സന്നദ്ധരാകണം.

അവകാശങ്ങൾ നേടിയെടുക്കുവാനുള്ള പോരാട്ടങ്ങളോടൊപ്പം സ്വയം പര്യാപ്തത കൈവരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർ ചിന്തിക്കേണ്ടതുണ്ട്. ഏകവിളയിൽ നിന്നും ബഹുവിളകൃഷിയിലേയ്ക്ക് കർഷകർ മാറണം. ജൈവകൃഷിരീതി അവലംബിക്കണം. അടുക്കളത്തോട്ടങ്ങളിൽ വിഷരഹിത പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉല്പ്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും ഉറപ്പുവരുത്തണം. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ ഇടവകതോറും ഞായറാഴ്ച ചന്തകൾ ആരംഭിക്കണം. പാഴായിപ്പോകുന്ന ചക്ക, കശുമാമ്പഴം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാനുള്ള സംരംഭങ്ങൾ തുടങ്ങണം. പശുവളർത്തൽ, കോഴി

വളർത്തൽ തുടങ്ങിയ സംരംഭങ്ങളിലൂടെ അധികവരുമാനം ഉറപ്പുവരുത്തണം. ഗ്രാമസഭകളിൽ സജീവമായി പങ്കെടുക്കുകയും കാർഷികപ്രശ്നങ്ങൾ അവതരിപ്പിക്കുകയും വേണം. സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പ്രാദേശികതലത്തിൽ കർമ്മസമിതികൾ രൂപീകരിക്കണം. തൊഴിലാളിക്ഷാമം പരിഹരിക്കാനും ഉല്പദനച്ചെലവ് കുറയ്ക്കാനും ലക്ഷ്യമിട്ടുകൊണ്ട് പണ്ടുകാലത്ത് ഉണ്ടായിരുന്ന മാറ്റാൾപണി പുനരാരംഭിക്കണം. ഇത്തരം ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ നമുക്ക് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

കാർഷികമേഖലയോടൊപ്പം സഭാവിശ്വാസികൾ ഉപജീവനത്തിനായി ഏറെ ആശ്രയിക്കുന്ന മത്സ്യബന്ധനമേഖലയും നമ്മുടെ വിചിന്തനത്തിന് വിധേയമാക്കണമെന്ന് ഞാൻ കരുതുന്നു. കടലിന്റെ മക്കൾ ഇന്ന് അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ആശങ്കാജനകവും ഭീതിജനകവുമാണ്. അടുത്തനാളിൽ കേരളത്തിലുൾപ്പെടെ വീശിടയിച്ച ഓഖി ചുഴലിക്കാറ്റിന്റെ ദുരന്തങ്ങൾ ഏറെ അനുഭവിച്ചത് മത്സ്യത്തൊഴിലാളികളാണ്. കടലിൽ മത്സ്യബന്ധനത്തിനുപോയ തങ്ങളുടെ ഉറ്റവർ മടങ്ങിവരാതായപ്പോൾ അലമുറയിട്ട് കരയുന്ന അമ്മമാരുടെ നിസ്സഹായാവസ്ഥ ആരെയാണ് വേദനിപ്പിക്കാത്തത്? ഒട്ടേറെ സഹോദരങ്ങളുടെ വിലപ്പെട്ട ജീവനാണ് അപഹരിക്കപ്പെട്ടത്. എല്ലാം നഷ്ടപ്പെട്ട കടലിന്റെ മക്കളുടെ ദുഃഖത്തിൽ പങ്കുചേരുവാനും അവരെ ആശ്വസിപ്പിക്കുവാനും മാത്രമല്ല എല്ലാവിധ സഹായങ്ങളുമായി സഭ മുന്നോട്ടുവന്നുവെന്നത് ശ്ലാഘനീയമാണ്. തീരദേശജനതയുടെ പുനരുദ്ധാരണത്തിന് നമുക്ക് ഒറ്റക്കെട്ടായി കൈകോർക്കാം. വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സർക്കാർ ഉറപ്പുവരുത്തണം. വള്ളവും വലയും ബോട്ടും നഷ്ടമായവർക്ക് പൂർണ്ണനഷ്ടപരിഹാരം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളണം. മേലിൽ ഇത്തരം വൻ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകണം. ന്യായമായ ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ ജനകീയ സർക്കാരിന് ധാർമ്മികബാധ്യതയുണ്ടെന്ന കാര്യം ബോധ്യപ്പെടുത്തട്ടെ. മലയോര തീരദേശ കർഷകസമൂഹം സംഘടിച്ചുനീങ്ങേണ്ടതും സഹകരിച്ചുപ്രവർത്തിക്കേണ്ടതും അടിയന്തരമാണ്.

ആഗോളതലത്തിലെ കാർഷിക വ്യാപാരമാറ്റങ്ങളെയും കരാറുകളെയും നമ്മൾ നോക്കിക്കാണുകയും പഠിക്കുകയും വിലയിരുത്തുകയും വേണം. രാജ്യാന്തര കാർഷികവിപണിയായി ഇന്ത്യ മാറുമ്പോൾ ഈ മണ്ണിലെ കർഷകരും സംരക്ഷിക്കപ്പെടണം. ലോകവിപണികളുമായി മത്സരിക്കുവാനുള്ള കരുത്ത് നാം ആർജിക്കണം. ഇതിനായി സംഘടിച്ചുനീങ്ങുന്നതിനോടൊപ്പം രാഷ്ട്രീയ നിലപാടുകളും ഭരണപങ്കാളിത്തങ്ങളും കർഷകർക്കുണ്ടാകണം.

കേരളത്തിലെ കത്തോലിക്കാ മെത്രാൻസമിതിയുടെ തീരുമാനപ്രകാരം 2010 മുതൽ എല്ലാവർഷവും ജനുവരി 15 ഇൻഫാം കർഷകദിനമായി ആചരിക്കുകയാണല്ലോ. ഈ വർഷവും വിപുലമായ പരിപാടികളാണ് കർഷദിനത്തോടനുബ

സ്ഥിച്ച് സംഘടിപ്പിക്കുന്നത്. കൃഷിയുടെയും കർഷകന്റെയും മഹത്വവും നന്മകളും ഓർമ്മപ്പെടുത്താനുള്ള ഒരു സുവർണ്ണാവസരംകൂടിയാണ് കർഷകദിനം. കർഷകസെമിനാറുകളും പൊതുയോഗങ്ങളും സംഘടിപ്പിച്ചുകൊണ്ട് കാർഷികപ്രശ്നങ്ങൾ ഭരണാധികാരികളുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽപെടുത്തുവാനും വിഘടിച്ചുനിൽക്കാതെ സംഘടിച്ചുനീങ്ങേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുവാനും കർഷകദിനത്തിൽ നാം ശ്രമിക്കണം. ഇടവക, യൂണിറ്റ് തലങ്ങളിൽ കർഷകരെ ആദരിക്കണം. ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ ബഹു.വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ കർഷകരായ നാനാജാതി മതസ്ഥരെ ഉൾപ്പെടുത്തികൊണ്ട് യൂണിറ്റുകൾ രൂപികരിക്കണം.

ദൈവപിതാവിന്റെ സൃഷ്ടികളായ മനുഷ്യമക്കൾക്ക് അന്നന്നുവേണ്ടുന്ന ആഹാരം നൽകാൻ സഹകാരികളായി വർത്തിക്കുന്ന കർഷകരോടൊപ്പം കത്തോലിക്കാസഭ നിലകൊള്ളുമെന്ന് ആവർത്തിച്ചുപറയട്ടെ. ജീവിക്കുവാൻ വേണ്ടിയുള്ള ഇന്നലകളിലെ കുടിയേറ്റ കാലഘട്ടങ്ങളിലും സർക്കാരുകളുടെ അതിക്രൂരമായ കുടിയിറക്കുവേളകളിലും അഭിവന്ദ്യരായ സഭാപിതാക്കന്മാരും, വൈദികരും, അല്മായരും പ്രവാചകധീരതയോടെ കർഷകർക്കൊപ്പം നിലകൊണ്ട് പോരാടിയ ചരിത്രം പ്രത്യേകം സ്മരിക്കുന്നു. പ്രതിസന്ധികളുടെ ഈ നാളുകളിലും കർഷകമക്കൾക്ക് സാന്ത്വനമേകാനും ശക്തിപകരാനും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ബഹു.വൈദികരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിഷമഘട്ടങ്ങളിൽ തളരാതെ കൂടുതൽ കരുത്തോടെ പുത്തൻ പ്രതീക്ഷകളുമായി മുന്നേറുവാൻ നമുക്കാകണം. ഇൻഫാമിനു നേതൃത്വം കൊടുക്കുന്ന എല്ലാ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,


**ബിഷപ് മാർ മാത്യു അറയ്ക്കൽ**

ഇൻഫാം എപ്പിസ്കോപ്പൽ അഡ്വൈസർ

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം.

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** 2018 ജനുവരി 7-ാം തീയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




## I

## ക്രൈസ്തവ ഐക്യപ്രാർത്ഥന

ജനുവരി 18 മുതൽ 25 വരെ ആചരിക്കുന്ന സഭൈക്യവാരത്തിൽ ഉപയോഗിക്കുവാനുള്ള പ്രാർത്ഥനാശുശ്രൂഷാക്രമം സന്ദേശനിലയത്തിൽനിന്നും ലഭിക്കുന്നതാണ് (അതിരൂപതാ വെബ്സൈറ്റിലും ഈ പ്രാർത്ഥന ലഭ്യമാണ്). ഇടവകയിൽ പൊതുവായും കുടുംബകൂട്ടായ്മകളിലും ഈ പ്രാർത്ഥനാശുശ്രൂഷ നടത്തിയും ഇടവകതലത്തിൽ സഭൈക്യസമ്മേളനങ്ങൾ സംഘടിപ്പിച്ചും സഭൈക്യവാരം ഏറ്റവും ഉചിതമായി ആചരിക്കുന്നതിന് ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## II

## സീറോ മലബാർ മിഷൻ ഞായർ

ജനുവരി 7 ഞായർ സീറോ മലബാർ മിഷൻ ദിനമായി ആചരിക്കുന്നു. അന്നത്തെ സ്തോത്രകാഴ്ച സീറോമലബാർ മിഷനുവേണ്ടി സമാഹരിച്ച് ജനുവരി 31 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**SUSPENDED FROM PRIESTLY MINISTRY**

It is informed that Fr Cherian (Roshy) Kadakkarappally, a priest ascribed to the Eparchy of Satna, hails from Kainakary is suspended from the public exercise of priestly ministry as per the norms of CCEO can. 1453 §1. Hence he should not be permitted to administer priestly ministry in our parishes.

## അടിയന്തിര ശ്രദ്ധയ്ക്ക്

സ്നേഹമുള്ള അച്ചാ,

'ഓഖിദുരന്തത്തിൽ' ക്ലേശം അനുഭവിക്കുന്നവർക്ക് KCBC യുടെ ആഹ്വാനപ്രകാരം പള്ളികളിൽനിന്ന് ഒരു ഞായറാഴ്ചത്തെ കളക്ഷൻ എടുക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. ഇനിയും ഏറെ പള്ളികളിൽനിന്നും കളക്ഷൻ എത്താനുണ്ട്. ദയവായി അതിരൂപതയുടെ അക്കൗണ്ടിലേക്ക് കളക്ഷൻ അടയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. അടുത്ത മദ്ധ്യസ്ഥനിൽ കളക്ഷൻ അടച്ചവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

A/c. Name : Procurator Archbishop House
A/c. No. : 0705101061731
IFSC CNRB0000705
Canara Bank Changanacherry

**ഫാ. പ്രൊക്യുറേറ്റർ**

## എക്ലേസിയ

അതിരൂപതയിലെ സമർപ്പിതർക്കായുള്ള തുടർപരിശീലന പരിപാടിയായ എക്ലേസിയായിൽ ഇനിയും പങ്കെടുക്കാത്തവർക്കായി രണ്ടു ബാച്ചുകൾകൂടി ക്രമീകരിച്ചിരിക്കുന്നു. ഇതുവരെ ഇതിൽ സംബന്ധിക്കാത്തവർ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന ഏതെങ്കിലും ഒരു ബാച്ചിൽ പങ്കെടുക്കേണ്ടതാണ്. **ഫെബ്രുവരി 16 മുതൽ 18 വരെയും മാർച്ച് 9 മുതൽ 11 വരെ**യുമാണ് ഇതു നടത്തപ്പെടുന്നത്.

അതോടൊപ്പം ജൂണിയർ സിസ്റ്റേഴ്സിനുമാത്രമായി ഒരു എക്ലേസിയായും ക്രമീകരിച്ചിട്ടുണ്ട്. **ജനുവരി 19 മുതൽ 21 വരെ** കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽവച്ചു നടത്തപ്പെടുന്ന ഈ പരിപാടിയിൽ എല്ലാ ജൂണിയർ സിസ്റ്റേഴ്സും പങ്കെടുക്കേണ്ടതാണ്.

ഇതിനു പുറമേ എക്ലേസിയായുടെ ഭാഗമായി 60 വയസിനു മുകളിലുള്ള സമർപ്പിതർക്കായി രണ്ടു ഏകദിന പരിപാടികളും സംഘടിപ്പിച്ചിരിക്കുന്നു. **ജനുവരി 15, ഫെബ്രുവരി 15** തീയതികളിൽ അതിരൂപതാ കേന്ദ്രത്തിലെ ഇൻഡോർ സ്റ്റേഡിയത്തിൽവച്ചു നടത്തപ്പെടുന്ന ഈ പ്രോഗ്രാമിൽ ഈ വിഭാഗത്തിൽപ്പെട്ട ബഹു. സിസ്റ്റേഴ്സിനെ പങ്കെടുപ്പിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

**ഫാ. ജയിംസ് പാലയ്ക്കൽ**
സിൻചെല്ലൂസ്

# വൈദികസമ്മേളന റിപ്പോർട്ട്

ചങ്ങനാശ്ശേരി അതിരൂപതയിൽ ശുശ്രൂഷ ചെയ്യു ബഹു. വൈദിക രുടെ കൂട്ടായ്മ (Presbyterium) അഭി. പിതാക്കന്മാരുടെ നേതൃത്വത്തിൽ കഴിഞ്ഞ നവംബർ 21 -ാം തീയതി ചൊവ്വാഴ്ച മാർ കാളാശ്ശേരി സ്മാരക ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നു. രാവിലെ 10 മണിക്ക് പെ. ബ. ജോസഫ് മുണ്ടകത്തിലച്ചന്റെ കാർമ്മികത്വത്തിൽ *ധുഫാആ* പ്രാർത്ഥന നടത്തുകയും കഴിഞ്ഞ അതിരൂപതാ വൈദികസമ്മേളനത്തിനു ശേഷം മരണമടഞ്ഞ ബഹു. വൈദികരെ അനുസ്മരിച്ചുകൊണ്ട് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഒപ്പീസ് നടത്തുകയും ചെയ്തു. തുടർന്ന് അതിരൂപതാ ചാൻസിലർ പെ. ബ. ടോം പുത്തൻകളം അച്ചൻ സമ്മേളന ത്തിന്റെ കാര്യപരിപാടികൾ വിശദീകരിച്ചു.

സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭി. മാർ ജോസഫ് പെരു ന്തോട്ടം പിതാവ് സ്വാഗതം ആശംസിക്കുകയും വൈദികരുടെ ഒത്തുചേ രലിന്റെ പ്രാധാന്യം വിശദീകരിക്കുകയും ചെയ്തു. ബാച്ച് ഗാതറിംഗ് പോലെ ലാഘവത്തോടെ കാണേണ്ട സമ്മേളനമല്ല ഇതെന്നും അതിരൂപ താദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾ ശ്രവിക്കാനും വൈദികഐക്യം വളർത്താ നുമുള്ളതാണ് ഈ ഒത്തുചേരൽ എന്ന് അഭി. പിതാവ് സൂചിപ്പിച്ചു. വിശ്വാസം പഠിപ്പിക്കുവാൻ മാതാപിതാക്കളെയും അദ്ധ്യാപകരേയും പ്രാപ്തരാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവ് തന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

അഭി. മാർ തോമസ് തറയിൽ പിതാവ് റോമിൽ നടന്ന മെത്രാന്മാ രുടെ സമ്മേളനത്തെക്കുറിച്ച് സംസാരിച്ചു. വൈദികരുടെ അഭാവം മൂലം യുറോപ്യൻ മെത്രാന്മാർക്ക് വലിയ ആവേശമില്ലെന്നും നാം ആ കാര്യ ത്തിൽ അനുഗ്രഹീതരാണെും പറഞ്ഞു. നമുക്കു ധാരാളം വിശ്വാസിക ളുണ്ട് അവരുടെ വിശ്വാസത്തെ വളർത്തുന്ന മനോഭാവം രൂപികരിച്ച് വിശ്വാസികൾക്ക് ആവശ്യമായ ശുശ്രൂഷ കണ്ടെത്തി ചെയ്യുവാനും നമു ക്കാകണം. അതിരൂപത ക്രമീകരിക്കുന്ന Five Year Plan നോട് എല്ലാവരും സഹകരിക്കണമെന്നും അവധിക്കാലത്ത് നമ്മുടെ വൈദികവിദ്യാർത്ഥിക ളുടെ ഒരു പ്രോഗ്രാമെങ്കിലും എല്ലാ ഇടവകകളിലും നടത്തേണ്ടതാ

ണെന്നും ഇടവകകളിൽ Budgeting System ക്രമീകരിക്കണമെന്നും അഭി. പിതാവ് കൂട്ടിച്ചേർത്തു.

തുടർന്ന് ബ. കൊച്ചുപറമ്പിൽ ജോസച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ 'മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ' പെ. ബ. ജയിംസ് പാലയ്ക്കലച്ചൻ പരിചയപ്പെടുത്തുകയും ബ. ജോസ് ആലഞ്ചേരിയച്ചൻ തയ്യാറാക്കിയ കുടുംബ വിജ്ഞാനീയം 4-ാം പതിപ്പും തിരുസിധിയിൽ 2-ാം പതിപ്പും ബ. കറുകപ്പറമ്പിലച്ചൻ പരിചയപ്പെടുത്തുകയും ചെയ്തു. ഷെയറിംഗ് സെഷനായി എത്തിയ ഡോ. മാരിയോ ജോസഫിനെ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് യോഗാംഗങ്ങൾക്ക് പരിചയപ്പെടുത്തി.

കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം നടന്ന നിർമ്മാണപ്രവർത്തനങ്ങൾ, പ്രത്യേകിച്ച് പള്ളികൾ, ചാപ്പലുകൾ, വൈദികമന്ദിരങ്ങൾ, ഇതര സ്ഥാപനങ്ങൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ ബ. തലച്ചെല്ലൂർ ആന്റണി അച്ചൻ ഓഡിയോ വിഷൽ പ്രോഗ്രാമിലൂടെ പ്രദർശിപ്പിച്ചു. ഉപരിപഠനം കഴിഞ്ഞ് അതിരൂപതയിലേയ്ക്ക് തിരിച്ചെത്തിയ ബഹു. തട്ടാശ്ശേരി മനോജ് അച്ചനെ അഭിനന്ദിച്ചു.

തുടർന്ന് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് പൊതുനിർദ്ദേശങ്ങൾ നൽകി. അജപാലനാധികാരം ഇന്ത്യമുഴുവൻ അനുവദിച്ചു കിട്ടിയ ചരിത്രസംഭവം നമ്മുടെ എല്ലാ ഇടവകകളിലും വിശ്വാസികളെ അറിയിക്കുകയും അതിന്റെ പ്രാധാന്യം പഠിപ്പിക്കുകയും ചെയ്യണം. നമ്മുടെ സഭയുടെ തനിമ നഷ്ടപ്പെടുത്താതെ പ്രേഷിതചൈതന്യത്തോടെ പ്രവർത്തിക്കുന്നതിന് ഇത് സഹായകമാകും. നമ്മുടെ അതിരൂപതയിലെ പഞ്ചവത്സരപദ്ധതിയെക്കുറിച്ച് ഒരു സമഗ്രമായ വീക്ഷണം നമുക്ക് ഉണ്ടാകണം. ഈ പരിപാടി ആരാധനാവത്സര ആരംഭത്തോടെ തന്നെ ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ലിറ്റർജിക്കൽ കലണ്ടർ, മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ എന്നിവ അതിരൂപതാ നിർദ്ദേശപ്രകാരം നടത്തുക. എന്നാൽ പുതിയ മാദ്ധ്യസ്ഥ്യപ്രാർത്ഥകൾ ആരംഭിക്കുന്നതിന് രേഖാമൂലം അനുവാദം വാങ്ങേണ്ടതാണ്. ആരാധനക്രമ കലണ്ടർ നോക്കി തുടർന്നു വരുന്ന ആഴ്ചകളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കണം. ദൈവാലയങ്ങളിൽ പ്രതിമകൾ സ്ഥാപിക്കുന്നതിനുള്ള അമിതാവേശം ഒഴിവാക്കുക. Five Year Plan നോടനുബന്ധിച്ച് ഏപ്രിൽ മാസത്തിനു മുമ്പായി ഒരു ആത്മീയധ്യാനം (ജീവിത-വിശ്വാസനവീകരണധ്യാനം) എല്ലാ ഇടവകകളിലും നടത്തുക. Protopresbyters ന് കാനൻ നിയമമനുസരിച്ചുള്ള അധികാരങ്ങൾ നിർവ്വ

ഹിക്കാനുണ്ട് എന്ന കാര്യം എല്ലാ വൈദികരും മനസ്സിലാക്കി പ്രവർത്തിക്കണം. Presbyteral Council Election ൽ ഒരേ ആളുകൾ തെരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. കളർ എ ഹോം പരിപാടിയിൽ എല്ലാ ഇടവകകളും സഹകരിക്കേണ്ടതുണ്ട്. 131-ാമത് അതിരൂപതാ ദിനത്തിൽ 131 വീടുകൾ കൊടുക്കുന്ന ഒരു project നടപ്പിൽ വരുത്തണം. ഖാദി ഉൽപ്പന്നങ്ങൾവാങ്ങി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക. Liturgical Apostolate ഇടവക പ്രവർത്തനങ്ങൾക്ക് ബ. തോമസ് പാടിയത്തച്ചൻ നേതൃത്വം നൽകും. Liturgical Research സെന്ററിന് ബ. ജോസ് കൊച്ചുപറമ്പിലച്ചനും മ്യൂസിക് മിനിസ്ട്രിയ്ക്ക് ബ. ജോസഫ് കായംകുളത്തുശ്ശേരിയച്ചനും നേതൃത്വം നൽകും.

പാറേൽ പള്ളി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹകരിച്ച എല്ലാ അച്ചന്മാർക്കും അഭി. പിതാവും ബ. റെജി പുതുവീട്ടിൽക്കളം അച്ചനും നന്ദി പറഞ്ഞു. സിസ്റ്റേഴ്സിനു വേണ്ടി നടത്തു Eccelesia Ongoing Formation ൽ ആയിരത്തോളം ബ. സിസ്റ്റേഴ്സ് സംബന്ധിച്ചു. പുതിയപുസ്തകങ്ങൾ തയ്യാറാക്കിയ കാളാശ്ശേരിയച്ചൻ, കൊച്ചുപറമ്പിലച്ചൻ, ആലഞ്ചേരിലച്ചൻ എിവരെ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് അഭിനന്ദിച്ചു.

തുടർന്ന് ദീപിക, കാവുകാട്ടു മ്യൂസിയം, എ.കെ.സി.സി, പള്ളിയ്ക്കുള്ളിൽ ഷൂട്ടിങ് നടത്തുന്നത് സംബന്ധിച്ച്, അന്യസംസ്ഥാന തൊഴിലാളി മിനിസ്ട്രി, പ്രവാസി മിനിസ്ട്രി, പാറേൽപള്ളി നിർമ്മാണപ്രവർത്തനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ചർച്ച നടന്നു. തുടർന്ന് ടോം ഉഴുന്നാലിലച്ചൻ തന്റെ അനുഭവങ്ങൾ വൈദികസമൂഹത്തോട് പങ്കുവച്ചു.

തുടർന്ന്, ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന 17 ശെമ്മാശന്മാർ തങ്ങളെത്തന്നെ പരിചയപ്പെടുത്തുകയും തിരുപ്പട്ടസ്വീകരണ ശുശ്രൂഷകളിലേയ്ക്ക് ബഹുമാനപ്പെട്ട അച്ചന്മാരെ ക്ഷണിക്കുകയും പ്രാർത്ഥന അഭ്യർത്ഥിക്കുകയും ചെയ്തു.

പെ. ബ. ചാൻസിലറച്ചന്റെ നന്ദിപ്രകാശനത്തിനു ശേഷം പ്രാർത്ഥനയോടെ വൈദികസമ്മേളനം അവസാനിച്ചു.

## XIV PASTORAL COUNCIL
**ARCHEPARCHY OF CHANGANACHERRY**

**പാസ്റ്ററൽ കൗൺസിൽ സമ്മേളനം**

**2018 ജനുവരി 27 ശനി**

പ്രിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേ,

**പുതുവത്സരാശംസകൾ!**

പതിനാലാമത് പാസ്റ്ററൽ കൗൺസിലിന്റെ സമ്മേളനം 2018 ജനുവരി 27-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ അതിരൂപതാ ആസ്ഥാനത്തുള്ള മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്നതാണ്. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കുന്ന ഈ സമ്മേളനത്തിലേയ്ക്ക് എല്ലാ അംഗങ്ങളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. യോഗത്തിൽ പ്രമേയങ്ങൾ/ ചോദ്യങ്ങൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നവർ ആയത് ജനുവരി 23-ാം തീയതിക്കുമുമ്പായി സെക്രട്ടറിയുടെ പക്കൽ ഏൽപ്പിക്കേണ്ടതാണ്. സമ്മേളനത്തിൽ എല്ലാവരുടെയും സജീവമായ സാന്നിദ്ധ്യം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)
**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

## BIBLE STUDY FORUM FOR PRIESTS

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at the Spirituality Centre, Manganam, on 16th January 2018. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr Mathew Vellanickal**



# അനുസ്മരണം

## റവ. ഫാ. മാത്യു മേപ്രത്ത്

**(1933-2017)**

ആലപ്പുഴ തത്തംപള്ളി സെന്റ് മൈക്കിൾസ് ഇടവകാംഗമായ മേപ്രത്ത് ജോസഫിന്റെയും മേരിയുടെയും മകനായി 1933 നവംബർ 13-ാം തീയതി മാത്യു ജനിച്ചു. അൻപത്തിരണ്ട് വർഷത്തെ സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷയുടെ മായാത്ത മുദ്രകൾ ചാർത്തി എൺപത്തിനാലാമത്തെ വയസ്സിൽ അദ്ദേഹം സ്വർഗ്ഗീയ സമ്മാനം നേടുവാനായി വിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ദീപ്തസ്മരണകൾക്കു മുമ്പിൽ ചങ്ങനാശേരി അതിരൂപതയുടെ പ്രണാമം.

പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും ആലപ്പുഴയിൽ നിർവ്വഹിച്ചശേഷം കുടുംബത്തിന്റെ സാമ്പത്തിക ഭാരം ഏറ്റെടുക്കേണ്ടി വന്ന അദ്ദേഹം ഫെഡറൽ ബാങ്ക് ജീവനക്കാരനായി ഔദ്യോഗികജീവിതം ആരംഭിച്ചു. വൈകാതെ തന്റെ സമർപ്പിതജീവിതത്തിലേക്കുള്ള വിളി തിരിച്ചറിഞ്ഞ് പാറേൽ പെറ്റി സെമിനാരിയിൽ ചേർന്നു. മംഗലപ്പുഴ സെമിനാരിയിലെ തത്വശാസ്ത്ര ദൈവശാസ്ത്രപഠനങ്ങൾക്കു ശേഷം 1965 മാർച്ച് 15 ന് ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു.

കാവാലം സെന്റ് തെരേസാസ്, കാഞ്ഞിരപ്പള്ളി ഫൊറോനാപള്ളി, കല്ലാർ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായും മണലാടി, പള്ളിക്കൂട്ടുമ്മ, കുമരങ്കരി, കുളത്തൂർ, കേസറിയാ, കരുവാറ്റ, വേഴപ്രാ, ഇത്തിത്താനം, വടക്കേക്കര, മല്ലപ്പള്ളി, കൈതവന, ആറാട്ടുവഴി എന്നിവിടങ്ങളിൽ വികാരിയായും മേപ്രത്തച്ചൻ തന്റെ അജപാലന ശുശ്രൂഷാ നിർവ്വഹണം നടത്തി.

തന്റെ ശുശ്രൂഷകൾക്കു ഏല്പിക്കപ്പെട്ട ഇടങ്ങളിലെ നാനാജാതി മതസ്ഥരുടെ ഉന്നമനത്തിനുവേണ്ടിയും നാടിന്റെ പുരോഗതിക്കുവേണ്ടിയും കഠിനാദ്ധ്വാനം നടത്തിയ ഒരു സാമൂഹ്യപ്രവർത്തകൻ കൂടിയായിരുന്നു മേപ്രത്തച്ചൻ. സർക്കാർ സ്ഥാപനങ്ങളിൽ കയറിയിറങ്ങി പൊതുജനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ അശ്രാന്തപരിശ്രമം അദ്ദേഹം നടത്തി. ചെരിപ്പ് ഉപേക്ഷിച്ചും പ്രതിഷേധ ശബ്ദമുയർത്തിയും വേദനിക്കുന്നവനൊപ്പമാകാൻ ധീരസമരമുഖങ്ങളെ അദ്ദേഹം തന്നിൽ സന്നിവേശിപ്പിച്ചു. കുളത്തൂർമൂഴി പാലവും വേഴപ്രാ

ദൈവാലയവും കേസറിയാ, കുമരങ്കരി വെളിയനാട് തുടങ്ങിയ സ്ഥലങ്ങളുടെ വികസനവും അദ്ദേഹത്തിന്റെ കാഴ്ചപ്പാടിന്റെ ഫലങ്ങളാണ്.

വൈദികസമൂഹത്തോടും ദൈവജനത്തോടും ഹൃദയബന്ധം പുലർത്തിയ അജപാലകനായിരുന്നു അദ്ദേഹം. “എന്റെ പ്രിയപ്പെട്ട വൈദികസഹോദരാ” എന്ന സ്വതസിദ്ധമായ വിളി വൈദകരോടുള്ള അദ്ദേഹത്തിന്റെ ആത്മബന്ധത്തിന്റെ പ്രകാശനമായിരുന്നു. ദൈവജനത്തിന്റെ ഭവനങ്ങൾ കയറിയിറങ്ങിയും അവരുടെ ആവശ്യങ്ങളിൽ ഇടപെട്ടും അവർക്കുവേണ്ടി ജീവിച്ച മനുഷ്യസ്നേഹിയായിരുന്നു മേപ്രത്തച്ചൻ.

സഭാധികാരികളോട് നൂറുശതമാനം വിധേയത്വം പുലർത്തിയിരുന്ന അദ്ദേഹം നിശ്ചയദാർഢ്യത്തിന്റെയും അസാമാന്യ ധീരതയുടെയും ആത്മാർത്ഥതയുടെയും ആൾരൂപമായിരുന്നു. വൈദിക സമ്മേളനങ്ങളിൽ വൈദികരുടെ ക്ഷേമത്തിനുവേണ്ടി തീവ്രമായി ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരാളായിരുന്നു അദ്ദേഹം. ഏറെ സൗഹൃദവും ഒപ്പം നർമ്മവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. ദീർഘകാലം രോഗത്തിന്റെ അവശതകൾക്കിടയിലും അതിരൂപതയുടെ പൊതുപരിപാടികളിൽ ഭാഗഭാക്കാകാനും ബന്ധങ്ങൾ ഉറപ്പിക്കാനും അദ്ദേഹം കാണിച്ച ഔത്സുക്യം അനുകരണീയവും ആദരവ് അർഹിക്കുന്നതുമാണ്.

സ്വന്തം വീടും സ്ഥലവും നല്ലയിടയന്റെ ഫ്രാൻസിസ്കൻ സന്യാസിനീ സമൂഹത്തിനു കൈമാറി, തന്റെ വിശ്രമജീവിതത്തിന്റെ സിംഹഭാഗവും ബഹു. സിസ്റ്റേഴ്സിന്റെ നിർലോപമായ സ്നേഹവും പരിചരണങ്ങളും ഏറ്റുവാങ്ങി അദ്ദേഹം പ്രാർത്ഥനയുടെ അലൗകികമായ ശക്തിയും സാമീപ്യവും അനുഭവിച്ച് അവസാനനാളുകളെ സ്വീകരിക്കാൻ ദൈവം ഇടവരുത്തി. 2017 നവംബർ 3-ാം തീയതി അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ത്യാഗസുരഭിലവും സ്നേഹനിർഭരവുമായ ആ ധന്യജീവിതത്തിന്റെ നന്മകൾ അനുഭവിക്കാൻ ഭാഗ്യം ലഭിച്ച ഇടവകജനങ്ങൾക്കും സന്യാസിനികൾക്കുമൊപ്പം അദ്ദേഹത്തിന്റെ വേർപാടിന്റെ ദുഃഖസ്മരണകളിൽ ചങ്ങനാശേരി വൈദികസമൂഹവും ഒന്നടങ്കം പങ്കുചേരുന്നു. വിജയത്തിന്റെ വാടാത്ത കിരീടം മിശിഹാതമ്പുരാൻ അദ്ദേഹത്തിൽ ചാർത്തട്ടെയെന്നു പ്രാർത്ഥിക്കുന്നു, നിത്യശാന്തി നേരുന്നു.

**ഫാ. മാത്യു ജെ. ഓടലാനി**

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**സഭാ വക്താവിന്റെ സന്ദർശനം**

സീറോമലബാർ സഭാ വക്താക്കളുടെ സമിതി അംഗമായ റവ. ഡോ. ഏബ്രഹാം കാവിൽ പുരയിടം ഡിസംബർ 13-ാം തീയതിയിൽ നടന്ന അതിരൂപതാ പി.ആർ-ജാഗ്രതാസമിതി യോഗത്തിൽ സംബന്ധിച്ചു. മലബാർ മേഖലയിലെ കാർഷിക പ്രതിസന്ധികളും കുടിയിറക്ക് ഭീഷണിയും സഭയും സമുദായവും നേരിടുന്ന വെല്ലുവിളികളും അദ്ദേഹം പങ്കുവെച്ചു. കൂടാതെ വിശ്വാസ വിഷയങ്ങളും, സാമുദായിക, സാമൂഹിക, സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും സമിതി അംഗങ്ങളുമായി അദ്ദേഹം സംവദിച്ചു. ചങ്ങനാശേരി അതിരൂപത പി.ആർ.-ജാഗ്രതാസമിതി പ്രവർത്തനങ്ങളെയും അതിരൂപത പൊതുവിൽ സഭയ്ക്കു നല്കുന്ന നേതൃത്വത്തെയും അദ്ദേഹം പ്രശംസിച്ചു.

**പ്രതികരണങ്ങൾ**

ആഗോളകത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ ഫ്രാൻസിസ് മാർപാപ്പായുടെ ഭാരത സന്ദർശനത്തിന് അനുമതി നല്കാതിരുന്ന കേന്ദ്രസർക്കാർ നിലപാട് ഖേദകരമാണെന്നും, മാർപാപ്പായുടെ ദക്ഷിണേന്ത്യൻ യാത്രയിൽ ഇന്ത്യ ഉൾപ്പെടാതെപോയത് കേന്ദ്രസർക്കാരിന്റെ താല്പര്യകുറവ് മൂലമാണെന്നും, ഫ്രാൻസിസ് മാർപാപ്പായുടെ ഭാരത സന്ദർശനത്തിന് കാലവിളമ്പം കൂടാതെ അവസരമൊരുക്കണമെന്നും ജാഗ്രതാ സമിതി കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

മധ്യപ്രദേശിലെ സത്നാ പോലീസ് സ്റ്റേഷനിൽ വൈദികരേയും വൈദിക വിദ്യാർത്ഥികളെയും തടഞ്ഞുവച്ച് മർദ്ദിക്കുകയും, അവരെ സന്ദർശിക്കാനെത്തിയ വൈദികരുടെ വാഹനം കത്തിക്കുകയും ചെയ്ത നടപടികൾ അപലപനീയമാണെന്നും ജാഗ്രതാസമിതി വിലയിരുത്തുകയും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

**ഓർമ്മച്ചെപ്പ് സമ്മാനിച്ചു**

അഭി. മാർ തോമസ് തറയിൽ പിതാവിന്റെ ബാല്യകാലം മുതൽ നാളിതുവരെയുള്ള ചിത്രങ്ങൾ കോർത്തിണക്കി ഓർമ്മച്ചെപ്പ് എന്ന ഫോട്ടോ ആൽബം അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി അഭി. മാർ തോമസ് തറയിൽ പിതാവിന് സമ്മാനിച്ചു. ഡിസംബർ 22-ാം തീയതിയിൽ അതിരൂപതാ കേന്ദ്രത്തിൽ നടന്ന യോഗത്തിൽ പി.ആർ, സമിതി പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും ക്രിസ്മസ്സ് സന്ദേശവും പിതാവ് നൽകി.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഓ

**ഫാ. ആന്റണി തലച്ചല്ലൂർ**
കോഡിനേറ്റർ

# പ്രവാസി അപ്പസ്തോലേറ്റ്

സ്നേഹമുള്ള പ്രവാസി കുടുംബാംഗങ്ങളെ,

പുതുവർഷത്തിന്റെ മംഗളങ്ങൾ നേരുന്നതോടൊപ്പം ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിശ്വാസത്തിലുറച്ച വിശുദ്ധ ജീവിതം ഈശോ യമിശിഹായിൽ തുടരുവാൻ ഈ പുതിയ വർഷത്തിൽ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

2017 ഡിസംബർ 19-ാം തീയതി ചൊവ്വാഴ്ച നടത്തപ്പെട്ട പ്രവാസി അപ്പ സ്തോലേറ്റ് ഫൊറോന ഡയറക്ടർ അച്ചന്മാരുടെയും ഫൊറോന കൗൺസിൽ അംഗങ്ങളുടെയും സംയുക്ത മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് ഫൊറോന ഡയറക്ടർ അച്ചന്മാർക്കും അതിരൂപതാ, ഫൊറോനാ എക്സിക്യൂ ട്ടീവ് അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

പെരിയ ബഹു. ജോസഫ് മുണ്ടകത്തിലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് പ്രവാസി അപ്പസ്തോലേറ്റിന്റെ നൂതന സംരംഭമായ Marian Venture ന്റെ (Tourism Ministry-യുടെ) ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഷെവ. സിബി വാണിയ പ്പുരയ്ക്കൽ, ജോസഫ് സെബാസ്റ്റ്യൻ പത്തിൽ, ജോസ് കളരിയ്ക്കൽ, തങ്ക ച്ചൻ പൊൻമാങ്കൽ, ജെയിംസ് അരീക്കുഴി, സോജൻ കിഴക്കേവീട്, മാത്യു മന യത്തുശ്ശേരി, ടോമിച്ചൻ മേപ്പുറത്ത്, ലൈസാമ്മ ജോസ്, ഏലിയാമ്മ മാത്യു തുട ങ്ങിയവർ സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

* സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ സഹായിക്കാ നുള്ള പദ്ധതിയിൽ പ്രവാസി അപ്പസ്തോലേറ്റിനുള്ള സഹായവാഗ്ദാന വുമായി ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ Botswana രാജ്യത്ത് പ്രൊഫഷ ണൽ കോളേജ് നടത്തുന്ന ഡോ. ആന്റണി പാറത്തോട് സമ്മേളനത്തിൽ അഭിസംബോധന ചെയ്തു.

* "Let us love not with words but with deeds" എന്ന് ആഹ്വാനവുമായി പരി ശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ച The World Poor day യുടെ ഭാഗ മായി പ്രവാസി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ 500 പാവപ്പെട്ട കുടും ബങ്ങൾക്ക് അരി വിതരണം ചെയ്യുന്നു. (10 കിലോ അരി, ഒരു കിലോ വീതം പയർ, പഞ്ചസാര) പാവങ്ങൾക്കുള്ള അരിയും മറ്റ് ഭക്ഷണ പദാർത്ഥ ങ്ങളും നല്കിയ കുടുംബങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

നമ്മുടെ കർത്താവിന്റെ പിറവിതിരുനാളിന്റെയും പുതുവർഷത്തിന്റെയും അനുഗ്രഹങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഈ നാളുകൾ സന്ദേശനിലയം വലിയൊരു വേർപാടിന്റെ ദു:ഖത്തിലാണ്. നമുക്കേവർക്കും പ്രിയങ്കരനായിരുന്ന അതിരൂപതാ മതബോധന സെക്രട്ടറിയും സന്ദേശനിലയം സ്റ്റാഫുമായിരുന്ന ബഹു. ജോസ് ഫിലിപ്പ് മേടയിൽ സാറിന്റെ വിയോഗം നമ്മെയേവരെയും ദു:ഖത്തിലാഴ്ത്തുകയുണ്ടായി. കുറച്ചു നാളുകളായി അദ്ദേഹം രോഗബാധിതനായിരുന്നു. എങ്കിലും 2017 ഡിസംബർ 7-നുണ്ടായ അദ്ദേഹത്തിന്റെ നിര്യാണം ആകസ്മികമായിരുന്നുവെന്നു പറയാം.

സീറോമലബാർസഭയുടെ മതബോധനപ്രേഷിതത്വത്തിന് അതുല്യമായ സംഭാവനകൾ നല്കിയാണ് ജോസ് ഫിലിപ്പ് സാർ കടന്നുപോയത്. ചങ്ങനാശേരി അതിരൂപതയുടെ മതബോധനപ്രവർത്തനങ്ങൾക്ക് ക്രിയാത്മകമായ ഒരു മുഖം നല്കുന്നതിലും, സീറോമലബാർസഭാ പാരമ്പര്യത്തിലധിഷ്ഠിതമായ ഒരു മതബോധന പരിശീലനശൈലി അതിരൂപതയിൽ രൂപപ്പെടുത്തുന്നതിനും ജോസ് ഫിലിപ്പ് സാർ കാലാകാലങ്ങളിലുള്ള ഡയറക്ടർമാരോടൊപ്പം തീക്ഷ്ണതയോടെ പ്രവർത്തിച്ചു. 1980 മുതൽ നീണ്ട 37 വർഷക്കാലം അതിരൂപതാ മതബോധനകേന്ദ്രമായ സന്ദേശനിലയത്തിൽ മതബോധന സെക്രട്ടറിയായും, മതാധ്യാപക പരിശീലകനായും തന്റെ ദൗത്യം വിജയകരമായി അദ്ദേഹം നിർവ്വഹിച്ചു. സർവ്വോപരി ഒരു തികഞ്ഞ അല്മായ പ്രേഷിതനായിരുന്നു മേടയിൽ സാർ. 'വിശ്വാസോത്സവം' വേർഡ് & മീഡിയ തുടങ്ങി അദ്ദേഹം ചിട്ടപ്പെടുത്തിയ പരിശീലന പരിപാടികൾ നിരവധിയാണ്. സന്ദേശനിലയത്തിലൂടെ അദ്ദേഹം നമ്മുടെ വിശ്വാസപരിശീലനരംഗത്തിന് നല്കിയ നിരവധിയായ സുകൃതങ്ങളെ, സംഭാവനകളെ നന്ദിപൂർവ്വം നമുക്കനുസ്മരിക്കാം. ബഹുമാനപ്പെട്ട സാറിന്റെ കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സാറിന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിക്കുകയും ചെയ്യാം.

ഡിസംബർ 9-ാം തീയതി നടന്ന ജോസ് ഫിലിപ്പ് സാറിന്റെ സംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കന്മാർക്കും, എല്ലാ മതബോധനശുശ്രൂഷകർക്കും, വൈദികർക്കും, സിസ്റ്റേഴ്സിനും സന്ദേശനിലയത്തിന്റെ പേരിൽ കൃതജ്ഞതയർപ്പിക്കുന്നു. ബഹുമാനപ്പെട്ട സാർ തുറന്നിട്ട വിശ്വാസപരിശീലനശൈലികൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകട്ടെ.

ഇനി ഓർമ്മിക്കാനും, ഓർമ്മിപ്പിക്കാനും ചില കാര്യങ്ങൾ : ഭാവി വിശ്വാസ പരിശീലകരെ രൂപപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സംഘടിപ്പിക്കുന്ന സാൾട്ട് & ലൈറ്റ് പരിശീലക പരിപാടി 2018 ജനുവരി 12, 13, 14 തീയതികളിൽ കുന്നന്താനത്തുവച്ച്.

ജനുവരി 26 - മതാധ്യാപക കൺവൻഷൻ എസ്. ബി. കോളേജിൽ വച്ച്.

എല്ലാ മതാധ്യാപകരേയും പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുക.

നമ്മുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാകട്ടെ. പുത്തൻവർഷം പുതുതാക്കുന്ന പ്രവർത്തനങ്ങളാൽ സമ്പന്നമാകട്ടെ.

ഏവർക്കും ദനഹാതിരുനാളിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്.

**ജോബിയച്ചൻ**

**ജോസിയച്ചൻ**

**2018 ജനുവരി**

1 തിങ്കൾ : ഈശോയുടെ നാമകരണത്തിരുനാൾ

2 ചൊവ്വ : CLT ക്ലാസ്സ്, MCC Class

6 ശനി : **ദനഹാത്തിരുനാൾ,** കടമുള്ള ദിവസം (ഓഫീസ് അവധി)

13 ശനി : CLT ക്ലാസ്സ്, MCC Class

20 ശനി : CLT ക്ലാസ്സ്

26 വെള്ളി : **മതാദ്ധ്യാപക കൺവൻഷൻ**
വി. സുവിശേഷകന്മാർ, ഇന്ത്യൻ റിപ്പബ്ളിക് ദിനം

**2018 ഫെബ്രുവരി**

3 ശനി : CLT ക്ലാസ്സ്

4 ഞായർ : **സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ**

**പ്രത്യേകശ്രദ്ധയ്ക്ക്**

2017-18 ലെ രണ്ടാം ടേം പരീക്ഷ ഫെബ്രുവരി 4-ാം ഞായറാഴ്ച നടത്തപ്പെടുന്നതാണ്. 1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് 11 മുതൽ 1 മണിവരെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് 2.00 മുതൽ 4.00 മണിവരെയും പരീക്ഷകൾ നടത്തപ്പെടുന്നതാണ്. ഈ പരീക്ഷ 50 മാർക്കിലായിരിക്കും. രണ്ടാം ടേമിലെ പരീക്ഷകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 16, 17 കാണുക. കുട്ടികളുടെ വിഹിതവും മതബോധനഫണ്ടും നല്കാനുള്ളവർ എത്രയുംവേഗം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

**Salt & Light Jan. 12th 5.00 pm to 14th 3.30 pm**

വിശ്വാസപരിശീലന മേഖലയിൽ കൂടുതൽ ഉണർവേകുക എന്ന ലക്ഷ്യത്തോടെ ഭാവി വിശ്വാസപരിശീലകരെ രൂപപ്പെടുത്തുന്ന ഒരു പരിശീലനകളരിക്ക് സന്ദേശനിലയം രൂപം നല്കുന്നു. 2017-18 മതബോധനവർഷം ഹയർകോഴ്സ് പരിശീലനം പൂർത്തീകരിക്കുന്ന കുട്ടികളിൽ നിന്നും സൺഡേസ്കൂൾ മതാദ്ധ്യാപകരാകാൻ താല്പര്യവും യോഗ്യതയുമുള്ളവർക്കായി സന്ദേശനിലയം ഒരുക്കുന്ന മതബോധനാത്മക ത്രിദിന വിശ്വാസപരിശീലക ശില്പശാലയാണ് സാൾട്ട് & ലൈറ്റ്.

ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അധ്യാപകരുമായി ആലോചിച്ച് ഇപ്രകാരമുള്ള കുട്ടികളെ തിരഞ്ഞെടുക്കുക. ഈ മതബോധനവർഷം 12-ാം ക്ലാസ്സ്

പൂർത്തീകരിക്കുന്നവരായിരിക്കണം. വരും വർഷങ്ങളിൽ ഇടവകയിൽ അധ്യാപകരായി സേവനം ചെയ്യാൻ സന്നദ്ധതയുള്ളവരും, കഴിവുമുള്ളവരായിരിക്കണം. 12-ാം ക്ലാസ്സിന് ഓരോ ഡിവിഷനുകൾ ഉള്ള സൺഡേസ്കൂളിൽ നിന്ന് ഒരാൾക്കും ഒന്നിലധികം ഡിവിഷനുകളുള്ള സൺഡേസ്കൂളുകളിൽ നിന്ന് രണ്ടുപേർക്കും ഈ ക്യാമ്പിൽ പങ്കെടുക്കാം. രജി. ഫീസ് 1000 രൂപയായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് ക്യാമ്പിൽ പങ്കെടുക്കുവാൻ അനുവാദമുള്ളത്. നിശ്ചിത തീയതിക്കകം മുൻകൂട്ടി രജിസ്റ്റർ ചെയ്യുമ്പോൾ കുട്ടികൾക്കായി നല്കുന്ന ചോദ്യാവലി പൂരിപ്പിച്ച് നല്കുന്നവരെ മാത്രമേ ക്യാമ്പിൽ പങ്കെടുപ്പിക്കുകയുള്ളൂ. ഈ പ്രോഗ്രാമിനെ സംബന്ധിക്കുന്ന ഒരു പോസ്റ്റർ എല്ലാ സൺഡേസ്കൂളുകളിലും എത്തിക്കുന്നതാണ്. അതിൽ നിന്നും കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാം. സംശയ നിവാരണങ്ങൾക്കായി സന്ദേശ നിലയം ഓഫീസിലേയ്ക്ക് വിളിക്കാം. 0481 - 2411912. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചായിരിക്കും ഈ ക്യാമ്പ് നടക്കുന്നത്.

**അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ - കെരിഗ്മ 2018 (2018 ജനുവരി 26)**

അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ 2018 ജനുവരി 26 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ച കഴിഞ്ഞ് 3.30 വരെ ചങ്ങനാശേരി എസ്. ബി.കോളേജിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതയിലെ മികച്ച അദ്ധ്യാപകർക്കുള്ള നടയ്ക്കൽ പുരസ്കാര ജേതാക്കളെയും മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെയും സമ്മേളനത്തിൽ ആദരിക്കുന്നതാണ്. അതിരൂപതയിലെ മുഴുവൻ അദ്ധ്യാപകരും കൺവൻഷനിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുക. രജി ഫീസ്. 80 രൂപ. പങ്കെടുക്കുന്ന അധ്യാപകരുടെ കൃത്യമായ എണ്ണം ജനുവരി 6 നു മുമ്പായി സന്ദേശനിലയത്തിലോ സന്ദേശനിലയം വെബ്സൈറ്റിലോ രജിസ്റ്റർ ചെയ്യുക.

**നടയ്ക്കൽ പുരസ്കാരം**

സന്ദേശനിലയത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് മതാധ്യാപകർക്ക് നടയ്ക്കൽ പുരസ്കാരം നല്കുകയുണ്ടായല്ലോ. സന്ദേശനിലയത്തിന്റെ സ്ഥാപക ഡയറക്ടറായിരുന്ന ബഹു.മാത്യു നടയ്ക്കലച്ചന്റെ സ്മരണ നിലനിർത്തുന്നതിനായിട്ടാണ് ഈ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. **4-ാമത് നടയ്ക്കൽ പുരസ്കാരം** 2018 ജനുവരി 26ന് നടക്കുന്ന അതിരൂപത മതാധ്യാപക കൺവൻഷനിൽ വച്ചാണ് നല്കപ്പെടുക. മതബോധനരംഗത്ത് മാതൃകാപരമായ സേവനം കാഴ്ചവയ്ക്കുന്ന **ഒരു അധ്യാപകൻ, ഒരു അധ്യാപിക, ഒരു സിസ്റ്റർ** എന്നിങ്ങനെ മൂന്നു പേർക്കായിരിക്കും നടയ്ക്കൽ പുരസ്കാരം നല്കുക. പുരസ്കാരം നല്കുന്നതിന് അധ്യാപകരെ നാമനിർദ്ദേശം നല്കുന്നതിലേക്ക് ബഹു. വൈദികരുടെ/സൺഡേസ്കൂൾ അദ്ധ്യാപകരുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുകയാണ്.

ചങ്ങനാശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന ബഹു. ഇടവക വികാരിയച്ചന്മാർക്കും, സൺഡേസ്കൂൾ ഡയറക്ടർമാർക്കും, മറ്റു വൈദീകർക്കും സൺഡേസ്കൂൾ അധ്യാപകർക്കും പുരസ്കാരത്തിന് യോഗ്യരായ അതിരൂപ

തയിലെ ഏതൊരു സൺഡേസ്കൂൾ അധ്യാപകനെയും നടയ്ക്കൽ പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

- മൂന്നു വിഭാഗത്തിലും ഒരാളെ വീതം ഏതൊരു സൺഡേസ്കൂളിൽ നിന്നും നോമിനേറ്റു ചെയ്യാവുന്നതാണ്.
- **നിശ്ചിതഫോമിൽ നോമിനേഷനുകൾ 2018 ജനുവരി 6 – നകം സന്ദേശനിലയത്തിൽ നല്കേണ്ടതാണ്.**
- നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. മതാധ്യാപകനായി കുറഞ്ഞത് 15 വർഷം സർവ്വീസും 40 വയസ്സിൽ കുറയാത്ത പ്രായവും ഉണ്ടായിരിക്കണം.

2. സർവ്വീസ് പരിഗണിക്കുമ്പോൾ സീറോമലബാർ സഭയിലെ സൺഡേസ്കൂളുകളിൽ കുറഞ്ഞത് 15 വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണം. ആയതിൽ 10 വർഷത്തെ തുടർച്ചയായ സർവ്വീസ് ചങ്ങനാശേരി അതിരൂപതയിലെ സൺഡേസ്കൂളുകളിൽ നിന്നായിരിക്കണം. ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

3. ചങ്ങനാശേരി അതിരൂപതയിലെ മതാധ്യാപകനുണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കണം.

4. ദൈവശാസ്ത്ര മതബോധന സംബന്ധമായ കോഴ്സുകളിലുള്ള പങ്കാളിത്തം

5. സൺഡേസ്കൂൾ രംഗത്ത് ഇടവക ഫൊറോന, അതിരൂപത തലങ്ങളിലുള്ള സജീവ ഭാഗഭാഗിത്വം.

6. മതബോധനരംഗത്തെ പ്രത്യേക സംഭാവനകൾ.

◆ നാമനിർദ്ദേശത്തിനായുള്ള ഫോമുകൾ സന്ദേശനിലയം ഓഫിസിൽ ലഭ്യമാണ്. കൂടാതെ

www. sandesanilayam.org എന്ന സൈറ്റിലും ലഭിക്കുന്നതാണ്.

നോമിനേറ്റ് ചെയ്യപ്പെടുന്ന അധ്യാപകരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന നടയ്ക്കൽ പുരസ്കാരത്തിനായുള്ള നാമനിർദ്ദേശപത്രം പൂരിപ്പിച്ച് നിശ്ചിത ദിവസത്തിനു മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കുവാൻ ശ്രദ്ധിക്കണമെ.

**ആദരാഞ്ജലികൾ**

ഫാത്തിമാപുരം ഫാത്തിമമാതാ സൺഡേസ്കൂൾ അധ്യാപിക സി. റോസ്‌ലിൻ ചൂരപ്പുഴയുടെ മാതാവിന്റെയും കൂളത്തൂർ ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. എം. സി. വർഗ്ഗീസ് മുതലക്കാവിലിന്റെ സഹോദരന്റെയും എടത്വാ സെന്റ് ജോർജ്ജ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. റ്റെസി സാബുവിന്റെ മാതാവിന്റെയും സെന്റ് ജോർജ്ജ് സൺഡേസ്കൂൾ അധ്യാപിക സി. സോഫിയ സി.എം.സി. യുടെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

പുതുവർഷത്തിന്റെ എല്ലാവിധ ആശംസകളും ദൈവാനുഗ്രഹങ്ങളും സ്നേഹപൂർവ്വം നേരുകയാണ്. ദൈവത്തിന്റ അനന്തകാരുണ്യം അനുഭവിച്ചറിഞ്ഞ നാളുകളാണ് നമ്മെ കടന്നുപോയത്. ഉത്സാഹത്തോടും തീക്ഷ്ണതയോടുംകൂടെ സംഘടനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്രകൃതി ദുരന്തങ്ങളാലും പകർച്ചാവ്യാധികളാലും വേദനയനുഭവിക്കുന്നവർക്കും മരണം മൂലം നമ്മിൽ നിന്നും വേർപിരിഞ്ഞുപോയവരുമായ നമ്മുടെ സഹോദരങ്ങൾക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. കുഞ്ഞുമിഷനറിമാർ തങ്ങളുടെ ചെറിയ സമ്പാദ്യങ്ങൾ വഴി ദുരിതബാധിതരെ സഹായിക്കുവാൻ തയ്യാറാകുമല്ലോ. അതാതു ശാഖകളിൽ മിഷൻലീഗിന്റെ നേതൃത്വത്തിൽ അത്തരത്തിലുള്ള കാരുണ്യപ്രവർത്തനങ്ങൾ നടത്തുവാൻ ഓർമ്മിപ്പിക്കുന്നു.

ജനുവരി 20-ാം തീയതി നടക്കുന്ന മിഷൻ എലൈവ് മത്സരത്തിലേയ്ക്ക് ഏവരേയും ക്ഷണിക്കുന്നു. മിഷൻ ആന്തം, എക്ലേസിയ ക്വിസ് മത്സരങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളോടെ, പുത്തൻ ഉണർവോടെ കർമ്മമണ്ഡലങ്ങളിൽ വ്യാപരിക്കാം. രക്ഷകനായ ഈശോമിശിഹായുടെ കൃപയും സമാധാനവും പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

നിങ്ങളുടെ

**ജോബിയച്ചൻ**
**ജോസിയച്ചൻ**

## അറിയിപ്പുകൾ

**2018 ജനുവരി**

1 തിങ്കൾ : പുതുവർഷാരംഭം
ദൈവമാതൃത്വ തിരുനാൾ

3 ബുധൻ : വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ,
സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം

6 ശനി : ദനഹാതിരുനാൾ, കടമുള്ള ദിവസം (ഓഫീസ് അവധി)

13 ശനി : വി. സ്നാപകയോഹന്നാൻ

19 വെള്ളി : വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ

20 ശനി : മിഷൻ എലൈവ് അതിരൂപതാതല മത്സരം

**ഫെബ്രുവരി**

4 ഞായർ **: സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ**

9 വെള്ളി : സകല മരിച്ചവരുടെയും ഓർമ്മ

11 ഞായർ : തിരുബാലസഖ്യദിനം

12 തിങ്കൾ : 50 നോമ്പാരംഭം

**ഫാ. മാലിപ്പറമ്പിൽ മെമ്മോറിയൽ മിഷൻ എലൈവ്**

ജനുവരി 20-ാം തീയതി നടക്കുന്ന മിഷൻ എലൈവിനായി കുട്ടികളെ തയ്യാറാക്കി വിടുമല്ലോ. മിഷൻ എലൈവ് വിഷയം "**മാമ്മോദീസാ സ്വീകരിച്ച് സഭയിലെ അംഗങ്ങളായ എല്ലാവരും പ്രേഷിതരാണ്**". പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി എല്ലാവർഷവും നടത്തിവരുന്ന അതിരൂപതാതല മിഷൻ എലൈവ് മത്സരം ജനുവരി 20 ശനിയാഴ്ച രാവിലെ 9.30 ന് സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ജനുവരി 14നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഓരോ ടീമിനും 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. ഉച്ചഭക്ഷണം ആവശ്യമുളളവർ 60 രൂപ നല്കി മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**സീറോമലബാർ പ്രേഷിതവാരം-2018 ജനുവരി 6 മുതൽ 12 വരെ**

സീറോമലബാർ സഭാംഗങ്ങളായ നമുക്കോരോരുത്തർക്കും സഭയുടെ പ്രേഷിതവാരാചരണത്തിൽ പങ്കുചേരുന്നതിനു സഹായകരമായ പ്രാർത്ഥനാകാർഡുകളും പോസ്റ്ററുകളും ഇടവകകളിലെത്തുന്നതാണ്. കുഞ്ഞുമിഷനറിമാർ ഇതൊരു പ്രേഷിതസംരംഭമായി ഏറ്റെടുത്ത് പ്രാർത്ഥനാ കാർഡുകൾ ഭവനങ്ങളിലെത്തിക്കുകയും കാർഡിലെ പ്രാർത്ഥന ചൊല്ലുന്നതിനായി കുടുംബാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

**എക്ളേസികിസ്-മിഷൻആന്ത മത്സരവിജയികൾ**

**2017 ഡിസംബർ 2**

**എക്ലേസിയ ക്വിസ്**

1-ാം സ്ഥാനം: സെന്റ് ജോസഫ്സ് ചമ്പക്കര, 2-ാം സ്ഥാനം: സെന്റ് ജോർജ് എടത്വാ, 3-ാം സ്ഥാനം: സെന്റ് ജോൺസ് വടക്കുംകര

**മിഷൻ ആന്തം**

1-ാം സ്ഥാനം: ഗ്ലോറിയ ഗാർഡൻസ് വടക്കേഅമിച്ചകരി, 1-ാം സ്ഥാനം: സെന്റ് ജോർജ് തോട്ടയ്ക്കാട്, 3-ാം സ്ഥാനം: എസ്.എച്ച്. കരിമ്പനക്കുളം

**അൽഫോൻസാ കാരുണ്യനിധി കൂപ്പൺ നറുക്കെടുപ്പ്**

ഡിസംബർ 17-ാം തീയതി ഞായറാഴ്ച 2.30 ന് അതിരൂപതാ ഓഫീസിൽ വച്ച് കൂപ്പൺ നറുക്കെടുപ്പ് നടത്തി. സമ്മാനാർഹരായവർക്ക് സമ്മാനങ്ങൾ ജനുവരി 25നു ശേഷം അതിരൂപതാ ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

ഒന്നാം സമ്മാനം - ത്രേസ്യാമ്മ കാട്ടാംപള്ളി, ഡോൺ ബോസ്കോ ചെത്തിപ്പുഴ

രണ്ടാം സമ്മാനം - ലിസമ്മ ജോസഫ് 108-ൽ, നർബോനപുരം

മൂന്നാം സമ്മാനം - സോണി മത്തായി ജീമംഗലം, പഴവങ്ങാടി

നാലാം സമ്മാനം - ജെയിംസ് ജോൺ കുളങ്ങര, കൊല്ലാട്

അഞ്ചാം സമ്മാനം-ബീജാമോൾ എം.കെ. ജവഹർനഗർ, കവടിയാർ

ആറാം സമ്മാനം - ക്രിസ് ജെയിംസ് നിലവുന്തറ, വള്ളഞ്ചിറ

101-ാം സമ്മാനം - കെ.വി. പീറ്റർ ആശാംപറമ്പിൽ, മരിയാപുരം

**തിരുത്ത്**

ഡിസംബർ മാസത്തിലെ മദ്ധ്യസ്ഥനിൽ പേജ് 42-ൽ കൊടുത്തിരുന്ന ഒന്നാം ഘട്ട റിപ്പോർട്ട് 2017-18 ലെ മികച്ച യൂണിറ്റുകളിൽ ഒരു തിരുത്തുണ്ട്.

14. തിരുവനന്തപുരം- മദർ തെരേസ കണ്ണമ്മൂല

15. തൃക്കൊടിത്താനം- സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം

16. തുരുത്തി - ഹോളി ഫാമിലി പൊടിപ്പാറ

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹമുള്ള കുടുംബപ്രേഷിതരേ,

ഒരുവർഷം കൂടി നമ്മോടു വിടപറയുകയാണ്. ആയുസ്സിന്റെ പുസ്തകത്തിൽനിന്നും ഒരു അദ്ധ്യായം കൂടി മാറ്റപ്പെട്ടിരിക്കുന്നു. കടന്നുപോയ വർഷം ദൈവം നൽകിയ കൃപകളെ നന്ദിയോടെ ഓർത്തും പ്രവർത്തികളെ വിലയിരുത്തിയും കടന്നുവരുന്ന 2018 നെക്കുറിച്ചുള്ള സുന്ദരസ്വപ്നങ്ങളെ ദൈവകരങ്ങളിലർപ്പിച്ചുകൊണ്ടും നമുക്ക് യാത്ര തുടരാം. 'ഒരു പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനകാര്യം' എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനം (ഗലാ. 6:15) മനസ്സിൽ സൂക്ഷിക്കുക.

കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ മുന്നോട്ട് നയിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. സാക്ഷ്യപേടകം, കലാമത്സരം, വാർഷികം തുടങ്ങിയവ ഭംഗിയാക്കുവാൻ എല്ലാവരും സഹകരിച്ചു. കാവുകാട്ട് ഹാളിൽ 9-ാം തീയതി നടത്തിയ വാർഷികത്തിൽ ഏകദേശം 1500 ഓളം മാതാപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവാണ് വാർഷികം ഉദ്ഘാടനം ചെയ്തത്. സഹകരിച്ച എല്ലാവർക്കും നന്ദി.

പുതുവർഷം എല്ലാവിധത്തിലും ദൈവാനുഗ്രഹപ്രദമായിത്തീരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്.

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം** (അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)

1. **സാക്ഷ്യപേടകം 100 ദിന കർമ്മപദ്ധതി ഏറ്റവും കൂടുതൽ സജീവമായി നടത്തിയ ഫൊറോന: മണിമല ഫൊറോന**

2. **സാക്ഷ്യപേടകം 100 ദിന കർമ്മപദ്ധതി-ബെസ്റ്റ് ഇടവക**

   **ഒന്നാം സമ്മാനം - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ചെറിയവെളിനെല്ലൂർ.**

   **രണ്ടാം സമ്മാനം - ക്രിസ്തുരാജ് ചർച്ച്, കുറ്റിക്കോണം.**

   **മൂന്നാംസമ്മാനം - സെന്റ് തോമസ് ചർച്ച്, നാല്പാത്തിമല.**

3. **സാക്ഷ്യപേടകം 100 ദിന കർമ്മപദ്ധതി കൂടുതൽ സജീവമായി നടത്തിയ മോഡൽ യൂണിറ്റുകൾ.**

1. ക്രിസ്തുരാജ ഫൊറോന ചർച്ച്, ആയൂർ
2. സെന്റ് ജോസഫ് ചർച്ച്, കരുവാറ്റ

3. ലൂർദ്ദ്മാതാ ചർച്ച്, മാമ്മൂട്

4. സെന്റ് സേവ്യേഴ്സ് ഫൊറോന ചർച്ച്, തൃക്കൊടിത്താനം

5. എസ്.എച്ച്. ചർച്ച്, കരിമ്പനക്കുളം

6. സെന്റ് ജോസഫ് ചർച്ച്, കൊണ്ടാക്കൽ

7. സെന്റ് മേരീസ് ചർച്ച്, ഇത്തിത്താനം

8. ഹോളിഫാമിലി ചർച്ച്, പൊടിപ്പാറ

9. സെന്റ് ജൂഡ്, യൂദാപുരം.

10. സെന്റ് മാത്യൂസ് ചർച്ച്, കോട്ടയ്ക്കപ്പുറം

## മാതൃവേദി

**2017 ലെ ബെസ്റ്റ് ഫൊറോന-മണിമല**

**സെക്കന്റ് ബെസ്റ്റ്-കൊല്ലം ആയൂർ**

**മോഡൽ ഫൊറോനകൾ:** തൃക്കൊടിത്താനം, ചങ്ങനാശേരി, തുരുത്തി.

**ബെസ്റ്റ് യൂണിറ്റ്: കേശവദാസപുരം ഗീവർഗീസ് സഹദാ**

**സെക്കന്റ് ബെസ്റ്റ് - ഇത്തിത്താനം സെന്റ് മേരീസ്**

**മോഡൽ യൂണിറ്റ്:** വായ്പ്പൂർ ന്യൂ സെന്റ് ജോസഫ്, കോട്ടയ്ക്കപ്പുറം സെന്റ് മാത്യൂസ്, പാറേൽ സെന്റ് മേരീസ്

## പിതൃവേദി

**ബെസ്റ്റ് ഫൊറോന - തുരുത്തി ഫൊറോന**

**സെക്കന്റ് ബെസ്റ്റ്- മണിമല ഫൊറോന**

**മോഡൽ ഫൊറോനകൾ**

തിരുവനന്തപുരം, പുളിങ്കുന്ന്, കൊല്ലം-ആയൂർ

**ബെസ്റ്റ് യൂണിറ്റ് - കരിമ്പനക്കുളം എസ്.എച്ച്. യൂണിറ്റ്**

**സെക്കന്റ്ബെസ്റ്റ് - പൊടിപ്പാറ ഹോളിഫാമിലി**

**മോഡൽ യൂണിറ്റുകൾ** - കണ്ണാടി സെന്റ് റീത്താസ്, തിരുവനന്തപുരം ലൂർദ്ദ്, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ്.

**കുടുംബജ്യോതി മാസിക**

**ഏറ്റവും കൂടുതൽ മാസിക വരുത്തുന്ന ഇടവക**

**ഒന്നാംസ്ഥാനം:** ഇത്തിത്താനം സെന്റ് മേരീസ്

**രണ്ടാം സ്ഥാനം:** വെരൂർ സെന്റ് ജോസഫ്

**മൂന്നാം സ്ഥാനം:** സെന്റ് ജോസഫ്സ് പുഷ്പഗിരി, തെള്ളകം

**തെക്കൻ മേഖല ഏറ്റവും കൂടുതൽ മാസിക പ്രചരിപ്പിക്കുന്ന ഇടവക**

ലൂർദ്ദ്മാതാ മീൻകുളം, ആനക്കുളം

**ആനുപാതികമായി ഏറ്റവും കൂടുതൽ മാസിക വരുത്തുന്ന ഇടവക.**

1. ലൂർദ്ദ്മാതാ, പുതുശ്ശേരി,
2. കാവാലം, ലിസ്യൂ
3. ഓൾ സെയിന്റ്സ് വിതുര.

**അതിരൂപത പ്രവർത്തനവർഷോദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും**

2018 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും ജനുവരി 27 ശനിയാഴ്ച രാവിലെ 9.30 ന് ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവച്ച് നടത്തുന്നു. അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവാണ് പ്രവർത്തനവർഷോദ്ഘാടനം നടത്തുന്നത്. ഓരോ യൂണിറ്റിലെയും ഭാരവാഹികൾ 10 പേരും ആനിമേറ്റർമാരും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. ഉച്ചഭക്ഷണത്തോടുകൂടി പ്രോഗ്രാം അവസാനിക്കും. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**ദമ്പതീധ്യാനം**

ഫെബ്രുവരി 9,10,11. 9-ാം തീയതി വെള്ളിയാഴ്ച 5 p.m. ന് ആരംഭിച്ച് ഞായറാഴ്ച 4 p.m. ന് അവസാനിക്കുന്നു. സ്ഥലം: പാസ്റ്ററൽ സെന്റർ. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500/- രൂപ.

## വിവാഹ ഒരുക്കധ്യാനം

| 2018 ജനുവരി | 2018 ഫെബ്രുവരി | 2018 മാർച്ച് |
|---|---|---|
| 1,2,3 (Chry) | | |
| 12,13, 14 (Chry) | 5, 6, 7 (Zion) | 5, 6, 7 (Zion) |
| 22, 23, 24 (Zion) | 12, 13, 14 (Zion) | 16, 17, 18 (Zion) |
| 29, 30, 31 (Chry) | | 22, 23, 24 (Chry) |

"Change the world from your home"

# കെ.സി.എസ്.എൽ.

ഈശോയിൽ സ്നേഹമുള്ള കെ.സി.എസ്.എൽ കൂട്ടുകാരേ,

എല്ലാവർക്കും പുതുവത്സരത്തിന്റെ ആശംസകൾ. 2018 ലെ ഓരോ ദിവസവും കൃപനിറഞ്ഞതാകാൻ നമുക്കു പ്രാർത്ഥിക്കാം.

ഡിസംബർ 1-ാം തീയതി വെള്ളിയാഴ്ച 'കെ.സി.എസ്.എൽ. ഡേ' ആയി എല്ലാ സ്കൂളുകളും ആചരിച്ചതിൽ സന്തോഷമുണ്ട്. കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവവും 103-ാമത് വാർഷികവം 2018 ജനുവരി 12,13 തീയതികളിൽ കൊല്ലം രൂപതയിൽ വച്ച് ആഘോഷിക്കുകയാണ്. അതിരൂപത കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എല്ലാ കുട്ടികളും 2018 ജനുവരി 13-ാം തീയതി കൊല്ലത്തു നടക്കുന്ന സ്റ്റേറ്റ് മത്സരങ്ങൾക്കായി തയ്യാറെടുക്കുക. കെ.സി.എസ്.എൽ.-ജീസസ് കിഡ്സ് ക്രിസ്തുമസ് ആഘോഷവും അതിരൂപതാതല കരോൾഗാന നക്ഷത്രനിർമ്മാണ മത്സരവും ഡിസംബർ 23-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. സഹകരിച്ച എല്ലാ സ്കൂൾ അധികാരികൾക്കും ആനിമേറ്റേഴ്സിനും നന്ദി. ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ 2018 ജനുവരി 19-ന് അതിരൂപത ജീസസ് കിഡ്സ് ഏയ്ഞ്ചൽസ് ഫെസ്റ്റ് നടത്തപ്പെടുന്നു. മത്സരയിനങ്ങൾ, നിബന്ധനകൾ എന്നിവ കെ.സി.എസ്.എൽ. മാർഗ്ഗരേഖ 2017-18 പേജ് 44, 45 കാണുക. മാർഗ്ഗരേഖയിൽ കൊടുത്തിരിക്കുന്നവ കൂടാതെ രണ്ടുഇനങ്ങൾ കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു. (1) ഭക്തിഗാനം (5 മിനിറ്റ്), (2) വചനരംഗാവതരണം-വിഷയം -സുവിശേഷം (5 മിനിറ്റ്). (പ്രത്യേക വേഷവിധാനങ്ങൾ പാടില്ല. ഏകീകൃത വേഷം അഭികാമ്യം. ഉദാ. ചുരിദാർ, ജുബ്ബാ) സൂചന: ഒരു കുട്ടിക്ക് പരമാവധി 4 ഐറ്റത്തിൽ പങ്കെടുക്കാം. സിംഗിൾ ഐറ്റത്തിനു 10 രൂപയും, ഗ്രൂപ്പ് ഐറ്റത്തിന് 5 രൂപയും നൽകണം.

കെ.സി.എസ്.എൽ. കുടുംബത്തിൽ റീജൻസി ചെയ്ത ഡീക്കൻ ജോസഫ് (സിനു) വേളങ്ങാട്ടുശ്ശേരിയുടെ പൗരോഹിത്യസ്വീകരണവും പരിശുദ്ധ കുർബാനയർപ്പണവും 2018 ജനുവരി 3 രാവിലെ 9.15 ന് വടക്കൻ വെളിയനാട് സെന്റ് ഗ്രിഗോറിയോസ് കേസറിയ ദൈവാലയത്തിൽ നടത്തുകയാണ്. അന്നേദിവസം പരി. കുർബാനയിൽ പങ്കുകൊണ്ട് എല്ലാ കെ.സി.എസ്.എൽ. അംഗങ്ങളും ഡീക്കനുവേണ്ടി പ്രാർത്ഥിക്കുമല്ലോ. ബ. ഡീക്കനു കെ.സി.എസ്.എൽ. കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ മംഗളാശംസകൾ.

കെ.സി.എസ്.എൽ.ന്റെ നേതൃത്വത്തിൽ HSS, HS & UP സ്കൂൾ കുട്ടികൾക്കായി ക്രിസ്തുമസ് ആഘോഷത്തോട് ചേർന്ന് കരോൾഗാന നക്ഷത്രനിർമ്മാണ മത്സരങ്ങൾ ഡിസംബർ 23-ാം തീയതി 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ നടന്നു.

**കരോൾഗാനം**

| | | | |
|---|---|---|---|
| HSS | - I[St] | - | St. Teresas HSS, Vazhappally |
| HSS | - II[nd] | - | St. Marys Champakulam |
| HS | - I[St] | - | AKM Public School, Morkulangara |
| UP | - I[St] | - | St. Philominas UP Mallappally |
| UP | - II[nd] | - | SB HSS Changanacherry |

**നക്ഷത്ര മത്സരം**

| | | | |
|---|---|---|---|
| HSS | - | | St. Teresas HSS, Vazhappally, |
| HS | - | | AKM Public School, Morkulangara |
| UP | - I[st] | - | St. Philominas UP Mallappally |
| UP | - II[nd] | - | SB HSS Changanacherry |

അതിരൂപതാ കെ.സി.എസ്.എൽ. വാർഷികം 2018 ജനുവരി 25 വ്യാഴം ഉച്ച കഴിഞ്ഞ് 2 മണിക്ക് എസ്.ബി. എച്ച്.എസ്.എസിൽ വച്ച് നടത്തപ്പെടുന്നതാണ്.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ 2018 ജനുവരി മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ജനുവരി | 1-4 | മഹത്വത്തിൻ സാന്നിധ്യ ധ്യാനം |
| | 8-10 | വിവാഹ ഒരുക്കധ്യാനം |
| | 10 | നിശാരാധന, അഭിഷേക പ്രാർത്ഥന (6.00 p.m.-10.00 p.m.) |
| | 12-14 | അതിരൂപതാ സൺഡേസ്കൂൾ യുവജനധ്യാനം |
| | 16-17 | അതിരൂപതാ വൈദികരുടെ തുടർ പരിശീലന പ്രോഗ്രാം |
| | 8 | അഖണ്ഡജപമാല (10.00 a.m.-2.00 p.m.) |
| | 19-21 | എക്ലേസിയ - സിസ്റ്റേഴ്സിനുള്ള ധ്യാനം |
| | 22-24 | വിവാഹ ഒരുക്കധ്യാനം |
| | 28-ഫെബ്രു.1 | വിശ്വാസാനുഭവ ധ്യാനം (സെഹിയോൻ ടീം) |

**ഫാ. മാത്യു താന്നിയത്ത്**
9446903631

# അന്താരാഷ്ട്ര സെമിനാർ

***St Thomas Christians through Ages: A Historiographical Approach***

## 30, 31 ജനുവരി 1 ഫെബ്രുവരി 2018

മാന്നാനത്ത്, **വി. കുര്യാക്കോസ് ഏലിയാസ് ചാവറ ആർക്കൈവ്സ് ആൻഡ് റിസേർച്ച് സെന്ററിന്റെ** ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ചരിത്ര സെമിനാറും ഇൻഡ്യൻ കാത്തലിക് ഹിസ്റ്റോറിയൻസ് അസോസിയേഷൻ ഉദ്ഘാടനവും. **2018 ജനുവരി 30, 31, ഫെബ്രുവരി 1 തീയതി**കളിൽ നടത്തപ്പെടുന്ന സെമിനാറിന്റെ വിഷയം. St Thomas Christians through Ages: A Historiographical Approach എന്നതാണ്. ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിൽ നിന്നുള്ള ചരിത്രപണ്ഡിതർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്യുന്നു. സീറോമലബാർസഭയുടെ **മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി** ഉദ്ഘാടനം ചെയ്യുന്ന സെമിനാറിൽ **ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം** പങ്കെടുത്ത് ആശംസകൾ അർപ്പിക്കും. പൊന്തിഫിക്കൽ കമ്മീഷൻ ഫോർ ഹിസ്റ്റോറിക്കൽ സയൻസസ് അദ്ധ്യക്ഷൻ **വെരി റവ. മോൺസിഞ്ഞോർ ബർണാർദ് അർദൂരാ** പ്രത്യേകസന്ദേശം നൽകുകയും ഇൻഡ്യൻ കാത്തലിക് ഹിസ്റ്റോറിയൻസ് അസ്സോസിയേഷൻ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്യുന്നതാണ്. പ്രിയോർ ജനറാൾ **വെരി റവ. ഫാ. പോൾ അച്ചാണ്ടി** അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രൊവിൻഷ്യൽ **വെരി റവ. ഫാ. സെബാസ്റ്റ്യൻ ചാമത്തറ**, മാന്നാനം പ്രിയോർ **റവ. ഫാ. സ്കറിയ എതിരേറ്റ്, പ്രൊഫ. ഡോ. കെ. എസ് മാത്യു**, അഭിവന്ദ്യ പിതാക്കന്മാർ തുടങ്ങി മറ്റ് വിശിഷ്ട അതിഥികളും പങ്കെടുക്കുന്നു.

ഇൻഡ്യയിലെ ജവഹർലാൽ നെഹ്റു സർവ്വകലാശാലാ, പോണ്ടിച്ചേരി കേന്ദ്ര സർവ്വകലാശാലാ, ബാംഗ്ളൂർ ക്രൈസ്റ്റ് കല്പിത സർവ്വകലാശാലാ, കേരള, കണ്ണൂർ, കാലിക്കറ്റ്, മഹാത്മാഗാന്ധി, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലകൾ, ധർമ്മാരാം വിദ്യാക്ഷേത്രം (ബാംഗ്ളൂർ), പൗരസ്ത്യവിദ്യാപീഠം (കോട്ടയം), ലിസ്ബൻ യൂണിവേഴ്സിറ്റി (പോർട്ടുഗൽ), ന്യൂലിസ്ബൻ യൂണിവേഴ്സറ്റി (പോർട്ടുഗൽ), ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി (റോം), ഫ്രഞ്ച് അക്കാദമി ഓഫ് സയൻസസ് (ഫ്രാൻസ്) എന്നീ സർവ്വകലാശാലകളിൽ നിന്നുള്ള പ്രതിനിധികളും സെമിനാറിൽ പങ്കെടുക്കുന്നു. ചരിത്രാന്വേഷകരും ഗവേഷകരുമായ എല്ലാ ചരിത്രകുതുകികളെയും സെമിനാറിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. സെമിനാറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് മുൻകൂട്ടി പണമടച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് ഉച്ചഭക്ഷണവും ആദ്യാവസാനം പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**

8289998237, 8138028084,mail@kearchives.in, kearchives@gmail.com
website : kearchives.in

# ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ദൈവകൃപനിറഞ്ഞ ഒരു പുതുവത്സരം ഏവർക്കും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു. പുതുചൈതന്യത്തോടെ പുതുവർഷത്തിലേക്ക് നമുക്കു പ്രവേശിക്കാം. ഈ വർഷം കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനായി നൂതനമായ പല കർമ്മപരിപാടികളും സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അച്ചന്മാരുടെയും, സിസ്റ്റേഴ്സിന്റെയും, കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെയും പൂർണ്ണമായ സഹകരണം എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടാകുമല്ലോ. നമ്മുടെ ലിറ്റർജിക്കൽ ക്വിസ് മത്സരം **2018 ജനുവരി 13-ാം തീയതി രണ്ടാം ശനിയാഴ്ച** രാവിലെ 9.00 മുതൽ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് നടത്തപ്പെടുന്നതാണ്. പങ്കെടുക്കാനുള്ളവരുടെ പേരു വിവരങ്ങൾ ഇനിയും നൽകുവാനുള്ളവർ ജനുവരി 5-നു മുൻപായി നൽകണമേ.

2017 ലോഗോസ് ക്വിസ് വിജയികൾക്കുള്ള സമ്മാനങ്ങൾ 13-ാം തീയതി ലിറ്റർജിക്കൽ ക്വിസ്സ് മത്സര വേദിയിൽവച്ച് നൽകുന്നതാണ്. വിജയികളെ പറഞ്ഞയക്കണമെന്ന് ഓർപ്പിക്കുന്നു.

എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദിയർപ്പിക്കുന്നു

സ്നേഹപൂർവ്വം,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**

## അറിയിപ്പുകൾ

**നിയമിതനായി**

കുടുംബകൂട്ടായ്മ ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ഡയറക്ടറായി റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ചുമതലയേറ്റു.

**നന്ദിയുടെ ഒരു വാക്ക്**

കഴിഞ്ഞ ഏതാനും മാസങ്ങളിൽ കുടുംബകൂട്ടായ്മ ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ഡയറക്ടറായി സേവനം അനുഷ്ഠിച്ചതിനുശേഷം പുതിയ കർമ്മമണ്ഡലത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന റവ. ഫാ. മാത്യു നടയ്ക്കലച്ചന് പ്രാർത്ഥനാപൂർവ്വം നന്ദിയർപ്പിക്കുന്നു.

**ലിറ്റർജിക്കൽ ക്വിസ്**

ലിറ്റർജിക്കൽ ക്വിസ് ഇടവകതല വിജയികളുടെ ലിസ്റ്റ് ഇനിയും നൽകുവാനുള്ളവർ ജനുവരി 5-ാം തീയതിക്കകം നൽകണമേ. ഈ വർഷത്തെ മത്സരം

2018 ജനുവരി 13-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.00 മുതൽ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് നടത്തപ്പെടുന്നതാണ്. രജി.ഫീസ് 50 രൂപ ടീമിന്. ഒരിടവകയിൽനിന്നും 3 ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്.

**സിലബസ്**

2017-ലെ ആരാധനവത്സര കലണ്ടർ 40 % (ഞായറാഴ്ചകളിലെ സുവിശേഷ ലേഖനഭാഗങ്ങൾ)

2017-ലെ ആരാധനവത്സര കലണ്ടർ പൊതുചോദ്യങ്ങൾ 10 %

സത്യദർശനം 30%, (2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള ലക്കങ്ങൾ)

ബൈബിളും കേരളവും 20 %, (1 മുതൽ 3 വരെ അദ്ധ്യായങ്ങൾ) പുസ്തകം കൂട്ടായ്മാ ഓഫിസിൽ ലഭ്യമാണ്.

**ലോഗോസ് ക്വിസ് 2017**

ലോഗോസ് ക്വിസ് 2017 വിജയകരമാക്കുവാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകമായി വിജയികളായവർക്കും അഭിനന്ദനങ്ങൾ.

ലോഗോസ് ക്വിസ് 2017-ൽ വിവിധ വിജയങ്ങൾ കരസ്ഥമാക്കിയവർക്കുള്ള ട്രോഫികളും ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ജനുവരി 13-ാം തീയതി മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് വിതരണം ചെയ്യുന്നതാണ്. സമയം-12 മണി.

2017 ലോഗോസ് ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഇടവകകൾ.

**ഒന്നാംസ്ഥാനം: സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളി, തൃക്കൊടിത്താനം.**

**രണ്ടാം സ്ഥാനം: സെന്റ് ആന്റണീസ് ഫൊറോനാ പള്ളി, കുറുമ്പനാടം**

**മൂന്നാം സ്ഥാനം: ലൂർദ്ദ് ഫൊറോനാ പള്ളി, കോട്ടയം**

സൺഡേസ്കൂൾ കുട്ടികൾക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച ഇടവക - എസ്.എച്ച്. അറുനൂറ്റിൻപാടം.

കുടുംബങ്ങൾക്കാനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവക - ലൂർദ്ദ്മാതാ ഈര.

രജിസ്ട്രേഷന് ആനുപാതികമായി ഏറ്റവും കൂടുതൽ സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ ഇടവക - സെന്റ് മേരീസ് പാറേൽ.

ലോഗോസ് ക്വിസ് മരത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യ 4 റാങ്കുകൾ കരസ്തമാക്കിയവരുടെ പേരു വിവരങ്ങൾ താഴെച്ചേർക്കുന്നു.

**CATEGORY -A**

ALEENA JAIMON LITTLE FLOWER CHURCH ARPPOOKKARA FIRST

| | |
|---|---|
| AJIN JOSEPH SAVI ST. JOSEPHS PHILGIRI | SECOND |
| SUHITHA THERESE LITTLE FLOWER CHURCH ARPPOOKKARA | THIRD |

**FORTH RANK HOLDERS**

SONA SUSAN MATHEW ST. GREGORIOUS VELIYANADU
ANET SIBY ST. XAVIERS KATTACHIRA
ANNIE BENNY ST. XAVIERS THRIKODITHANAM
ANN MARY JOSSY ST. MARYS VAIPUR
ARUN AUGUSTIN ST. MARYS ATHIRAMPUZHA
SANIYA ANNA JOSEPH LISIEUX KAVALAM
JIYAMOL JOSE S. H. PANGADA

**CATEGORY B**

| | |
|---|---|
| ALEN JOSEPH ST. MARYS ERAVUCHIRA | FIRST |
| MILAN VARGHESE JOSEPH ST. MARYS ERAVUCHIRA | SECOND |
| NIKHITHA BIJU ST. JOHN THE BAPTIST CHURCH NEDUMKUNNAM | THIRD |

**FORTH RANK HOLDERS**

AMAL SABU LOURDE MATHA PAIPADU
ELDA ANN SIBY ST. JOSEPHS KAYALPPURAM
MERIN SHOMY ST. ALPHONSA PONGUMMOODU
JOYAMMA JOMON ST. THOMAS PALLATHURUTHY
ALEN FRANCIS FATHIMA MATHA FATHIMAPURAM
ALNA ROSNA SAVY ST. JOSEPHS PHILGIRI
SWARAG ANTONY FATHIMA MATHA FATHIMAPURAM

**CATEGORY C**

| | |
|---|---|
| DR. TONIYA JOHN ST. JOSEPHS VEROOR | FIRST |
| JINO GEORGE KURIKKADU ST. JOSEPHS CHAMPAKKARA | SECOND |
| BISMI BOBAN ST. ANTONYS VAISUMBHAGAM | THIRD |

**FORTH RANK HOLDERS**

ANNAMMA PHILIP ST. G. THOTTACKADU
BABITHA. K. BABY ST. J. KARIAVATTOM
TOM JOSE ST. MARYS PULINCUNNU
SNEHA THOMAS ST. M. PULINCUNNU
ELIZABATH VARGHESE ST. MARYS PULINCUNNU
TESSY TOM ST.MARYS THEKKUPARA
STEFFY THOMAS LOURDE MATHA EARA

**CATEGORY D**

| | |
|---|---|
| JESAMMA THOMAS ST. JOHN THE BAPTIST CHURCH KOTTANGAL | FIRST |
| JESSY NIXON ST. ALPHONSA CHATHANADU | SECOND |
| SIBY A. C, ST. JOSEPHS VAIPUR | THIRD |

**FORTH RANK HOLDERS**

NIDHY ANTON KAILATH L.M. MAMMOODU
JOMA PHILIP L.M. PAIPADU
LUCY JOSE ST. F. A. POONTHOPE
BEENA MONICHAN ST.M. ERAVUCHIRA
SR. ANITHA KOCHOLICKAL ST.M. ARIYANKAVU
DR. VALSA T STEPHEN ST. A. PONGUMMODE
FILSY SANAL ST. GREGORIOUS KIDANGARA

**CATEGORY E**

| | |
|---|---|
| SALY ROY LOURDE THIRUVANANTHAPURAM | FIRST |
| JESSY JOSE S. H. THIRUVALLAM | SECOND |
| MATHEW . P. C ST. MARYS KOOTHRAPPALLY | THIRD |

**FORTH RANK HOLDERS**

THOMASUKUTTY JOSE ST.G.PUNNAPRA
ROY JOSEPH LOURDE THIRUVANANTHAPURAM
VALSAMMA SCARIA ST. GEORGE THOTTACKADU
CLARE JOSEPH ST. G. PUNNAPRA
ALIYAMMA CHACKAPPAN ALL SAINTS VITHURA
SR. ELSIT SABS CHRISTU RAJ ETTUMANNORE
MARIAMMA DEVASIA ST. T. NALUKODI

**CATEGORY F**

| | |
|---|---|
| ELSAMMA GEORGE ST. JOSEPHS RAMANKARY | FIRST |
| ROSAMMA THOMAS ST. XAVIERS THRIKODITHANAM | SECOND |
| SR. JENCY C.H.F, ASSUMPTION CHANGANACHERRY | THIRD |

**FORTH RANK HOLDERS**

KOCHURANI ANTONY MARSLEEVA PAZHAVANGADY
LISSY PETER ST. A. CHATHANADE
MARIAKUTTY MATHEW LOURDE KOTTAYAM
MARIAMMA JOSEPH ST.J. VAIPUR
ANNAMMA GEORGE ST.X. THRIKODITHANAM
SR. DEEPTI CHF S.H THIRUVALLAM
THANKAMMA JOHN ST.G. PUNNAPRA
C.J. JOSEPH ST. MARYS CHAMPAKULAM

## ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സാ

ആത്മതാകേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാ കേന്ദ്രത്തിൽ വച്ചും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും, ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാകേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തൊടെ എല്ലാ ചൊവ്വാഴ്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും നെടുംങ്കുന്നം മദർ തെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്കിലും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചയും, കാവാലം ലിസിയോ പള്ളിയുടെ സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചയും, മണിമല ഹോളിമെജായി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലിനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സ നടത്തി വരുന്നു.

**ഹോമിയോപതിക് ചികിത്സ വിശദ വിവരങ്ങൾ**

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ |
| നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ക്ലിനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സി.ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. എസ്സ്. ജി. ബിജു<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മണിമല പ്രിൻസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലിനിക്ക് | എല്ലാ രണ്ടും നാലും ശനി 2 മുതൽ 4 വരെ | ഡോ. സി.ജെ. ജോസഫ്<br>ഡോ. ജെയിംസ് ജോസഫ് |

| | | |
|---|---|---|
| അതിരമ്പുഴ സെന്റ് മേരീസ് | എല്ലാ വ്യാഴാഴ്ചയും 10.30 മുതൽ 12.30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |
| കാവാലം ലിസിയോ പള്ളി | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കോട്ടയം, ആലപ്പുഴ, പത്തനംതിട്ട,ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. സമ്മേളനത്തിൽ കുട്ടികൾക്ക് 48900/- രൂപയും നുട്രീഷൻ കിറ്റും നല്കുകയുണ്ടായി.

**എ.എ. സമ്മേളനം. (ആൽക്കഹോളിക്ക്സ് അനോനിമസ്)**

മയക്കുമരുന്നുകളുടെ ഉപയോഗത്തിൽനിന്നും വിമുക്തർക്കും വിമുക്തി ആഗ്രഹിക്കുന്നവർക്കും വേണ്ടി സമ്മേളനം എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 7 മണി മുതൽ 8.30 വരെ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് ഫാ. തോമസ് താന്നിയത്തിന്റ നേതൃത്വത്തിൽ നടത്തി വരുന്നു.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കും അവരുടെ കുടുംബത്തിനും മദ്യമയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം** ജനുവരി 30 മുതൽ ഫെബ്രുവരിവരി 4 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ഫാ. തോമസ് കൊച്ചുപ്ലേച്ചംകളത്തിന്റെ നേതൃത്വത്തിൽ **സൗജന്യമായി** നടത്തുന്നു. ബുധാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. അഡ്രസ്സും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,**
**0469 2693413, 2690414, 9495193406**

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : **0481 2411819/ 8921505386**

# ചാസ്സ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും നവവത്സരാശംസകൾ!!!**

ഓരോ പുതുവത്സരവും വലിയ പ്രതീക്ഷയും ഉന്മേഷവും പ്രദാനം ചെയ്യുന്നു. ഒരവസരംകൂടി നമുക്ക് ലഭിക്കുകയാണ് എന്ന ചിന്തയായിരിക്കാം ഇതിനുപിന്നിൽ. അതുകൊണ്ടുതന്നെയാവാം ലോകം മുഴുവൻ ഏറെ സന്തോഷത്തോടെ പുതിയവർഷത്തെ വരവേൽക്കാൻ ഉത്സാഹിക്കുന്നത്. ആഘോഷങ്ങൾ പലപ്പോഴും സാമാന്യബുദ്ധിയേയും സഭ്യതയുടെ അതിർവരമ്പുകളെയും ലംഘിക്കുന്നു എന്നത് യാഥാർത്ഥ്യം. പൊതുവെയുള്ള സാംസ്ക്കാരിക അപജയത്തിന്റെ ഉദാഹരണമായി ഇതിനെ നോക്കിക്കണ്ടാൽമതിയാകും. പക്ഷേ പുതുവർഷം വർഷം ഒത്തിരി പ്രതീക്ഷകൾ നൽകുന്നുണ്ട്. കഴിഞ്ഞ കാലയളവിൽ വന്നുപോയ പോരായ്മകൾ പരിഹരിക്കാനും അനുഭവങ്ങളിൽനിന്ന് പുതിയപാഠം ഉൾക്കൊണ്ട് കൂടുതൽ കാര്യക്ഷമതയോടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനും നമുക്ക് കഴിയണം.

പുതുവർഷത്തിൽ ചാസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോകുവാൻ നമുക്കെല്ലാവർക്കും തോളോടുതോൾചേർന്ന് പ്രവർത്തിക്കാം. സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിലേയ്ക്ക് കടക്കുമ്പോൾ നമുക്ക് പൂർത്തിയാക്കാൻ വളരെയേറെ കാര്യങ്ങൾ ബാക്കിയുണ്ടെന്ന് ഓർക്കാം. ഓരോപദ്ധതിയും പരിപാടിയും മികവോടെ പ്രാവർത്തികമാക്കാൻ നമുക്ക് പരിശ്രമിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ** | **ഫാ. ജോസഫ് കളരിക്കൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ** | ഡയറക്ടർ
(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**മദ്യം-മയക്ക് മരുന്ന് ഉപയോഗം സംബന്ധിച്ച് ദേശീയ സർവ്വേ-ചാസ് കോ-ഓർഡിനേഷൻ ഏജൻസി**

കേന്ദ്രസർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം ആരംഭിക്കുന്ന ദേശീയ സർവ്വേയിൽ ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി -ചാസ് പങ്കാളിയാകുന്നു. 'മദ്യം മയക്കുമരുന്നു ഉപയോഗത്തിന്റെ വ്യാപ്തിയും ഉപയോഗരീതികളും' കണ്ടെത്തുന്നതിനാണ് സർവ്വേ നടത്തുന്നത്. ഇതിന്റെ

അടിസ്ഥാനത്തിൽ മദ്യം മയക്കുമരുന്ന് രോഗചികിത്സയ്ക്കാവശ്യമായ സംവിധാനങ്ങൾ ഒരുക്കുകയാണ് ലക്ഷ്യം. **ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസും നാഷ്ണൽ ഡ്രഗ് ഡിപ്പന്റൻസ് ട്രീറ്റ്മെന്റ് സെന്ററുമാണ് സർവ്വേ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്**. മേഖലാ തലത്തിലുള്ള സർവ്വേ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 13 റീജിയണൽ റിസോഴ്സ് ട്രെയ്നിംഗ് സെന്ററുകളാണ്. സർവ്വേ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് മേഖലാതലത്തിലും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ സാമൂഹിക നീതിവകുപ്പിന്റെ അദ്ധ്യക്ഷൻ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നു. അതുവഴി വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും ത്രിതല പഞ്ചായത്ത് സമിതികളുടെയും സഹകരണം സർവ്വേപ്രവർത്തനങ്ങൾക്കുവേണ്ടി ഉറപ്പാക്കിയിട്ടുണ്ട്. പ്രത്യേക പരിശീലനം നേടിയ ഫീൽഡ് ഇന്റർവ്യൂവേഴ്സ് ആദ്യഘട്ടത്തിൽ മാപ്പിംഗ് ആന്റ് ലിസ്റ്റിംഗ് പൂർത്തിയാക്കും. അതിനുശേഷം വ്യക്തിഗത മുഖാഭിമുഖത്തിലൂടെയാണ് വിവരശേഖരണം നടത്തുന്നത്.

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ചാസ്) ആണ് കേരള സംസ്ഥാനത്തും കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിലും മാഹിയിലും സർവ്വേ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ റീജിയണൽ റിസോഴ്സ് ട്രെയിനിംഗ് സെന്റർ എന്നനിലയിലാണ് ചാസ് ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. കേരളത്തിൽ തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളാണ് സർവ്വേക്കുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്. ലക്ഷദ്വീപും മാഹിയും മുഴുവനായി സർവ്വേപരിധിയിലുണ്ട്. കോഴിക്കോട് IMHANS ആണ് ചാസിന് ആവശ്യമായ സാങ്കേതിക സഹായം നല്കുന്നത്.

സർവ്വേപ്രവർത്തനങ്ങൾക്കുവേണ്ടി ഒരാഴ്ച ദീർഘിച്ച പരിശീലനം പൂർത്തിയാക്കിയ ഫീൽഡ് ഓഫീസേഴ്സ് വിവിധ ജില്ലകളിൽ സർവ്വേ ആരംഭിച്ചുകഴിഞ്ഞു. കേന്ദ്രസംസ്ഥാന സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന സർവ്വേ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ടവരുടെ സഹകരണമുണ്ടാകണമെന്ന് ചാസ് ഡയറക്ടർ അഭ്യർത്ഥിക്കുന്നു.

### പ്ലാസ്റ്റിക്കിനെതിരെ-തുണിസഞ്ചി നിർമ്മാണ പരിശീലനം

പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി ജനുവരി 3 ന് ചാസ് കോൺഫ്രൻസ് ഹാളിൽ വിവിധ ആവശ്യങ്ങൾക്കായി വിവിധതരത്തിലുള്ള തുണിസഞ്ചി നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നു.

## BCDC എക്സ് പോ 2017-2018

2017 ഡിസംബർ 26 മുതൽ 2018 ജനുവരി 2 വരെ ആലപ്പുഴ EMS സ്റ്റേഡിയത്തിൽ BCDC എക്സ് പോ 2017-2018 ക്രമീകരിച്ചിരിക്കുന്നു. ആലപ്പുഴ മേഖലയിലെ എല്ലാ യൂണിറ്റുകളുടെയും സഹകരണത്തോടെ ചാസ് പ്രത്യേക സ്റ്റാൾ തുറക്കുന്നു. ചാസ് ഉല്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും വിജയിപ്പിക്കുന്നതിന് എല്ലാ യൂണിറ്റ് ഭാരവാഹികളും സഹകരിക്കേണ്ടതാണ്.

## സുവർണ്ണ ജൂബിലി ആഘോഷം

**പൂന്തോപ്പ്** അസ്സീസി വിദ്യാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ജനുവരി 16, 30 തീയതികളിൽ നടത്തപ്പെടും. ജനുവരി 16-ാം തീയതി ചൊവ്വാഴ്ച വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാർക്ക് ഏകദിന സെമിനാറും 30-ാം തീയതി ആലപ്പുഴ ജില്ലയിലെ വിവിധ സ്പെഷ്യൽ സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ കായിക മത്സരങ്ങളും കലാപരിപാടികളും അരങ്ങേറും. ആലപ്പുഴ മുനിസിപ്പൽ ചെയർമാൻ ശ്രീ. തോമസ് ജോസഫ്, പൂന്തോപ്പ് പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ മണ്ണാന്തുരുത്തിയും രക്ഷാധികാരികളായുള്ള വിവിധ കമ്മറ്റികൾ ജൂബിലിയാഘോഷ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു. അഭിവന്ദ്യപിതാക്കന്മാർ, മന്ത്രിമാർ, വിവിധ സാമുദായിക രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ പരിപാടികളിൽ സംബന്ധിക്കും.

### ജനുവരി മാസത്തെ യൂണിറ്റ് പരിപാടികൾ

| തീയതി | പരിപാടി | യൂണിറ്റ് |
|---|---|---|
| 02.01.2018 | സ്വാശ്രയസംഘസംഗമം | മങ്കൊമ്പ് |
| 04.01.2018 | തയ്യൽപരിശീലനം | വെട്ടിമുകൾ |
| 07.01.2018 | ഊർജിതം 2018 | ആറാട്ടുവഴി |
| 09.01.2018 | സ്വാശ്രയസംഘസംഗമം | ഏറ്റുമാനൂർ |
| 09.01.2018 | സ്വാശ്രയസംഘസംഗമം | |
| | തയ്യൽ പരിശീലന സർട്ടിഫിക്കറ്റ് വിതരണം | കുമരകം നവനസ്രത്ത് |
| 16.01.2018 | സ്വാശ്രയസംഘസംഗമം | പള്ളാത്തുരുത്തി |
| 13.01.2018 | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് | മരിയാപുരം |
| 19.01.2018 | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് | തുരുത്തി, ചങ്ങനാശ്ശേരി |

### ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 ഡിസംബർ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 342. ആനിമ്മ അഗസ്റ്റിൻ | ഉഷസ് | നെടുംകുന്നം | നെടുംകുന്നം |

343. സണ്ണി കാഞ്ഞിരംകാല സെന്റ് തോമസ് നാൽപ്പാത്തിമല അതിരമ്പുഴ

(2) **മ്യൂച്ചൽ ബെനിഫിറ്റ് സ്കീം**

• **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 138. കെ.സി. ബേബി മോഴൂർ | കൂത്രപ്പള്ളി | നെടുംകുന്നം |
| 139. റോസമ്മ ജോസഫ് കോയിക്കകുന്നേൽ | ഫിൽഗിരി | കൊല്ലം |
| 140. സോമൻ ഹിരൺ വിലാസം | നരിക്കൽ | കൊല്ലം |

• **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 62. പെഗി ജോസഫ് ചുണ്ടമണ്ണിൽ | ചമ്പക്കര | നെടുംകുന്നം |
| 63. മോളി രാജു കുറ്റിക്കൽ | ചമ്പക്കര | നെടുംകുന്നം |

(3) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2017 ഡിസംബർ മാസം 2** കുടുംബങ്ങൾക്ക് ചികിത്സാചെലവായി 13,275/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| മിനി സിബി പറത്താനത്ത് | പുന്നത്തുറ | 9150 |
| വർഗ്ഗീസ് ജേക്കബ് പറത്താനത്ത് | തുരുത്തി | 4125 |

(4) **ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2017 ഡിസംബർ മാസം 28 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 51 അപേക്ഷകർക്ക് 87,250/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### യാത്രയയപ്പ്

പുന്നപ്ര, ചമ്പക്കുളം ACCEPT ൽ കഴിഞ്ഞ നാല് വർഷക്കാലമായി സ്തുത്യർഹമായ സേവനമനുഷ്ടിച്ചുവന്ന ബഹുമാനപ്പെട്ട സി. ലില്ലി മരിയാ FCC യ്ക്ക് നവംബർ 30-ാം തീയതി വ്യാഴാഴ്ച രോഗികളും, അക്സപ്റ്റ് സാറ്റാഫ് അംഗങ്ങളും ചേർന്ന് യാത്രയയപ്പ് നൽകി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അക്സപ്റ്റ് കോ-ഓർഡിനേറ്റർ ഫാ. ബിജോ അരിഞ്ഞാണിയിൽ എന്നിവർ നേതൃത്വം നൽകി.

### NDUS -ആലപ്പുഴ ജില്ലാതല സമ്മേളനം

കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന് കീഴിൽ ചാസ് കേരളത്തിലും ലക്ഷദ്വീപിലും നടത്തുന്ന ദേശീയ മദ്യമയക്കുമരുന്ന് ഉപയോഗത്തെ സംബന്ധിച്ചുള്ള

സർവേയുടെ ആലപ്പുഴ ജില്ലാതലയോഗം കളക്ടർ ശ്രീമതി റ്റി.വി. അനുപമയുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 7-ാം തീയതി ആലപ്പുഴ സിവൽ സ്റ്റേഷനിൽ നടത്തപ്പെട്ടു. വിവിധസർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ ആലപ്പുഴ ജില്ലാ മേധാവികൾ പങ്കെടുത്തു. സർവ്വേയ്ക്കാവശ്യമായ സൗകര്യങ്ങൾ നൽകാൻ കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉത്തരവ് നല്കി.

**ലോക ഊർജ്ജ സംരക്ഷണദിന റാലി**

ലോക ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് ചാസിന്റെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ റാലി ഡിസംബർ 14 വ്യാഴാഴ്ച എടത്വായിൽ സംഘടിപ്പിച്ചു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെയും സെന്റർ ഫോർ എൻവയൺമെന്റ് ആന്റ് ഡവലപ്പ്മെന്റിന്റെയും സഹകരണത്തോടെയാണ് റാലി നടത്തപ്പെട്ടത്. ഫോറോനാ വികാരി റവ. ഫാ. ജോൺ മണക്കുന്നേൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പോളി തോമസ് മുഖ്യപ്രഭാഷണം നടത്തി. എടത്വാ, പച്ച-ചെക്കിടിക്കാട്, മരിയാപുരം, കോയിൽമുക്ക് എന്നീ പ്രാദേശിക യൂണിറ്റുകളിൽനിന്നും സ്വാശ്രയസംഘാംഗങ്ങളും, ഫാർമേഴ്സ് ക്ലബ് അംഗങ്ങളും, എടത്വാ സെന്റ് അലോഷ്യസ് കോളേജിലെ എൻ.എസ്. എസ് വോളണ്ടിയേഴ്സും റാലിയിൽ പങ്കെടുത്തു. ആലപ്പുഴ പഞ്ചായത്ത് അംഗം ശ്രീമതി ബിനു ഐസക്ക് രാജു സമാപനസന്ദേശം നൽകി. പ്രൊഫ. സാബൻ കെ.വി. ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ ക്ലാസ് നയിച്ചു. സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസ്ഫ് എബ്രഹാം, മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## മേഖലാവാർത്തകൾ

**സ്വാശ്രയസംഘസംഗമം**

തോട്ടുവാത്തല, കാവാലം യൂണിറ്റുകളിൽ നവംബർ 27 ന് സ്വാശ്രയസംഘസംഗമം നടത്തി. കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ 'മക്കളുടെ വളർച്ചയിൽ മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ആർത്തവയാനം ബോധവത്ക്കരണ പരിപാടി**

തൃക്കൊടിത്താനം ചാസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 2 ന് സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് സ്ത്രീകളിലുണ്ടാകുന്ന ഗർഭാശയ -കാൻസർ രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണ പരിപാടി 'ആർത്തവയാനം' എന്ന പേരിൽ സംഘടിപ്പിച്ചു. ഡോ. അഭിരാമി പ്രകാശ്, ശ്രീമതി കാവ്യ മേനോൻ, ശ്രീ. രഘുനാഥ് എന്നിവർ ക്ലാസ് നയിച്ചു. 148 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ക്രെഡിറ്റ് യൂണിയൻ, സ്വാശ്രയസംഘ സംഗമം**

കരുവാറ്റ യൂണിറ്റിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയൻ അംഗങ്ങളു

ടെയും സ്വാശ്രയസംഘാഗങ്ങളുടെയും സംഗമം നവംബർ 27 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കാഞ്ഞിരവേലിൽ അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് സ്വാശ്രയസംഘത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് നയിച്ചു.

**സംരംഭകത്വ പരിശീലനം (EAP)**

**എടത്വാ** യൂണിറ്റിലെ സ്വയംതൊഴിൽ ചെയ്യാൻ താത്പര്യമുള്ള വ്യക്തികളുടെ സംഗമം നവംബർ 28 ന് നടത്തി. ചാസ്, ഖാദി കമ്മീഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച സംരംഭകത്വ പരിശീലനം എടത്വാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടെസി ജോസ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 38 അംഗങ്ങൾ പങ്കെടുത്തു.

**കായൽപുറം** യൂണിറ്റിൽ സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടി ഡിസംബർ 05 ന് വ്യവസായ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. 34 അംഗങ്ങൾ പങ്കെടുത്തു.

**കൊടുപ്പുന്ന** യൂണിറ്റിൽ സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടി ചാസ് ഖാദി കമ്മീഷന്റെ നേതൃത്വത്തിൽ ഡിസംബർ 12 ന് സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. എടത്വാ പഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതി ദീപ ഗോപകുമാർ ഉദ്ഘാടനം നിർവഹിച്ചു. 35 അംഗങ്ങൾ പങ്കെടുത്തു.

**ആറാട്ടുവഴി** യൂണിറ്റിൽ ഡിസംബർ 19 ന് ചാസ് ഖാദി കമ്മീഷന്റെ നേതൃത്വത്തിൽ സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. ശ്രീ. ജോജോ കെ.സി. ക്ലാസ് നയിച്ചു. 48 അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് രൂപീകരിച്ചു**

കായൽപുറം, കൊണ്ടാക്കൽ ഇടവകകളിൽ നവംബർ 29 ന് ചാസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് കോ-ഓർഡിനേറ്റർ വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർമാരായ റവ. ഫാ. ജോർജ് വാത്യാകരി, റവ. ഫാ. ജോർജ്ജ് മൂലംകുന്നം എന്നിവർ നേതൃത്വം നൽകി. എക്സിക്യൂട്ടീവ് അംഗങ്ങളെയും ഭാരവാഹികളെയും തെരഞ്ഞെടുത്തു.

**JLG സംഗമം**

**പുന്നക്കുന്നുശ്ശേരി** യൂണിറ്റിൽ നവംബർ 30 ന് JLG സംഗമം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ടോണി മണിയഞ്ചിറ അദ്ധ്യക്ഷതവഹിച്ചു. JLG യുടെ പ്രവർത്തന രീതി, ബാങ്കുവായ്പ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 45 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയസംഘ വാർഷികം**

**എടത്വാ** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ലൂർദ്ദ്' സ്വാശ്രയസംഘത്തിന്റെ രണ്ടാമത് വാർഷികം ഡിസംബർ 2 ശനിയാഴ്ച ആഘോഷിച്ചു.

**ബോധവത്ക്കരണ സെമിനാർ**

**മണിമല ന്യൂ** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്കും, കുടുംബശ്രീ കൂട്ടായ്മക്കും വേണ്ടി ഡിസംബർ 12 ന് 'സ്ത്രീകളും നിയമസംരക്ഷണവും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. സ്ത്രീകൾക്ക് എതിരെ നടക്കുന്ന അതിക്രമങ്ങളെ കുറിച്ചും, ലഭ്യമാകുന്ന നിയമ സംരക്ഷണ നടപടികളെക്കുറിച്ചും മണിമല അഡീഷണൽ എസ്.ഐ. ശ്രീ. സുഗതൻ ക്ലാസ് നയിച്ചു. വെള്ളാവൂർ പഞ്ചായത്ത് 7-ാം വാർഡ് മെമ്പർ ശ്രീ പ്രകാശ് സംഗമം ഉദ്ഘാടനം ചെയ്തു. 46 അംഗങ്ങൾ പങ്കെടുത്തു.

**മേഖലാമീറ്റിംഗ്**

ചങ്ങനാശ്ശേരി മേഖലാ യൂണിറ്റ് ഭാരവാഹികളുടെ യോഗം ഡിസംബർ 12 ന് കത്തീഡ്രൽ യോഗശാലയിൽ സംഘടിപ്പിച്ചു. ഫൊറോനാ വികാരി റവ. ഫാ. കുര്യൻപുത്തൻപുര സന്ദേശം നൽകി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു.

**തുരുത്തി** മേഖലാ യൂണിറ്റ് ഭാരവഹികളുടെ മീറ്റിംഗ് ഡിസംബർ 16 ന് തുരുത്തി മർത്താമറിയം ഫോറോനാ പള്ളിയിൽ സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി റവ. ഫാ. ഗ്രിഗറി ഓണംകുളം സന്ദേശം നൽകി.

**ക്രിസ്മസ് ആഘോഷം**

ഏറ്റുമാനൂർ, വെട്ടിമുകൾ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങളുടെ ക്രിസ്മസ് ആഘോഷം 18, 19 തീയതികളിൽ നടത്തി. യൂണിറ്റ് ഡയറക്ടർമാരായ റവ. ഫാ. ബാബു പുത്തൻപുരയ്ക്കൽ, റവ. ഫാ. ജോസ് വരിക്കപ്പള്ളി എന്നിവർ ക്രിസ്മസ് സന്ദേശം നൽകി.

**ഭിന്നശേഷിക്കാരുടെ സംഗമവും ക്രിസ്മസ് ആഘോഷവും**

ആലപ്പുഴ പഴവങ്ങാടി ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ Spine Injured Depended association (SIDDA) യുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരുടെ സംഗമവും ക്രിസ്മസ് ആഘോഷവും ഡിസംബർ 22 വെള്ളിയാഴ്ച സംഘടിപ്പിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ദലീമ ജോജോ പരിപാടി ഉദ്ഘാടനം യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് തൂമ്പുങ്കൽ അദ്ധ്യക്ഷതവഹിച്ചു. 105 ഭിന്നശേഷിക്കാർ പങ്കെടുത്തു.

**ആശാകിരണം കാൻസർ ബോധവത്ക്കരണം**

**കൂരോപ്പട** യൂണിറ്റിൽ കാൻസർ ബോധവത്ക്കരണ സെമിനാർ ഡിസംബർ 20 ബുധനാഴ്ച ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉത്ഘാടനം

ചെയ്തു. ചെത്തിപ്പുഴ ആശുപത്രിയിലെ ഓങ്കോളജി വിഭാഗം തലവൻ ഡോ. പരമേശ്വരൻ ക്ലാസുകൾക്ക് നേതൃത്വം നല്കി.

**RRTC എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം**

RRTC South Zone II ന്റെ നേതൃത്വത്തിൽ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുവേണ്ടി "New trends in substance use" എന്ന വിഷയത്തൽ ഡിസംബർ 18 ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ അദ്ധ്യക്ഷതവഹിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. കോട്ടയം ഡിസ്ട്രിക്ട് ഡപ്യൂട്ടി കമ്മീഷണർ ശ്രീ. സുരേഷ് റിച്ചാർഡ് മുഖ്യ പ്രഭാഷണം നടത്തി. **RRTC** കോ-ഓർഡിനേറ്റർ ഫാ. ലിജോ കുഴിപ്പള്ളിൽ, ഡോ. മെറിൻ പുന്നൻ, സൈകാട്രിസ്റ്റ് ശ്രീ. ജോബി സ്കറിയ, ശ്രീ. ജസ്റ്റിൻ മാത്യു, എന്നിവർ ക്ലാസ് നയിച്ചു. 50 പേർ പങ്കെടുത്തു.

**സ്വാശ്രയസംഗമവും 'ഗോയങ്കേ' അവാർഡ് ജേതാവ് ശ്രീ. ജിമ്മി ഫിലിപ്പിന് അനുമോദനവും**

ആർപ്പൂക്കര ചെറുപുഷ്പം യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ സംഗമത്തിൽ (ഡിസംബർ 17) വച്ച് മികച്ച പത്രപ്രവർത്തകനുള്ള 'ഗോയങ്കേ' അവാർഡ് ജേതാവും ചാസ് യൂണിറ്റ് എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ. ജിമ്മി ഫിലിപ്പിന് മെമന്റൊ നൽകി ആദരിച്ചു. കുട്ടനാട്ടിലെ കാൻസർ അതിപ്രസരണത്തെക്കുറിച്ചും മീനച്ചിലാറിന്റെ സംരക്ഷണത്തെക്കുറിച്ചും ദീപികയിൽ പ്രസിദ്ധീകരിച്ച പഠന ലേഖനങ്ങൾക്ക് പ്രശസ്തമായ 'ഗോയങ്കേ' അവാർഡിന് അദ്ദേഹത്തെ അർഹനാക്കിയത്. തന്റെ പ്രബന്ധരചനയിൽ, ചാസിന്റെ 'ഹരിതവർഷം ഹരിതഗ്രാമം' പദ്ധതി ഏറെ ഉൾക്കാഴ്ചകൾ നൽകിയെന്ന് മറുപടി പ്രസംഗത്തിൽ അദ്ദേഹം എടുത്തുപറഞ്ഞു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് തെക്കേക്കര അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**സ്വാശ്രയ സംഘരൂപീകരണം**

| **തീയതി** | **സംഘം** | **യൂണിറ്റ്** | **അംഗങ്ങൾ** |
|---|---|---|---|
| 29.11.2017 | സ്നേഹദീപം | മുട്ടാർ ഓൾഡ് | 10 |
| 29.11.2017 | ആശ്രയ | വെട്ടിമുകൾ | 10 |
| 29.11.2017 | മരിയ | വെട്ടിമുകൾ | 11 |
| 29.11.2017 | ഏയ്ഞ്ചൽ | വെട്ടിമുകൾ | 13 |
| 06.12.2017 | അൽഫോൻസാ | കായൽപുറം | 11 |
| 06.12.2017 | സ്നേഹദീപം | കായൽപുറം | 20 |
| 13.12.2017 | ബ്രദേഴ്സ് | നാലുകോടി | 20 |

| | | | |
|---|---|---|---|
| 13.12.2017 | സാന്ത്വനം | അമ്പൂരി | 12 |
| 13.12.2017 | സെന്റ് തോമസ് | മീൻകുളം | 11 |
| 13.12.2017 | സെന്റ് സെബാസ്റ്റ്യൻ | മീൻകുളം | 12 |
| 13.12.2017 | സെന്റ് ജോസഫ്സ് | മീൻകുളം | 11 |
| 13.12.2017 | സെന്റ് പോൾ | മീൻകുളം | 13 |
| 13.12.2017 | സെന്റ് മേരീസ് | മീൻകുളം | 12 |
| 13.12.2017 | സെന്റ് അൽഫോൻസാ | മീൻകുളം | 18 |
| 14.12.2017 | തേജസ് (സിബിആർ) | നാലുകോടി | 10 |

**ആശാകിരണം: കാൻസർ ബോധവത്ക്കരണം**

| തീയതി | സ്ഥലം | അംഗങ്ങൾ |
|---|---|---|
| 27.11.2017 | സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് സ്കൂൾ, നെടുംകുന്നം | 342 |
| 2.12.2017 | തൃക്കൊടിത്താനം | 138 |
| 06.12.2017 | സെന്റ് ജോസഫ് പ്രസ് | 98 |
| 07.12.2017 | കുടമാളൂർ-ഗവൺമെന്റ് HSS | 162 |
| 09.12.2017 | കൂത്രപ്പള്ളി | 35 |
| 17.12.2017 | നെടുങ്ങാടപ്പള്ളി | 76 |
| 18.12.2017 | കുമരകംവടക്കുംകര | 112 |

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരി



# 7-ാമത് ജന്മഗൃഹതീർത്ഥാടനം

## 2018 ജനുവരി 13 ശനി

ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമായ വി. കുർബാനയെന്ന മഹാത്ഭുതത്തിന്റെ ഉപാസകനും ചങ്ങനാശേരി രൂപതയുടെ പ്രഥമമെത്രാനും വി. കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനുമായ **ധന്യൻ മാർ തോമസ് കുര്യാളശേരിയുടെ 145-ാം ജന്മദിനം 2018 ജനുവരി 14-ാം തീയതി ഞായറാഴ്ച** യാണല്ലോ. ജന്മദിനാഘോഷങ്ങളുടെ ഭാഗമായി 2018 ജനുവരി 13-ാം തീയതി ശനിയാഴ്ച എടത്വാ, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിങ്കൽനിന്നും രാവിലെ 6 മണിക്ക് ചമ്പക്കുളത്തേയ്ക്കുള്ള പദയാത്ര ആരംഭിക്കുന്നു. അന്നേ ദിവസം രാവിലെ 9 മണിക്ക് മറ്റ് ഫൊറോനാകളിൽ നിന്നുള്ള തീർത്ഥാടകർ ചമ്പക്കുളം കല്ലൂർക്കാട് സെന്റ് മേരീസ് ബസിലിക്കയിൽ എത്തുന്നതുമാണ്. വി. കുർബാനയുടെ ആരാധനയിലും ആഘോഷമായ വി. ബലിയർപ്പണത്തിലും ജന്മഗൃഹത്തിലേയ്ക്കു നടത്തുന്ന പദയാത്രയിലും പങ്കെടുത്ത് അനുഗൃഹീതരാകുവാൻ നിങ്ങളെ ഏവരേയും ആത്മാർത്ഥമായി ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം,

**വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**

(റെക്ടർ-ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക)

**മദർ ഗ്രെയ്സ് പെരുമ്പനാനി SABS**

(സുപ്പീരിയർ ജനറൽ)

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

"നമ്മിൽ നിന്നുതന്നെ പുറത്ത് കടന്നുകൊണ്ട് നമ്മെത്തന്നെയും സുവിശേഷത്തെയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലൂടെ, ഇല്ലായ്മയിൽ കഴിയുന്നവർക്ക്, നമുക്ക് നല്കാനാവുന്ന ചെറിയ സഹായങ്ങളിലൂടെയൊക്കെ, നാം ക്രിസ്തുവിനെ കണ്ടുമുട്ടുകയാണ് ചെയ്യുന്നത്. അങ്ങനെ അവിടത്തെ കൃപ നമ്മിൽ ജീവിക്കുകയും സമൃദ്ധമാവുകയും ചെയ്യുന്നു. തെരുവിലിറങ്ങി പ്രവർത്തിക്കേണ്ടിവരുന്നതുവഴി വ്രണിതയായ സഭയും, ഉൾവലിഞ്ഞിരിക്കുകയും രോഗഗ്രസ്തയായതുമായ സഭയും തമ്മിൽ ഒരു തെരഞ്ഞെടുപ്പ് എനിക്കാവശ്യമായി വന്നാൽ ആദ്യത്തെതായിരിക്കും ഞാൻ സ്വീകരിക്കുക.

(പോപ്പ് ഫ്രാൻസിസ്, മാർച്ച് 28,2013)

**1. പുതിയ സേവന സമിതി**

അടുത്ത രണ്ടുവർഷക്കാലയളവിലേക്കായി ചങ്ങനാശേരിയിലെ നവീകരണ ശുശ്രൂഷയെ നയിക്കാനായി തെരഞ്ഞെടുക്കപ്പെട്ട പുതിയ സേവന സമിതിയെ അഭിനന്ദിക്കുന്നു. "ആത്മനിറവോടെ, സഭയുടെ ഹൃദയത്തിൽ" എന്ന ജൂബിലി മുദ്രാവാക്യം പൂർവ്വാധികം ശക്തിയോടെ നമുക്ക് ഹൃദയത്തിൽ ഏറ്റെടുക്കാം. പുതിയ കോർഡിനേറ്ററായി കർത്താവ് തെരഞ്ഞെടുത്ത ടോമിച്ചൻ പുല്ലങ്കാവുങ്കലിനെ അഭിനന്ദിക്കുന്നു.

2. **സബ്സോണൽ കൺവൻഷൻ**: (i) കുട്ടനാട് സബ്സോണിലെ കൺവൻഷൻ ഡിസംബർ 2-ാം തീയതി പുന്നക്കുന്നത്തുശ്ശേരി' സെന്റ് ജോസഫ് ദേവാലയത്തിൽ സംഘടിക്കപ്പെട്ടു. സോണൽസർവീസ് ടീമംഗമായ ടോമിച്ചൻ പുല്ലങ്കാവുങ്കൻ നേതൃത്വം നൽകി. (ശശ) കുട്ടനാട് സബ്സോണൽ കൺവൻഷൻ അടുത്തതായി കാവാലം ലിസ്യൂ ഇടവക ദേവാലയത്തിൽ നടക്കുന്നതായിരിക്കും. ജനുവരി 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണി മുതലായിരിക്കും പ്രസ്തുത കൺവൻഷൻ.

**3. അല്മായ വചനപ്രഘോഷകർക്ക് വേണ്ടിയുള്ള പരിശീലന പദ്ധതിയും അംഗീകാരപത്ര വിതരണവും**

ചങ്ങനാശേരി അതിരൂപതയിലെ കരിസ്മാറ്റിക് വചനപ്രഘോഷകർക്ക് വേണ്ടി കുന്നന്താനം, സെഹിയാൻ ധ്യാനകേന്ദ്രത്തിൽ ഡിസംബർ 15,16 തീയതികളിൽ പരിശീലന പരിപാടി സംഘടിക്കപ്പെട്ടു. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ (വികാരി ജനറാൾ), പ്രൊഫ. പി.സി. അനിയൻകുഞ്ഞ്, റവ. ഫാ. ജോസഫ് കൊല്ലാറ, റവ. ഫാ. ജോസഫ് കൊച്ചുപറമ്പിൽ തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകളെടുത്തു. റവ. ഡോ. ജെയിംസ് പാലക്കൽ (വികാരി ജനറാൾ) പരിശീലനപരിപാടി വിജയകരമായി പൂർത്തീകരിച്ച വചനപ്രഘോഷകർക്ക് അതിരൂപതയുടെ അംഗീകാര പത്രങ്ങൾ വിതരണം ചെയ്തു. ചങ്ങനാശേരിയിലെ നവീകരണ ശുശ്രൂഷകളുടെ ഡയറക്ടർ/ആനിമേറ്റർ, റവ. ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിലാണ് പ്രസ്തുത പരിശീലന പരിപാടി ക്രമീകരിക്കപ്പെട്ടത്.

**ജയിംസ് നടുവിലേപറമ്പിൽ**
(കോർഡിനേറ്റർ)
9495520422

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
9446903631

**കുടുംബക്കാഴ്ച :** **കുടുംബത്തെ സ്നേഹിക്കുന്നവർ കാണേണ്ടതും അറിയേണ്ടതും**
**ഓഡിയോ വിഷ്വൽ സായാഹ്ന കൺവൻഷൻ**

നവമാധ്യമങ്ങളുടെ അതിപ്രസരത്തിൽ സംഭവിക്കുന്ന കുടുംബപ്രശ്നങ്ങൾ, ധാർമ്മിക അധഃപതനം, മാനസിക-ആരോഗ്യ പ്രശ്നങ്ങൾ, ആദ്ധ്യാത്മിക മരവിപ്പ്, വ്യക്തിബന്ധങ്ങളിലെ തകർച്ചകൾ എന്നിവ വളരെ സമഗ്രമായി അവതരിപ്പിക്കുന്ന ഓഡിയോ വിഷ്വൽ സായാഹ്ന കൺവൻഷൻ വിവിധ സ്ഥലങ്ങളിൽ ഫലപ്രദമായി സംഘടിപ്പിച്ചുകഴിഞ്ഞു. കുട്ടികളും യുവജനങ്ങളും മാതാപിതാക്കളും ഒന്നടങ്കം ഈ പ്രോഗ്രാം ഹൃദയത്തിൽ സ്വീകരിച്ചു. കുടുംബത്തെ സ്നേഹിക്കുന്നവർ കാണേണ്ടതും അറിയേണ്ടതുമെന്ന് പലരും അഭിപ്രായപ്പെടുന്നു. കുറേക്കൂടി നേരത്തെ ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും നടത്തേണ്ടതായിരുന്നുവെന്നും പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. നവമാധ്യമങ്ങളെ സംബന്ധിക്കുന്ന പ്രായോഗിക ദിശാസൂചനകളും വിവരങ്ങളും അടങ്ങിയ ലഘുലേഖകളും പ്രോഗ്രാമിൽ സംബന്ധിക്കുന്നവർക്ക് വിതരണം ചെയ്യുന്നതാണ്.

**കുടുംബക്കാഴ്ച** : ഓഡിയോ വിഷ്വൽ സായാഹ്ന കൺവൻഷൻ വിവിധ വേദികളിൽ

**ഡിസംബർ 2017**

02 : മുടിയൂർക്കര ഹോളി ഫാമിലി, വാർഡ് 3, 4

03 : നാലുകോടി സെന്റ് തോമസ്, സോൺ 3

10 : നാലുകോടി സെന്റ് തോമസ്, സോൺ 4

15 : മഹേന്ദ്രപുരം, സെന്റ് സെബാസ്റ്റ്യൻസ്

16 : മുടിയൂർക്കര ഹോളി ഫാമിലി, വാർഡ് 9

17 : നാലുകോടി സെന്റ് തോമസ്, സോൺ 5

**ജനുവരി 2018**

07 : മുടിയൂർക്കര ഹോളി ഫാമിലി, വാർഡ് 7, 8

13 : മുടിയൂർക്കര ഹോളി ഫാമിലി, വാർഡ് 1, 2

25 : കുമരകം നവ നസ്രത്ത്

27 : മുടിയൂർക്കര ഹോളി ഫാമിലി, വാർഡ് 5, 6

28 : നിർമ്മലപുരം സെന്റ് തോമസ്

**അമ്പതു നോമ്പിന്റെ വിശുദ്ധി: ഓഡിയോ വിഷ്വൽ സായാഹ്ന കൺവൻഷൻ**

അമ്പതു നോമ്പിന്റെ നാളുകളിൽ ഇടവകകളിലോ, വാർഡുകളിലോ നടത്താവുന്ന ധ്യാനാത്മക കൺവഷനാണ് അമ്പതു നോമ്പിന്റെ വിശുദ്ധി. നോമ്പുകാലം അവശ്യപ്പെടുന്ന 6 പുണ്യങ്ങളെയും നോമ്പുകാല ചിന്തകളെയും കോർത്തിണക്കി ഹൃദയസ്പർശിയായ ദൃശ്യങ്ങളും പ്രഭാഷണങ്ങളും അടങ്ങിയ 3 മണിക്കൂർ പ്രോഗ്രാമാണിത്. വൈകുന്നേരം 6 മുതൽ 9 വരെയാണ് സമയം; താത്പര്യമുള്ള ഇടവകകൾ മുൻകൂട്ടി ബുക്ക് ചെയ്യുമല്ലോ.

**കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും**

ഫാ. ആന്റണി എത്തയ്ക്കാട് – **9446194320**

ഫാ. ജോസഫ് പാറയ്ക്കൽ – **9544120698**

ഫാ. ജോബിൻ പെരുംമ്പളത്തുശ്ശേരി – **9400285923**

**DCMS ചങ്ങനാശേരി അതിരൂപതയിലെ ഫൊറോന കൺവൻഷൻ**

അതിരമ്പുഴ ഫൊറോന കൺവൻഷൻ 26.11.2017 ഞായർ 2.30 ന് അതിരമ്പുഴ അൽഫോൻസാ ഓഡിറ്റോറിയത്തിൽ നടന്നു. യോഗത്തിൽ ഫൊറോന പ്രസിഡന്റ് ശ്രീ. തോമസ് മയിലുനിൽക്കും കാലായിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. ജോയി ചെറുവള്ളിപറമ്പിൽ സ്വാഗതം ആശംസിച്ചു. റവ. ഡോ. സിറിയക് കോട്ടയിൽ യോഗം ഉദ്ഘാടനം ചെയ്തു. DCMS അതിരൂപത ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി ആമുഖപ്രസംഗം നടത്തി. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കൽ മുഖ്യപ്രഭാഷണവും വിഷയാവതരണവും നടത്തി. അതിരൂപത സെക്രട്ടറി ശ്രീ. റ്റോമി മംഗലത്ത്, ശ്രീ. മാത്യു ജോസഫ് എന്നിവർ ആശംസ അർപ്പിച്ചു. തുടർന്നു ശ്രീമതി സോഫിയാമ്മ ടീച്ചർ ചർച്ചയ്ക്കു നേതൃത്വം നൽകി. ശ്രീമതി ത്രേസ്യാമ്മ ജോസഫ് കൃതജ്ഞതയർപ്പിച്ചു. പ്രാർത്ഥനയോടെയോഗം പര്യവസാനിച്ചു.

10.12.2017 ൽ നാല്പാത്തിമല യൂണിറ്റ് തിരഞ്ഞെടുപ്പു ഉച്ചതിരിഞ്ഞു 2 p.m. ന് നടന്നു. അതിരൂപത പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിൽ വികാരി റവ. ഫാ. സോണി മുണ്ടുനടക്കൽ യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് യൂണിറ്റ് തിരഞ്ഞെടുപ്പു നടന്നു.

| | |
|---|---|
| പ്രസിഡന്റ് | - ശ്രീ. മാത്യു കെ.ഡി. കുറുമള്ളൂർകാല |
| വൈസ് പ്രസിഡന്റ് | - ശ്രീ. ജോർജ് സെബാസ്റ്റ്യൻ വെള്ളാനിക്കൽ |
| സെക്രട്ടറി | - ശ്രീ. ബിജു ജോസഫ് |
| ജോ. സെക്രട്ടറി | - ശ്രീമതി സിന്ധു കെ.ഒ. |
| ഖജാൻജി | - ശ്രീമതി സുനിത ബേബി |

**കമ്മറ്റിയംഗങ്ങൾ**: കുഞ്ഞുമോൻ മത്തായി, തോമസ് കുര്യൻ, എൻ.എം. സേവ്യർ, സിസിലി ബാബു. അന്നമ്മ പീറ്റർ, ലീലാമ്മ ചാക്കോ എന്നിവരെ തിരഞ്ഞെടുത്തു.

**കുടമാളൂർ ഫൊറോന സന്ദർശനം: 10.12.2017**

കുടമാളൂർ ഫൊറോനയിലെ ഐക്കരചിറ യൂണിറ്റ് രൂപത സെക്രട്ടറിയുടെ നേതൃത്വത്തിൽ സന്ദർശിക്കുകയുണ്ടായി. റ്റോമി മംഗലത്ത്, മാത്യു ജോസഫ്, ബേബി എം.സി. എന്നിവർ ഭവനസന്ദർശനം നടത്തി.

**വില്ലൂന്നി യൂണിറ്റ്**

വില്ലൂന്നി യൂണിറ്റ് ഉച്ചതിരിഞ്ഞു 3 p.m. ന് സന്ദർശനം നടത്തുകയും ഫൊറോനകൺവൻഷനിൽ യൂണിറ്റിൽനിന്നും ഡി.സി.എം.എസ്. അംഗങ്ങൾ പങ്കെടുക്കണമെന്നു പള്ളിയിൽ അറിയിപ്പുകൊടുക്കണമെന്നറിയിക്കുകയും ചെയ്തു.

കുടമാളൂർ ഫൊറോന കൺവൻഷൻ: 17.12.2017, മാന്നാനം സെന്റ് ജോസഫ് ഓഡിറ്റോറിയത്തിൽ നടന്നു.

17.12.2017 ഉച്ചതിരിഞ്ഞ് 2 p.m. ന് ബഹു. അതിരൂപത പ്രസിഡന്റ് ശ്രീ.

ജെയിംസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അതിരൂപത ജോ. സെക്രട്ടറി ശ്രീ. മാത്യു ജോസഫ് സ്വാഗതം ആശംസിച്ചു. DCMS അതിരൂപത ഡയറക്ടർ റവ. ഫാ. ജെസ്റ്റിൻ കായംകുളത്തുശ്ശേരി യോഗം ഉദ്ഘാടനം ചെയ്തു. റവ. ഫാ. സ്കറിയാ എതിരേറ്റ് മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. അഗസ്റ്റിൻ വള്ളപ്പുര ആശംസ അർപ്പിച്ചു. തുടർന്നു തിരഞ്ഞെടുപ്പു നടത്തി. അതിരൂപത സെക്രട്ടറി റ്റോമി മംഗലത്തു തിരിഞ്ഞെടുപ്പിന് നേതൃത്വം നൽകി.

**കുടമാളൂർ ഫൊറോന കമ്മറ്റിയംഗങ്ങൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - | ജോയി മാത്യു മാന്നാനം |
| വൈസ് പ്രസിഡന്റ് | - | പി.സി. സാബു കൈപ്പുഴ |
| സെക്രട്ടറി | - | ത്രേസ്യാമ്മ ജോസഫ് |
| ജോ.സെക്രട്ടറി | - | പാപ്പച്ചൻ നെല്ലിപ്പള്ളി |
| ഖജാൻജി | - | ജോബിനാ സെബാസ്റ്റ്യൻ |

**കമ്മറ്റിയംഗങ്ങൾ**

ത്രേസ്യാമ്മ, മത്തായി വർഗീസ്, ആലീസ് ജോൺ, ശാന്തമ്മ തോമസ്, ജോയി പുല്ലുപറമ്പിൽ എന്നിവരെ തിരഞ്ഞെടുത്തു.

രൂപത കമ്മറ്റിയംഗം ശ്രീ. ജോയി പുല്ലപ്പറമ്പിൽ നന്ദിയർപ്പിച്ചു.

**മംഗളപത്രം സമർപ്പിച്ചു**

പെരിയ ബഹു. ജോസ് പി. കൊട്ടാരത്തിലച്ചന്റെ പൗരോഹിത്യ ജൂബിലിയോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽവച്ച് അച്ചൻ ദലിത് കത്തോലിക്കർക്കു ചെയ്ത നന്മകളെ അനുസ്മരിച്ചുകൊണ്ട് DCMS പ്രസിഡന്റ് ശ്രീ. ജെയിസ് ഇലവുങ്കൽ മംഗളപത്രം സമർപ്പിച്ചു.

സ്നേഹപൂർവ്വം,

ക്രിസ്തുമസ് പുതുവത്സരാശംകളോടെ,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ഏവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങളും പുതുവർഷത്തിന്റെ സന്തോഷവും പ്രാർത്ഥനയിലൂടെ ആശംസിക്കുന്നു. ലോകരക്ഷകനായ ദൈവപുത്രന് ഒരു രാജകീയ ജനനം സാധിക്കുമായിരുന്നെങ്കിലും പുൽകൂട്ടിലാണ് ഉണ്ണിയേശു ഭൂജാതനായത്. ക്രിസ്തുനാഥൻ ഭൂമിയിലേക്കുവന്നത് പാപികളെ രക്ഷിക്കുവാൻ വേണ്ടിയാണ്, കാരണം പാപിക്ക് ഒരിക്കലും ദൈവത്തെ കാണുവാൻ സാധിക്കുകയില്ല. ലൂക്കാ സുവിശേഷകൻ പറയുന്നതുപോലെ ദൈവത്തെ നഷ്ടപ്പെടുത്തിയവരെ രക്ഷിക്കുവാനാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്.

ദൈവം സ്നേഹമാണ്. നമ്മുടെ ഹൃദയത്തിൽ സ്നേഹമില്ലാതെ വരുമ്പോൾ ഹൃദയത്തിൽനിന്നും നാം ദൈവത്തെ ആട്ടിയോടിക്കുകയാണു ചെയ്യുന്നത്. സ്നേഹം തുടരേണ്ടത് സ്വഭവനത്തിൽനിന്നാണ്. അതിൽ മാതാപിതാക്കളും സഹോദരങ്ങളും ഉൾപ്പെടുന്നു. നിന്റെ സഹോദരനെയോ, അയൽക്കാരനെയോ സ്നേഹിക്കാത്തവൻ ദൈവത്തെ കാണുകയില്ലെന്ന് അസന്നിഗ്ദമായി ബൈബിളിൽ പ്രസ്താവിക്കുന്നുണ്ട്.

ദൈവത്തിന്റെ നന്മയുടെ ഫലം മനുഷ്യൻ അനുഭവിക്കാത്ത ഒരുനിമിഷവും ഇല്ലാത്തതിനാൽ, അവന്റെ വിചാരത്തിൽ ദൈവമില്ലാത്ത ഒരു വിനാഴികയുമുണ്ടാകരുത്. (വി. അംബ്രോസ്) നല്ലവനായ ദൈവം നമ്മെ ഭൂമയിലേക്ക് അയച്ചിരിക്കുന്നത് നാം അവിടുത്തെ ശുശ്രൂഷിക്കുകയും, സ്നേഹിക്കുകയും, അവിടുത്തെ കല്പനകളെ അനുസരിക്കുകയും ചെയ്യുമോ എന്ന് പരീക്ഷിക്കുവാനാണ് (വി. ജോൺ മരിയ വിയാനി).

മാമ്മോദീസാവഴി രാജകീയ പൗരോഹിത്യത്തിന്റെ മഹത്വത്തിലേയ്ക്ക് ഉയർത്തപ്പെടുകയും സ്ഥൈര്യലേപനം വഴി ക്രിസ്തുവിനോടു കൂടുതൽ അഗാധമായി അനുരൂപപ്പെടുകയും ചെയ്തു. ക്രൈസ്തവർ മുഴുവൻ സമൂഹത്തോടുംകൂടി, കർത്താവിന്റെ ബലിയിൽ പരിശുദ്ധ കുർബാനവഴി പങ്കുചേരുന്നു.

യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും (മത്തായി 28:20) എന്ന ദൈവവചനത്തിന്റെ പൂർത്തീകരണമാണ് പരി. കുർബാന. വിൻസെൻഷ്യൻ പ്രവർത്തകരായ നാം വിശുദ്ധ കുർബാനയുടെ പ്രാധാന്യം മനസിലാക്കി സാധിക്കുമ്പോഴെല്ലാം പരി. കുർബാനയിൽ സംബന്ധിക്കുവാൻ പരിശ്രമിക്കണം.

ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും പാരമ്യവുമാണ് ദിവ്യബലി. പരി. കുർബാന നമ്മുടെ ദൈനംദിന ഭോജനമാണ്. ഓരോദിവസവും നമ്മൾ ദേവാലയത്തിൽ ശ്രവിക്കുന്ന വചനം നമുക്ക് അന്നന്നുവേണ്ടുന്ന ആഹാരമാണ്. ഇവയെല്ലാം നമ്മുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമാണ്. ഇവിടെ ജോൺപോൾ 2-ാമൻ മാർപാപ്പ പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചു പറഞ്ഞ ഒരു വാചകം ഏറെ പ്രസ്ഥാവ്യമാണ്. അതായത് "ചരിത്രത്തിലെ ആദ്യത്തെ സക്രാരിയാണ്

മറിയം" എന്നത് "തന്റെ ഏകജാതനെ ലോകരക്ഷയ്ക്കായി സന്തോഷപൂർവ്വം സമർപ്പിച്ചുകൊണ്ട് കുരിശിൻ ചുവട്ടിൽനിന്ന് അവിടുത്തെ ബലിയർപ്പിച്ചുകൊണ്ട് പരി. മറിയം ആദ്യത്തെ പുരോഹിതയായി" (വി. ആൽബർട്ട്). നാം ചെയ്യുന്ന ഓരോ ഉപവിപ്രവർത്തികളും ഒന്നിച്ചെടുത്താലും, ഒരൊറ്റ വിശുദ്ധകുർബാനയ്ക്കുള്ള വില അതിനുണ്ടാകുകയില്ലെന്നു വിശുദ്ധ ക്യൂറെ ഓപ്പ ആർസ് പ്രസ്ഥാവിക്കുന്നു. വിൻസെൻഷ്യൻ പ്രവർത്തകർ ഒരിക്കലും മറക്കാനാവാത്ത ഒരു വാചകമാണ് വി. ജസ്റ്റിൻ നമ്മെ ഓർമ്മിപ്പിക്കുന്നത്. അതായത് "പരിശുദ്ധ കുർബാന തിരുസഭയിലെ എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും ഉറവിടമാണ്.

"പ്രവർത്തനരഹിതമായ എന്റെ ജീവിതത്തിലെ ഓരോ ദിവസവും സമാരംഭിച്ചിരുന്നത് പരി. കുർബാന അർപ്പണത്തോടെയായിരുന്നു സമാപിച്ചിരുന്നതും തിരുമണിക്കൂർ ആരാധനാ-പ്രാർത്ഥനകളോടെയായിരുന്നു. (മദർ തെരേസാ). എന്നു പറഞ്ഞാൽ പ്രാർത്ഥനാരൂപി നമ്മുടെ പ്രവർത്തനങ്ങൾക്ക് ഏറെ മൂല്യം നല്കുന്ന ഒന്നാണെന്നുകൂടി ഓർക്കുക. കാരണം പ്രാർത്ഥനയിൽ ജീവിക്കുന്ന ഒരുവന് കൂടുതൽ ഓജസോടെ തന്റെ പ്രവർത്തികൾ ചെയ്യുവാൻ സാധിക്കുന്നു. പ്രാർത്ഥനയുടെ പ്രാധാന്യം വി. വിൻസെന്റ് ഡി പോളിന്റെ വാചകത്തിലൂടെ "നിങ്ങളുടെ ജീവിതത്തിൽ വിശ്വാസത്തിനെതിരായ ചിന്തകളും പാപപ്രലോഭനങ്ങളും ഉണ്ടാകുമ്പോൾ "വിശ്വാസപ്രമാണം" ആവർത്തിച്ചുചൊല്ലുക. ആ സമയം നിങ്ങളെ അലട്ടുന്ന ദുരാത്മാവ് ഈ പ്രാർത്ഥനയുടെ ശക്തിയാൽ വിട്ടുപോകും." നമ്മുടെ പ്രവർത്തനങ്ങൾക്ക് വിശുദ്ധ ചാവറയച്ചന്റെ ഈ വാക്യം കൂടി ചേർത്ത് കൂടുതൽ ശക്തിനല്കുക. "മറ്റുള്ളവർക്ക് എന്തെങ്കിലും നന്മ ചെയ്യാത്ത ദിവസം നിന്റെ ജീവിതത്തിൽ ഉണ്ടാകരുത്. പരോപകാരം ചെയ്യാത്ത ദിനങ്ങൾ നിന്റെ ആയുസിന്റെ കണക്കിൽ എണ്ണുകയില്ല."

### സി.സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റിംഗ് 2018 ജനുവരി 13 ശനിയാഴ്ച പതിവു സമയത്ത് നടത്തപ്പെടുന്നതാണ്. പുതുവർഷാദ്യം നടക്കുന്ന സമ്മേളനത്തിൽ അസൗകര്യങ്ങളെല്ലാം മാറ്റി പങ്കെടുക്കണമെന്നപേക്ഷിക്കുന്നു. നമ്മുടെ എല്ലാവരുടെയും സാന്നിധ്യത്തിലുള്ളതാകട്ടെ പുതുവർഷത്തിലെ ആദ്യ സമ്മേളനം.

### ഓഖി ദുരന്തം

ഓഖി ദുരന്തത്തിൽപെട്ടവർക്ക് സഹായഹസ്തം ആവശ്യപ്പെട്ടുകൊണ്ട് നമ്മുടെ നാഷണൽ പ്രസിഡന്റ് ബഹു.ജോൺസൺ വർഗീസ് ഒരു മെയിൽ അയച്ചിട്ടുണ്ട്. എല്ലാവരുടെയും സഹകരണത്തോടെ ഉചിതമായ ഒരു സഹായം നമ്മുടെ സി.സി.യിൽ നിന്ന് കൊടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുക.

സ്നേഹത്തോടെ,

ഈശോയിൽ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**

സി.സി. പ്രസിഡന്റ്

# ഫ്രാൻസിസ്കൻ അല്മായസഭ

"സമാധാനം - സൗഭാഗ്യം"

പ്രിയ സഹോദരരെ,

ഒരു പുതിയ വർഷം കൂടി കടന്നുവന്നിരിക്കുകയാണല്ലോ. വിശ്വാസത്തോടും, പ്രതീക്ഷയോടും, ഉത്സാഹത്തോടും, കാരുണ്യത്തോടുംകൂടി 2018-നെ നമ്മുക്കു വരവേല്ക്കാം. കൂടുതൽ തീക്ഷ്ണതയോടും, ഉത്തരവാദിത്വ ബോധത്തോടുംകൂടി പുതിയ വർഷത്തിലെ പ്രവർത്തനങ്ങളിൽ നമ്മുക്കും പങ്കുചേരാം. നവവർഷത്തിന്റെ എല്ലാ മംഗളങ്ങളും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു. കാരുണ്യവാനായ ദൈവം നമ്മുക്ക് നിരവധിയായ അനുഗ്രഹങ്ങൾ ചൊരിഞ്ഞ വർഷമായിരുന്നല്ലോ കടന്നുപോയത്. SFO യുടെ അതിരൂപതാ വാർഷികവും, വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും, SFO ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 109-ാം ചരമവാർഷീകാചരണങ്ങളും, നോമ്പുകാല പീഡാനുഭവ പദയാത്ര, റീജണൽ സെമിനാറുകൾ, അംഗങ്ങളുടെ സഭാവസ്ത്ര സ്വീകരണം, നിത്യവ്രതവാഗ്ദാനം എന്നിവയൊക്കെ ഭംഗിയായി നടത്തുവാൻ സാധിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ SFO അംഗങ്ങൾ കൂടുതൽ ഫ്രാൻസിസ്കൻ സാഹോദര്യത്തിൽ ജീവിക്കുന്നതിന് പോയവർഷത്തിൽ സാധിച്ചു എന്നതിൽ നമ്മുക്കഭിമാനിക്കാം. കഴിഞ്ഞവർഷങ്ങളിലെ ജീവിതത്തിലും പ്രവർത്തനങ്ങളിലും എന്തെങ്കിലും പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അവ തിരുത്തി തിരുവചനാധിഷ്ഠിത ജീവിതം നയിച്ചുകൊണ്ട് ദൈവത്തിന് കൂടുതൽ ഇഷ്ടമുള്ള മക്കളായി ജീവിക്കുവാൻ ഈ ശതോത്തര സുവർണ്ണ ജൂബിലി വർഷത്തിൽ പ്രതിജ്ഞയെടുക്കാം.

**പുതിയ ഭ്രാതൃത്വം**

മങ്കൊമ്പ് തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ SFO യുടെ പുതിയ ഭ്രാതൃത്വം തുടങ്ങി. തെക്കേക്കര പള്ളിയിൽ നടത്തിയ കപ്പൂച്ചിൻ മിഷൻ ധ്യാനത്തെ തുടർന്ന് ബഹുമാനപ്പെട്ട വികാരി ദമിയാനോസ് കോച്ചേരിയച്ചന്റെ അഭ്യർത്ഥനപ്രകാരം SFO അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ബഹു. ജോമോൻ ആശാംപറമ്പിൽ അച്ചനും അതിരൂപതാ ഭാരവാഹികളും ഇടവകാംഗങ്ങളെ നേരിൽ കണ്ട് SFO യെക്കുറിച്ചും, ഇടവകയിൽ അതിന്റെ ആവശ്യകതകളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കുകയും 17.12.2017 ഞായറാഴ്ച രാവിലെയുള്ള വി. കുർബാനയ്ക്കുശേഷം SFO യിൽ ചേരാൻ ആഗ്രഹമുള്ള അംഗങ്ങളെ വിളിച്ചുകൂട്ടിയ മീറ്റിംഗിൽ ഇടവക വികാരി ബഹു. ദമിയാനോസ് കോച്ചേരിയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടെ

SFO യുടെ പ്രാഥമിക രൂപീകരണം നടന്നു. SFO അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോമോൻ ആശാംപറമ്പിൽ  അംഗങ്ങൾക്ക് SFO യുടെ ആവശ്യകതയെക്കുറിച്ച് ആമുഖസന്ദേശം നൽകി. SFO അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൻ SFO ഭ്രാതൃത്വ ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു വിശദീകരിച്ച്  തെരഞ്ഞെടുപ്പുകൾക്ക് നേതൃത്വം നടത്തി. ഭ്രാതൃത്വ ഭാരവാഹികൾ: പ്രസിഡന്റ്-മാത്യു ആന്റണി കളരിത്തറ, വൈസ് പ്രസിഡന്റ്-തോമസ് തോമസ് മുടന്താഞ്ഞിലിയിൽ, സെക്രട്ടറി-ലിൻസി ജോസ് അറ്റത്തിൽചിറ, ഫോർമേറ്റർ-ജോസഫ് ജോസഫ് വളയത്തിൽ പുത്തൻവീട്, ട്രഷറർ-എം.വി. ജോർജ്ജ് മുണ്ടകത്തിൽ, കൗൺസിലേഴ്സ്-മറിയാമ്മ ജോൺ കൂട്ടുമ്മേൽ, ജാൻസി മൈക്കിൾ പുതുവീട് എന്നിവരെ തെരഞ്ഞെടുത്തു. SFO അതിരൂപതാ വൈസ് പ്രസിഡന്റ് പ്രമോദ് പി. ജോസഫ്, ഫോർമേറ്റർ അലക്സ് വി.സി. വലിയപറമ്പ്, പി.റ്റി. തോമസ് പുന്നശ്ശേരി എന്നിവർ തെരഞ്ഞെടുപ്പു പ്രക്രിയകൾക്ക് നേതൃത്വം നൽകി.

**SFO ശതോത്തര സുവർണ്ണജൂബിലി സ്മാരക കലണ്ടർ-2018**

SFO ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സ്മാരകമായി ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചിത്രത്തോടുകൂടിയുള്ള ഡേറ്റ് കലണ്ടറുകൾ നിങ്ങളുടെ ഭ്രാതൃത്വങ്ങളിൽ എത്തിച്ചിട്ടുണ്ട്. SFO അംഗങ്ങൾ അത് ഏറ്റുവാങ്ങി. ഇടവകാംഗങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചുകൊടുക്കണമെന്ന് അറിയിക്കുന്നു.

പുൽകൂട്ടിൽ പിറന്ന ഉണ്ണിയേശുവിന്റെ സ്നേഹാനുഗ്രഹങ്ങൾ ഈ പുതുവർഷത്തിൽ നിങ്ങൾക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM.Cap.
SFO അതിരൂപതാ Spiritual Assistant

## ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം

ചങ്ങനാശേരി അതിരൂപത ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ ഡിസംബർ മാസത്തെ പ്രാർത്ഥനാ സമ്മേളനം 10.12.2017 ൽ ഞായറാഴ്ച ഉച്ചകഴിഞ്ഞ് കൃത്യം രണ്ടരയ്ക്ക് പാറേൽ ലീജിയൻ ഹാളിൽ കമ്മീസിയം പ്രസിഡന്റ് ബ്രദർ തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് ജ്ഞാനവായന, നിയമഗ്രന്ഥം അദ്ധ്യായം 18 ന്റെ രഹസ്യധനശേഖരം എന്ന ഭാഗം വായിച്ചുചു. കൂരിയായിയലേയ്ക്കും ഉന്നതസമതികളിലേയ്ക്കും പ്രസീദിയങ്ങളിലേയ്ക്കും ഭരണജോലി നടത്താനും ലീജിയൻ വികസിപ്പിക്കുവാനും വേണ്ടി വരുന്ന ചെലവുകൾ വഹിക്കുവാനാണ് രഹസ്യധനശേഖരം നടത്തുന്നത്. സംഭാവനകൾ നൽകാൻ കഴിവുള്ളവരും ഇല്ലാത്തവരും ലീജിയന് ഒരുപോലെയാണെന്ന് വ്യക്തമാക്കുവാനാണ് പിരിവ് രഹസ്യമാക്കിയിരിക്കുന്നത്. ഓരോ സൈനികരും ശേഖര സഞ്ചിയിൽ ഇടുന്ന തുകയെ ആശ്രയിച്ചിരിക്കും ലീജിയന്റെ നടത്തിപ്പ് എന്ന് എല്ലാവരും ധരിച്ചിരിക്കണം. ഇതായിരുന്നു ജ്ഞാനവായന മുഖ്യസന്ദേശം.

കൂത്രപ്പള്ളി കൂകിയായിൽ നിന്നു വന്നവർക്കും കമ്മീസിയം ആയിട്ട് നേരിട്ടു ബന്ധമുള്ള 25 പ്രസീദിയങ്ങളിൽ 22 പ്രസീദിയങ്ങളെ പ്രതിനിധീകരിച്ച് വന്നിരുന്ന 40 ഭാരവാഹികളേയും സന്നിഹിതരായിരുന്ന മറ്റ് സൈനികരേയും വൈസ് പ്രസിഡന്റ് സി. വത്സമ്മ കൂട്ടുമ്മേലിന്റെ നിർദ്ദേശപ്രകാരം സി. എത്സമ്മ കോട്ടപ്പുറം മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു. തുടർന്ന് ഹാജർ രേഖപ്പെടുത്തി.

സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി നവംബർമാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സഭ പാസ്സാക്കി പ്രസിഡന്റ് ഒപ്പുവെച്ചു. പിന്നീട് സൈനിക ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം വേദപ്രചാരമാസിക മദ്ധ്യസ്ഥനിൽ 2017 നവംബർ വന്ന ലീജിയന്റെ വാർത്തകൾ പ്രസിഡന്റ് സഭയെ വായിച്ചുകേൾപ്പിച്ചു.

ഡിസംബർ 10-ന് നടക്കാതെപോയെ ലീജിയന്റെ വാർഷികസമ്മേളനം ജനുവരി 14 ന് നടത്താമെന്നു തീരുമാനിച്ചു. സ്ത്രീകൾ blue and white uniform ലും പുരുഷന്മാർ white shirt ഉം അണിഞ്ഞ് സമ്മേളനത്തിന് വരണമെന്ന് പ്രസിഡന്റ് ശക്തമായി ആഹ്വാനം ചെയ്തു. സെനാത്തൂസ് വാലായിൽ നിന്നും വന്നി

രുന്ന കത്തിന്റെ വിവരങ്ങൾ അടുത്ത സമ്മേളനത്തിൽ അറിയിക്കാമെന്ന് ഏറ്റിട്ടുണ്ട്.

ഉഷകാലനക്ഷത്രം വേരൂർ അനുഗ്രഹമാതാ പാറേൽ എന്നീ പ്രസീദിയങ്ങൾ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അടുത്ത സമ്മേളനത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടവർ ലൂർദ്ദമാതാ മാമ്മൂട്, ജപമാലരാജ്ഞി കൂനന്താനം എന്നീ പ്രസീദിയങ്ങൾ ആണെന്ന് സെക്രട്ടറി ഓർമ്മിപ്പിച്ചു.

ദൈവദാസൻ ഫ്രാങ്ക്ഡഫിനെ വാഴ്ത്തപ്പെട്ടവനാക്കാനുള്ള പ്രാർത്ഥനയ്ക്കു ശേഷം സൈനികർ പരസ്പരം സ്തുതിയുംകൊടുത്ത് സ്വഭവനങ്ങളിലേയ്ക്കു പോയി.

കമ്മീസിയത്തിനുവേണ്ടി,

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ.**
കണ്ണമ്പള്ളി (സെക്രട്ടറി)

125

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## ദൈവപുത്രത്വത്തിന്റെ സുവിശേഷപ്രഘോഷകൻ

**(തിരുവചനഭാഗം: മർക്കോ 15,1-47)**

വി. മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത്, "ദൈവപുത്രനായ ഈശോമിശിഹായുടെ സുവിശേഷത്തിന്റെ ആരംഭം" (1,1) എന്നു പറഞ്ഞുകൊണ്ടാണ്. ഈശോയുടെ സുവിശേഷപ്രഘോഷണത്തിന്റെ അവസാനഘട്ടത്തിൽ, മർക്കോസ് പീഡാനുഭവവിവരണം അവസാനിപ്പിക്കുന്നത്, അവിടുത്തെ ദൈവപുത്രത്വം പ്രഖ്യാപിച്ചുകൊണ്ടാണ്: "അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്രകാരം മരിച്ചതുകണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (15,39). മർക്കോസിന്റെ കാഴ്ചപ്പാടിൽ ഈശോ തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കിയത് തന്റെ മനുഷ്യത്വത്തിൽ ദൈവപുത്രത്വം ജീവിച്ചുകൊണ്ടും അത് വെളിപ്പെടുത്തിക്കൊണ്ടുമാണ്. ക്രൈസ്തവരുടെ അടിസ്ഥാനപരമായ വിളി പരിശുദ്ധിയും ദൈവപുത്രത്വവുമാണ്: "ഈശോമിശിഹാവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്, അവിടുന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു" (എഫേ 1,4-5). ദൈവപുത്രത്വം വെളിപ്പെടുത്തിക്കൊണ്ടുള്ള അവിടുത്തെ മനുഷ്യജീവിതത്തിന്റെ പൂർത്തീകരണമായിരുന്നു ഈശോയുടെ പീഡാനുഭവവും മരണവും. ഈശോയുടെ പീഡാനുഭവ വിവരണത്തിലെ റോമൻ വിസ്താരം മുതൽ മൃതസംസ്കാരംവരെയാണ് മർക്കോസ് 15-ാം അദ്ധ്യായം വിവരിക്കുന്നത്. അഞ്ചു ഭാഗങ്ങളാണ് ഈ വിവരണത്തിലുള്ളത്. 1. വിചാരണയും വിധിയും (15,1-15); 2. പടയാളികളുടെ പരിഹാസം (15,16-20); 3. ഈശോ കുരിശിൽ (15,21-32); 4. ഈശോയുടെ മരണം (15,33-41); 5. മൃതസംസ്കാരം (15,42-47).

**1. ദൈവപുത്രത്വം വെളിപ്പെടുത്തുന്ന രാജത്വം**

"*പീലാത്തോസ് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ? അവൻ മറുപടി പറഞ്ഞു: നീ തന്നെ പറയുന്നു*" (15,2).

"നീ യഹൂദരുടെ രാജാവാണോ?" എന്ന പീലാത്തോസിന്റെ ചോദ്യം, യഹൂദർ ഈശോയ്ക്കെതിരെ ഉന്നയിച്ച ആരോപണം എന്തായിരുന്നു എന്ന് വ്യക്ത

മാക്കുന്നു. മിശിഹായെ ഒരു രാജാവായാണ് ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്നത്. അതുകൊണ്ട് താൻ മിശിഹായാണ് എന്ന ഈശോയുടെ പ്രഖ്യാപനം താൻ രാജാവാണെന്ന പ്രഖ്യാപനത്തിനു തുല്യമാണെന്ന് യഹൂദർ പീലാത്തോസിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടാവണം. രാജാവാണെന്ന് അവകാശപ്പെടുന്നത് സീസറിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഗൗരവമായ രാജ്യദ്രോഹക്കുറ്റമാണ്. "നീ തന്നെ പറയുന്നു" എന്നത് സമ്മതം പ്രകടിപ്പിക്കുന്ന പ്രയോഗമാണ് (ലൂക്കാ 22,70-71). താൻ രാജാവാണെന്ന് ഈശോ സമ്മതിക്കുന്നു. എന്നാൽ അത് പീലാത്തോസ് ഭയക്കുന്ന തരത്തിലുള്ള രാജത്വമല്ല (മത്താ 27,2). എങ്കിലും ഈശോ മരണത്തിനു വിധിക്കപ്പെടുന്നത് തന്റെ രാജത്വത്തിന്റെ പേരിലാണ്. കുറ്റവാളിയുടെ കുറ്റമായി കുരിശിൻ മുകളിൽ എഴുതിവച്ചതും "യഹൂദന്മാരുടെ രാജാവായ നസറായൻ ഈശോ" എന്നായിരുന്നുവല്ലോ.

ഈശോയുടെ രാജത്വത്തിന്റെ സ്വഭാവം വി. യോഹന്നാന്റെ സുവിശേഷത്തിൽ വ്യക്തമാക്കുന്നുണ്ട്: "ഇതിനു വേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനു വേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും - സത്യത്തിനു സാക്ഷ്യം നല്കാൻ" (യോഹ 18,37). സത്യത്തിനു സാക്ഷ്യം നല്കുന്ന രാജത്വമാണ് ഈശോയുടെ രാജത്വം. സത്യമെന്നു പറയുന്നത് ദൈവവചനമാണ് (യോഹ 17,17). ഈശോ 'വചനം മാംസമായ' വ്യക്തിയാണ് (യോഹ 1,14). 'വചനം' വ്യക്തിയുടെ സ്വയം വെളിപ്പെടുത്തലാണ്. വചനമാകുന്ന ഈശോ ദൈവമാകയാൽ (യോഹ 1,1-2) അവിടുത്തെ വചനം ദൈവത്തെ വെളിപ്പെടുത്തുന്നതാണ്. യോഹ 1,1-2 നു സമാന്തരമായ 1,18 ൽ വ്യക്തമായി പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്". ഈശോയുടെ ജീവിതം മുഴുവൻ ദൈവവുമായുള്ള പിതൃപുത്രബന്ധത്തിന്റെ വെളിപ്പെടുത്തലായിരുന്നു. 'ബറാബ്ബാസ്' എന്ന വാക്കിന്റെ അർത്ഥം 'അപ്പന്റെ മകൻ' എന്നാണ്. മാനുഷികപുത്രത്വം അക്രമത്തിന്റേതും കൊലപാതകത്തിന്റേതുമാണെങ്കിൽ ദൈവപുത്രത്വം അഹിംസയുടേതും സ്നേഹത്തിന്റേതുമാണ്. ബറാബ്ബാസിനെ മോചിപ്പിക്കാനും ഈശോയെ ക്രൂശിക്കാനും ആവശ്യപ്പെട്ടതിലൂടെ യഹൂദർ മാനുഷികപുത്രത്വത്തെ സ്വീകരിക്കുകയും ദൈവികപുത്രത്വത്തെ നിരസിക്കുകയുമാണ് ചെയ്തത്. ഈ ദൈവികപുത്രത്വത്തിന്റെ സുവിശേഷമാണ് പുരോഹിതൻ പ്രഘോഷിക്കേണ്ടത്.

**2. ശത്രുക്കളെ സ്നേഹിക്കുന്ന ദൈവപുത്രത്വം**

"*അവർ അവനെ ചെമപ്പുവസ്ത്രം ധരിപ്പിക്കുകയും ഒരു മുൾക്കിരീടം മെടഞ്ഞ് അണിയിക്കുകയും ചെയ്തു. യഹൂദരുടെ രാജാവേ, സ്വസ്തി! എന്ന് അവർ അവനെ അഭിവാദനം ചെയ്യാൻ തുടങ്ങി. പിന്നീട് ഞാങ്ങണകൊണ്ട് അവന്റെ ശിരസ്സിൽ അടിക്കുകയും അവന്റെമേൽ തുപ്പുകയും മുട്ടുകുത്തി അവനെ പ്രണമിക്കുകയും ചെയ്തു*" (15,17-19).

റോമൻ പടയാളികളാൽ പരിഹസിക്കപ്പെടുന്ന രംഗമാണ് ഇവിടെ വിവരിക്കുന്നത്. സാൻഹെദ്രീനിലെ വിചാരണ അവസാനിക്കുന്നതുപോലെതന്നെ പീലാത്തോസിന്റെ വിചാരണയും പടയാളികളുടെ പരിഹാസത്തോടെയാണ് അവസാനിക്കുന്നത്. വിജാതീയരാൽ താൻ അപമാനിക്കപ്പെടുമെന്ന് ഈശോ പ്രവചിച്ചിരുന്നു: "അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ പരിഹസിക്കുകയും അവന്റെമേൽ തുപ്പുകയും അവനെ പ്രഹരിക്കുകയും വധിക്കുകയും ചെയ്യും. മൂന്നു ദിവസത്തിനുശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും" (10,34). രാജകീയ വസ്ത്രത്തിന്റെ നിറമാണ് ചെമപ്പ്. ചെമപ്പുവസ്ത്രവും മുൾക്കിരീടവുമണിയിക്കുന്നത് ഈശോയുടെ രാജത്വത്തെ പുച്ഛിക്കുന്നതിനും പരിഹസിക്കുന്നതിനുംവേണ്ടിയാണ്. അറിയാതെയാണെങ്കിലും പടയാളികൾ ഈശോയെ മുൾക്കിരീടം ധരിപ്പിക്കുന്നത് അർത്ഥഗർഭമാണ്. മനുഷ്യപാപത്തിന്റെ ദൈവശിക്ഷയായ മുള്ളും മുൾച്ചെടികളും (ഉല്പ 3,17-18) ഈശോ തന്റെമേൽ ഏറ്റെടുക്കുകയാണ്. "സീസറേ, സ്വസ്തി" എന്നത് അനുകരിച്ചാണ് "യൂദന്മാരുടെ രാജാവേ, സ്വസ്തി" എന്ന് ആക്ഷേപിക്കുന്നത്. ഈശോയുടെ രാജത്വത്തെയാണ് അവർ അധിക്ഷേപിച്ചത്. ഈശോ യഥാർത്ഥത്തിൽ രാജാവാണെന്ന സത്യം അറിയാതെയാണെങ്കിലും തങ്ങളുടെ പ്രവൃത്തിയിലൂടെ അവർ പ്രഘോഷിക്കുകയായിരുന്നു.

ക്രിസ്തീയജീവിതം പരിഹസിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്ന ഒരു ജീവിതമാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശ്വാസമാണല്ലോ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. 'വിശ്വാസികളുടെ സമൂഹം' എന്നാണ് ആദിമക്രൈസ്തവസമൂഹം അറിയപ്പെട്ടിരുന്നത് (നട 4,32). വിശ്വാസത്തിന്റെ വെളിച്ചത്തിലുള്ള ജീവിതം വിശ്വാസമില്ലാത്തവർക്ക് മനസ്സിലാക്കുവാനും സ്വീകരിക്കുവാനും ബുദ്ധിമുട്ടുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ട് വിശ്വാസമില്ലാത്തവരുടെ പരിഹാസവും നിന്ദയും വിശ്വാസികൾക്ക് എപ്പോഴും പ്രതീക്ഷിക്കാം. സഭ മനുഷ്യരുടെ സമൂഹമായതുകൊണ്ടും സഭാംഗങ്ങൾക്കെല്ലാവർക്കും എപ്പോഴും വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കാൻ കഴിയാതെ വരുന്നതുകൊണ്ടും സഭയിൽത്തന്നെ ഇതുപോലെയുള്ള സാഹചര്യങ്ങളുണ്ടാകാം. അജപാലകരായ പുരോഹിതരെ സംബന്ധിച്ചിടത്തോളം അവരുടെ ശുശ്രൂഷാതലങ്ങളിലും മനസ്സിലാക്കപ്പെടാതെ നിന്ദനവും പരിഹാസവും ലഭിക്കുന്ന സാഹചര്യങ്ങളുണ്ടാകാം. അപ്പോഴൊക്കെ പടയാളികളാൽ പരിഹസിക്കപ്പെട്ട ഈശോ നമുക്കു പ്രചോദനമാകണം. അവിടുന്നു പഠിപ്പിച്ചു: "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും" (മത്താ 5,44-45). താൻ പഠിപ്പിച്ചത് തന്റെ പീഡാനുഭവത്തിൽ ഈശോ അക്ഷരാർത്ഥത്തിൽ ജീവിച്ചു. അവിടുത്തെ പ്രബോധനവും ജീവിതവും നമുക്കും പ്രചോദനമാകണം.

### 3. സഹനം അവകാശമായി കരുതുന്ന ദൈവപുത്രത്വം

"*തലയോടിടം എന്നർത്ഥമുള്ള ഗോൽഗോഥായിൽ അവർ അവനെ കൊണ്ടുവന്നു. മീറ കലർത്തിയ വീഞ്ഞ് അവർ അവനു കൊടുത്തു. അവൻ അതു കുടിച്ചില്ല. പിന്നീട്, അവർ അവനെ കുരിശിൽ തറച്ചു. അതിനുശേഷം അവർ അവന്റെ വസ്ത്രങ്ങൾ ഭാഗിച്ച് ഓരോരുത്തരും എടുക്കേണ്ട വീതത്തിനു കുറിയിട്ടു*" (15,22 –24).

കാര്യമായ വിശദീകരണങ്ങളൊന്നുമില്ലാതെയും, ശാരീരിക വേദനകളുടെ വർണ്ണനകൾ കൂടാതെയും വളരെ ചുരുങ്ങിയ വാക്കുകളിൽ ലളിതമായാണ് ഈശോയെ കുരിശിൽ തറയ്ക്കുന്ന സംഭവം മർക്കോസ് രേഖപ്പെടുത്തുന്നത്. 'തലയോട്ടി' എന്നർത്ഥമുള്ള 'ഗുൽഗുൽത്താ' എന്ന അറമായ പദത്തിന്റെ ഗ്രീക്കു പരിഭാഷയാണ് 'ഗൊൽഗോഥാ' എന്ന വാക്ക്. ആ സ്ഥലത്തിന് തലയോട്ടിയുടെ ആകൃതിയുണ്ടായിരുന്നിരിക്കാം. ആദത്തിന്റെ തല കിടന്നിരുന്ന സ്ഥലമാണതെന്ന ഒരു പാരമ്പര്യം നിലവിലുണ്ടായിരുന്നതായി വി.ജറോം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പാപത്തിന്റെ ഫലമായി ശിക്ഷയ്ക്കും മരണത്തിനും വിധേയനായ മനുഷ്യനെ രക്ഷിക്കുവാൻ വേണ്ടിയാണ് ഈശോ കുരിശിൽ തറയ്ക്കപ്പെട്ടത്. മീറ കലർത്തിയ വീഞ്ഞ് ഈശോയുടെ വേദന കുറയ്ക്കാൻവേണ്ടി നല്കിയതായിരിക്കണം (സുഭാ 31,6–7). എന്നാൽ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള സഹനങ്ങൾ പൂർണ്ണബോധത്തോടെ ഏറ്റുവാങ്ങാൻ നിശ്ചയിച്ചിരുന്നതിനാൽ ഈശോ അതു കുടിച്ചില്ല. കുരിശിൽ മയങ്ങിക്കിടന്നുകൊണ്ടല്ല, പൂർണ്ണമായ അവബോധത്തോടെയാണ് ഈശോ മനുഷ്യരക്ഷ സാധിച്ചത്. "അവനോടുകൂടെ രണ്ടു കവർച്ചക്കാരെയും അവർ കുരിശിൽ തറച്ചു. ഒരുവനെ അവന്റെ വലത്തുവശത്തും അപരനെ ഇടത്തുവശത്തും" (15,27–28). പാപികളെ രക്ഷിക്കുവാൻ ഈശോ പാപികളോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ടു. ഇപ്രകാരം ഈശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും രക്ഷാകരമൂല്യം വ്യക്തമാക്കിക്കൊണ്ടാണ് മർക്കോസ് ഈ രംഗം അവസാനിപ്പിക്കുന്നത്.

ദൈവപുത്രത്വത്തെ സംബന്ധിച്ചിടത്തോളം സഹനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്ന ഒരു കാഴ്ചപ്പാട് റോമാക്കാർക്കുള്ള പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽ കാണുന്നുണ്ട്. ശ്ലീഹാ പറയുന്നു: "നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും മിശിഹായുടെ കൂട്ടവകാശികളും. എന്തെന്നാൽ അവനോടൊപ്പം ഒരിക്കൽ മഹത്ത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു" (റോമാ 8,17). സഹനത്തിലൂടെ മഹത്ത്വത്തിൽ പ്രവേശിക്കുക എന്നത് ദൈവപുത്രസഹജമായ അവകാശമാണ്. അതുകൊണ്ട് ഈശോ ബോധപൂർവം കുരിശുമരണത്തിന്റെ സഹനം ഏറ്റെടുക്കുകയാണ്. ഈശോയോടൊപ്പം കുരിശു വഹിക്കാൻ ഭാഗ്യം ലഭിച്ച കിറേനക്കാരൻ ശിമയോന്റെ കാര്യവും ഈ സന്ദർഭത്തിൽ മർക്കോസ് പരാമർശിക്കുന്നുണ്ട്. അലക്സാണ്ടറിന്റെയും റൂഫസിന്റെയും പിതാവായിട്ടാണ് ശിമയോനെ

മർക്കോസ് പരിചയപ്പെടുത്തുന്നത് (15,21). റോമിലെ ക്രിസ്ത്യാനികൾക്ക് അവർ പരിചിതരായിരുന്നു (റോമാ 16,13). ഈശോയുടെ സഹനത്തിൽ പങ്കുചേരുന്ന ശിമയോൻ, ഇപ്പോൾ ദൈവപുത്രനായ മിശിഹായോടുകൂടെ പീഡയനുഭവിക്കുന്ന ദൈവപുത്രരായ ക്രൈസ്തവരെ പ്രതിനിധീകരിക്കുന്നു. പുരോഹിതജീവിതത്തിലെ സഹനങ്ങളും ദൈവപുത്രസഹജമായ അവകാശമായി കരുതി രക്ഷാകരമാക്കുവാൻ നാം പരിശ്രമിക്കണം.

**4. വെല്ലുവിളികളെ നേരിടുന്ന ദൈവപുത്രത്വം**

"*ഞങ്ങൾ കണ്ടു വിശ്വസിക്കുന്നതിനുവേണ്ടി ഇസ്രായേലിന്റെ രാജാവായ മിശിഹാ ഇപ്പോൾ കുരിശിൽനിന്ന് ഇറങ്ങിവരട്ടെ. അവനോടൊപ്പം ക്രൂശിക്കപ്പെട്ടവരും അവനെ പരിഹസിച്ചു*" (15,32).

ഈശോയെ കുരിശിൽ തറയ്ക്കുന്നതിനും ഈശോയുടെ മരണത്തിനുമിടയ്ക്കുള്ള സമയം മുഴുവൻ ഈശോ പരിഹസിക്കപ്പെടുന്ന ചിത്രമാണ് മർക്കോസ് അവതരിപ്പിക്കുന്നത്. "അതിലെ കടന്നുപോയവർ" പൊതുജനത്തിന്റെ പ്രതിനിധകളാണ്. 14,58 ൽ ഈശോയ്ക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് അവരുടെ പരിഹാസം. ദൈവാലയം നശിപ്പിച്ച് മൂന്നു ദിവസംകൊണ്ടു പണിയുന്നവൻ കുരിശിൽനിന്നിറങ്ങി വരട്ടെ എന്നതാണ് അവരുടെ പരിഹാസം (15,29-30). യഥാർത്ഥത്തിൽ തന്റെ ശരീരമാകുന്ന പുതിയ ദൈവാലയം പണിയുന്ന പ്രക്രിയയിലാണ് അവിടുന്ന് എന്നത് അവർ അറിയുന്നില്ല. ഈശോയെ പരിഹസിച്ച രണ്ടാമത്തെ സംഘം പുരോഹിതപ്രമുഖന്മാരും നിയമജ്ഞരുമടങ്ങുന്നതാണ് (15,31-32). മറ്റുള്ളവരെ രക്ഷിക്കുന്നവന് സ്വയം രക്ഷിക്കാൻ കഴിയാത്തതാണ് അവരുടെ പരിഹാസത്തിനു കാരണം. മറ്റുള്ളവരെ രക്ഷിക്കാൻവേണ്ടിയാണ് ഈശോ സ്വയം രക്ഷിക്കാത്തത് എന്ന് അവർ അറിയുന്നില്ല. ഈശോയെ പരിഹസിക്കുന്ന മൂന്നാമത്തെ സംഘം മറ്റു രണ്ടു കുറ്റവാളികളുടേതാണ്. ഈ മൂന്നു സംഘങ്ങളുടെയും പരിഹാസം സൂചിപ്പിക്കുന്നത്, സമൂഹത്തിൽ എല്ലാവരാലും -ഏറ്റവും ഉന്നതർ മുതൽ ഏറ്റവും താഴ്ന്നവർവരെ- പരിഹസിക്കപ്പെട്ടും തിരസ്കരിക്കപ്പെട്ടുമാണ് ഈശോ മരിക്കുന്നതെന്നാണ്.

ഈശോയുടെ ദൈവപുത്രത്വത്തിനു നേരെ ഉയർത്തപ്പെട്ട വെല്ലുവിളികളാണ് ഈ പരിഹാസങ്ങൾ. എല്ലാവരും ഒന്നടങ്കം ഈശോയോട് ആവശ്യപ്പെട്ടത് ഒന്നു മാത്രം: കുരിശിൽനിന്നിറങ്ങി വരിക (മർക്കോ 15,30-32; മത്താ 27,44). ഈശോയ്ക്ക് കുരിശിൽനിന്നിറങ്ങി വരാൻ കഴിയാതിരുന്നത്, ഒരൊറ്റ കാരണം കൊണ്ടാണ് - അനുസരണം. പിതൃഹിതത്തോടുള്ള പുത്രന്റെ അനുസരണം. പീഡാനുഭവത്തിന്റെ തുടക്കത്തിൽ ഈശോയുടെ പ്രാർത്ഥനയിൽ അതു വ്യക്തമാക്കപ്പെട്ടു. "ആബ്ബാ, പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്നു മാറ്റിത്തരണമേ! എന്നാൽ എന്റെ ഹിതമല്ല, അങ്ങയുടെ

ഹിതംമാത്രം" (14,36). ദൈവഹിതപ്രകാരം നാമോരോരുത്തരും തറയ്ക്കപ്പെട്ട കുരിശിൽനിന്ന് ഇറങ്ങിവരാനുള്ള പ്രലോഭനം എല്ലാ ജീവിതാന്തസ്സിലുള്ള വർക്കും ഉണ്ടാകാം. ഒരിക്കലും നന്നാകാത്ത ഭർത്താവുമായുള്ള വിവാഹബ ന്ധമെന്ന കുരിശിൽനിന്ന്; വൃദ്ധരും തീരാരോഗികളും അസംതൃപ്തരുമായ മാതാ പിതാക്കളുമൊത്തുള്ള ജീവിതമെന്ന കുരിശിൽനിന്ന്; വഴി പിഴച്ചവരും കുടും ബദ്രോഹികളുമായ മക്കളോട് എന്നും ക്ഷമിച്ചുകൊണ്ടുള്ള സഹനജീവിത ത്തിൽനിന്ന്; എത്ര പണിപ്പെട്ടിട്ടും ഫലം കാണാത്ത അജപാലനശുശ്രൂഷാജീ വിതമാകുന്ന കുരിശിൽനിന്ന്... നാമോരോരുത്തരും തറയ്ക്കപ്പെട്ടിരിക്കുന്ന കുരി ശിൽനിന്ന് ഇറങ്ങിവരാൻ സാധിക്കുന്നതാണ് ദൈവംകൂടെയുണ്ടെന്നുള്ളതിന്റെ അടയാളമെന്നു തോന്നാം. എന്നാൽ കുരിശിൽനിന്നിറങ്ങുന്നവനല്ല, മറ്റുള്ളവർക്കു വേണ്ടി കുരിശിൽ കിടക്കുന്നവനാണ് ദൈവപുത്രൻ.

**5. ലോകത്തിനു സാക്ഷ്യമായിത്തീരുന്ന ദൈവപുത്രത്വം**

"*അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്രകാരം മരിച്ചതു കണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു*" (15,39).

ഈശോയുടെ മരണവും സംസ്കാരവുമാണ് ഈ സുവിശേഷഭാഗം അവ തരിപ്പിക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ ക്രൂശിതനായ ഈശോ ഉച്ച രിച്ച ഒരേയൊരു വചനം സങ്കീ 22,1 ലെ പീഡയനുഭവിക്കുന്ന നീതിമാന്റെ, ഏറ്റവും ഹൃദയസ്പൃക്കായ വാക്കുകളിൽ, ദൈവത്തെ വിളിച്ചുള്ള നിലവിളിയാണ്. കുരി ശിൽ ഈശോയ്ക്ക് അനുഭവപ്പെട്ട തകർച്ചയും ദുഃസ്സഹവേദനയും ഏകാന്തസ ഹനവും പരിത്യക്തതയുടെ പാരമ്യവും ഈ നിലവിളി പ്രകാശിപ്പിക്കുന്നുണ്ട്. ദൈവം തന്നെ ഉപേക്ഷിച്ചതുപോലെ അവിടുത്തേക്ക് അനുഭവപ്പെട്ടു. ദൈവ ത്തിൽനിന്നു വിഛേദിക്കപ്പെടുന്ന പാപികളുടെ അനുഭവത്തോടു സദൃശ്യമായ അനുഭവമായിരിക്കണം ഈ നിലവിളിയിൽ പ്രതിധ്വനിക്കുന്നത്. പാപികളോടു താദാത്മ്യപ്പെട്ടുകൊണ്ട് പാപികളെ രക്ഷിക്കുന്ന ദൈവപുത്രത്വമാണ് ഇവിടെ പ്രകടമാകുന്നത്. അതേസമയം, "എന്റെ ദൈവമേ! എന്റെ ദൈവമേ!" എന്ന സംബോധനയിൽ ദൈവത്തിലുള്ള തന്റെ വിശ്വാസവും പ്രത്യാശയും നിഴലി ക്കുന്നുണ്ട്. വിലാപത്തിലാരംഭിക്കുന്ന 22-ാം സങ്കീർത്തനം അവസാനിക്കുന്നത് ദൈവം നല്കുന്ന സംരക്ഷണത്തെയും രക്ഷയെയും പറ്റിയുള്ള ഉറച്ച പ്രത്യാ ശയിലും നന്ദിപ്രകാശനത്തിലുമാണ് (സങ്കീ 22,19-31). ഈശോയുടെ നിലവിളി യിൽ ഇതും പ്രതിധ്വനിക്കുന്നുണ്ട്. അതികഠോരസഹനത്തിന്റെ അഗാധതലങ്ങ ളിൽനിന്നു ദൈവം പ്രിയപുത്രനെ ഉത്ഥാനത്തിന്റെ ഉന്നതങ്ങളിലേക്കുയർത്തു മെന്ന പ്രത്യാശയും ഈ നിലവിളി ഉൾക്കൊള്ളുന്നുണ്ട്.

ക്രൂശിക്കലിനു നേതൃത്വംകൊടുത്ത ശതാധിപൻ ഈശോയുടെ മരണം നേരിൽകണ്ട്, അവിടുത്തെ ദൈവപുത്രത്വം ഏറ്റുപറയുന്നു: "അവൻ ഇപ്രകാരം മരിച്ചതു കണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു"

(15,39). ഈശോ മരിച്ചത് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടാണ് (15,37). ഈ നില വിളിയുടെ പൊരുൾ എന്താണെന്ന് ബൈബിൾ വ്യാഖ്യാതാക്കൾ വിശകലനം ചെയ്യുന്നുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നു പറഞ്ഞ് "ആത്മാവിനെ സമർപ്പിച്ചു" എന്നാണ് (19,30) ഈശോയുടെ മരണത്തെ അവതരിപ്പിക്കുന്നത്. പിതാവ് തന്നെ ഏല്പിച്ച രക്ഷാകര ദൗത്യം അതിന്റെ തികവിൽ പൂർത്തീകരിച്ചു എന്ന പുത്രന്റെ സംതൃപ്തിയാണ് ഈ നിലവിളിയിൽ പ്രതിധ്വനിച്ചത് എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. സാധാരണ കുറ്റവാളികളുടെ മരണത്തിൽനിന്നും വ്യത്യസ്തമായ ഒരു മരണമായിരുന്നു ഈശോയുടേത് എന്നതാണല്ലോ ശതാധിപനെ ഈശോയുടെ ദൈവപുത്രത്വം ഏറ്റുപറയാൻ നിർബന്ധിച്ചത്. അത് തന്റെ പിതാവിന്റെ ഹിതം അതിന്റെ തികവിൽ പൂർത്തിയാക്കിയ ഈശോയുടെ പുത്രസഹജമായ, സംതൃപ്തിയോടുകൂടെയുള്ള മരണമായിരിക്കണം. 'ദൈവത്തിൽനിന്നു വന്നു, ദൈവത്തിലേക്കു പോകുന്നു' എന്നു വിശ്വസിക്കുന്ന ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ അടിസ്ഥാനപരമായ സംതൃപ്തിയുടെയും സന്തോഷത്തിന്റെയും കാരണം ജീവിതത്തിൽ ദൈവഹിതം പൂർത്തിയാക്കി എന്നതായിരിക്കും. മിശിഹായുടെ പ്രതിപുരുഷനായ പുരോഹിതനെ സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള സന്തോഷവും സംതൃപ്തിയുമായിരിക്കും ഏറ്റം വലിയ ജീവിതസാഫല്യവും സാക്ഷ്യവും.

**ജീവിതസൂചിക**

1. പിതാവായ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്ന ദൈവപുത്രർക്കടുത്ത ജീവിതമാണോ ഞാൻ നയിക്കുന്നത്?
2. മനസ്സിലാക്കപ്പെടാതെ നിന്ദനവും പരിഹാസവും നേരിടേണ്ടി വരുന്ന സന്ദർഭങ്ങളെ നിശബ്ദമായി സ്നേഹത്തോടെ നേരിടാൻ എനിക്കു കഴിയുന്നുണ്ടോ?
3. പുരോഹിതജീവിതത്തിൽ അനുഭവപ്പെടുന്ന സഹനങ്ങളെ ദൈവപുത്രസഹജമായ അവകാശങ്ങളായി കരുതി രക്ഷാകരമാക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
4. ദൈവഹിതപ്രകാരം നേരിടേണ്ടി വരുന്ന സഹനങ്ങളെ ഒഴിവാക്കാനുള്ള പ്രലോഭനങ്ങളെ ഞാൻ എങ്ങനെ നേരിടുന്നു?
5. എല്ലാം പൂർത്തിയാക്കി എന്ന സംതൃപ്തിയോടെ മരണത്തെ നേരിടാൻ തക്കവിധമാണോ ഞാൻ ജീവിക്കുന്നത്?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**നവംബർ**

25 രാവിലെ വി. കുർബാനയ്ക്കുശേഷം ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ പ്രതിഷ്ഠിക്കുവാനുള്ള തിരുശേഷിപ്പ് ഇടവക വികാരിക്കും ദൈവജനപ്രതിനിധികൾക്കും അതിരൂപതാ കേന്ദ്രത്തിൽ കൈമാറി. തുടർന്ന് മധ്യപ്രദേശിലെ ഉജ്ജയിൻ സെമിനാരിയിലേക്ക് യാത്ര തിരിച്ചു.

26 രാവിലെ ഉജ്ജയിൻ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സെമിനാരിയിലെ വൈദികരും ബ്രദേഴ്സിനോടുംചേർന്ന് സമയം ചിലവഴിച്ചു. തുടർന്ന് സമീപപ്രദേശങ്ങളിലെ CMC (ഭോപ്പാൽ പ്രൊവിൻസ്), SABS (ഉജ്ജയിൻ പ്രൊവിൻസ്), DST സന്ന്യാസ ഭവനങ്ങൾ സന്ദർശിച്ചു. ഉച്ചയ്ക്ക് ഉജ്ജയിൻ രൂപതാകേന്ദ്രത്തിലെത്തി അഭി. സെബാസ്റ്റ്യൻ വടക്കേൽ പിതാവിനോടൊപ്പം ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു. വൈകുന്നേരം ഉജ്ജയിൻ സെന്റ് തോമസ് സെമിനാരിയുടെ തിയോളജിയേറ്റിൽ നടന്ന ജൂബിലിഹോംഡേ ആഘോഷങ്ങളിൽ പങ്കുചേർന്നു.

27 ഉജ്ജയിൻ രൂപത കേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു. ഇൻഡോർ രൂപതാകേന്ദ്രം സന്ദർശിച്ച് ബിഷപ്പ് ചാക്കോ SVD യുമായി സംസാരിച്ചു. വാഴ്ത്തപ്പെട്ട രക്തസാക്ഷി സി. റാണി മരിയയുടെ രക്തസാക്ഷിത്വ സ്ഥലം, കബറിടം എന്നിവ സന്ദർശിച്ച് വൈകുന്നേരം സി.എം.സി. സന്ന്യാസസമൂഹത്തിന്റെ ഭോപ്പാൽ പ്രൊവിൻഷ്യൽ ഭവനത്തിലെത്തി അത്താഴം കഴിച്ചു.

28 രാവിലെ സത്നാ സെമിനാരിയിലെത്തി വൈദികരോടും ബ്രദേഴ്സിനോടും ഒപ്പം പ്രഭാത ഭക്ഷണത്തിൽ പങ്കുചേർന്നു. തുടർന്ന് വൈദിക വിദ്യാർത്ഥികളുമായി സംസാരിച്ചു. സ്തന രൂപതാ കേന്ദ്രത്തിലെത്തി അഭിവന്ദ്യ ജോസഫ് കൊടകല്ലിൽ പിതാവുമായി സംസാരിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം സത്നാ മൈനർ സെമിനാരി, DST സന്യാസിനീ സമൂഹത്തിന്റെ ഭവനം എന്നിവിടങ്ങൾ സന്ദർശിച്ചു. വൈകുന്നേരം സെന്റ് എഫ്രേം സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

29 സത്നായിൽ നിന്ന് ജബൽപൂർ രൂപത കേന്ദ്രത്തിൽ എത്തി. രൂപതാദ്ധ്യക്ഷൻ അൽമേയ്ഡ ജെറാൾഡ് പിതാവുമൊത്ത് ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു. തുടർന്ന് കേരളത്തിലേക്ക് മടങ്ങി.

30 ഇത്തിത്താനം ആശാഭവനിൽ മാനസിക വൈകല്യം ബാധിച്ച കുട്ടികൾക്കായി നടന്ന ക്യാമ്പിൽ സമാപന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഇത്തിത്താനം സി.എം.സി. സന്ന്യാസിനികളുടെ സഭാവസ്ത്ര സ്വീകരണത്തിന് കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

വൈകുന്നേരം നെടുമണ്ണി ഫാത്തിമാ മാതാ ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

**ഡിസംബർ**

1 ഉച്ചയ്ക്ക് ചങ്ങനാശേരി ചാസ്-ഖാദി ഷോറൂമിൽ ക്രിസ്മസ്, ന്യൂഇയർ മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

എടത്വാ മരിയാപുരം പള്ളിയുടെ മദ്ബഹ പുനഃകൂദാശ ചെയ്തു. തുരുത്തി പള്ളിയിലെ കൺവൻഷനിൽ സമാപന സന്ദേശം നൽകി.

2 രാവിലെ പ്രീസ്റ്റ് ഹോമിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് ബഹു. വൈദികർക്കൊപ്പം പ്രഭാതഭക്ഷണത്തിൽ പങ്കുചേർന്നു.

ഫാത്തിമാപുരം ഇടവകയിൽ കുന്നിപ്പറമ്പിൽ ഏലിയാമ്മ ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി ഫൊറോന കൗൺസിൽ ഏകദിന സമ്മേളനത്തിൽ സംബന്ധിച്ചു.

വൈകുന്നേരം ചേപ്പുംപാറ ക്ലൂണി സ്കൂളിന്റെ രജതജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു.

അത്താഴത്തിനുശേഷം ഡി.സി.എം.എസ്. എക്സിക്യൂട്ടീവ് അംഗങ്ങളുടെ ക്യാമ്പിൽ സന്ദർശിച്ച് സംസാരിച്ചു.

3 കുറിച്ചി മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു, തുടർന്ന് വൈദിക വിദ്യാർത്ഥികളുമായി സംസാരിച്ചു.

ഉച്ചകഴിഞ്ഞ് അയർക്കുന്നം ഇടവകയിൽ കോയിപ്പുറത്ത് ലില്ലിക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ യുവദീപ്തിയുടെ ജന്മദിനാഘോഷ സംഗമത്തിൽ പങ്കെടുത്തു സംസാരിച്ചു.

4 കാക്കനാട് മനഃശാസ്ത്ര അധ്യാപകരുടെ സംഗമത്തിൽ പങ്കെടുത്തു.

5–7 കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

7 വൈകുന്നേരം പാറേൽപള്ളി തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷണത്തിനുശേഷം, തീർത്ഥാടകരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

8 രാവിലെ പാറേൽപള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം തേക്കുപാറ ഇടവക തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

9 രാവിലെ ചേപ്പുംപാറ ഇടവകയിൽ വി. കുർബാനമദ്ധ്യേ സന്ദേശം നൽകുകയും രോഗികൾക്ക് ആശീർവാദം നൽകുകയും ചെയ്തു. കുടമാളൂർ ഫൊറോന പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

തുടർന്ന് കുറുമ്പനാടം ഇടവകയിൽ മേടയിൽ ജോസ് ഫിലിപ്പിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അതിനുശേഷം ചങ്ങനാശേരി എസ്.ബി. കോളേജ് കാവുകാട്ട്ഹാളിൽ മാതൃ-പിതൃവേദി സംഘടനകളുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. വൈകുന്നേരം അയ്മനം ഹോളിക്രോസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും ബധിര-മൂകർക്കുവേണ്ടിയുള്ള ശുശ്രൂഷയുടെ

ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

10 രാവിലെ വടവാതൂർ സെന്റ് തോമസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പുതുപ്പള്ളി സി.എം.ഐ. ആശ്രമത്തിലെ ബഹു. വൈദികരെ സന്ദർശിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാരുടെ സംഗമത്തിൽ പങ്കെടുത്തു സംസാരിച്ചു.

ഉച്ചകഴിഞ്ഞ് പള്ളിക്കൂട്ടുമ്മ ഫാത്തിമാമാതാ പള്ളിയിൽ പുതുതായി നിർമ്മിച്ച പള്ളിമേട വെഞ്ചരിച്ചു.

അടിച്ചിറ പരിത്രാണ ധ്യാനഭവനിൽ നടന്ന ജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. കെ.സി.ബി.സി. ബൈബിൾ പരായണ വേദിയിൽ സംസാരിച്ചു.

11 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. അയർക്കുന്നം ഇടവകയിൽ ചൂരപ്പുഴ ഏലിക്കുട്ടി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം വഹിച്ചു. വൈകുന്നേരം കോട്ടയം ഫൊറോനയിലെ വൈദിക കോൺഫറൻസിൽ പങ്കെടുത്തു സംസാരിച്ചു.

12 പുളിങ്കുന്ന് ഫൊറോനയിലെ വൈദിക കോൺഫറൻസിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപത കേന്ദ്രത്തിൽ നടന്ന ചാരിറ്റബിൾ ട്രസ്റ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

13 രാവിലെ കൂരിയ സമ്മളനത്തിനു ശേഷം തുരുത്തി കാനായിൽ നടന്ന വൈദികരുടെ തുടർപരിശീലന പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിക്കുകയും DCMS ന്റെ എക്സിക്യൂട്ടീവ് യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. വൈകുന്നേരം എടത്വാ ഫൊറോനയിലെ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

14 അതിരൂപതാ തിയളോജിക്കൽ ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന അർദ്ധദിന സെമിനാറിൽ പങ്കെടുത്തു. ഗുഡ്നെസ് ടിവിയിലേക്കുള്ള ക്രിസ്മസ് സന്ദേശം നൽകി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ സംബന്ധിച്ചു.

15 രാവിലെ വടവാതൂർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് വടവാതൂർ സെമിനാരി കമ്മീഷൻ അംഗങ്ങളുടെ സന്ദർശനത്തിൽ പങ്കെടുത്തു.

വൈകുന്നേരം അയർക്കുന്നം എക്യുമെനിക്കൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടന്ന കൺവൻഷനിൽ സംസാരിച്ചു.

16 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അല്മായ ധ്യാനപ്രസംഗകർക്കായി നടത്തപ്പെട്ട കോഴ്സിൽ പങ്കെടുക്കുന്നവർക്കായി വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ കെ.സി.ബി.സി. യുടെ ആഭിമുഖ്യത്തിൽ, തെക്കൻ മേഖലയിലെ രൂപതകളിലെ പാസ്റ്ററൽ

കൗൺസിൽ അംഗങ്ങൾക്കായി നടത്തപ്പെട്ട ഏകദിന സെമിനാറിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. പിന്നീട് അതിരൂപത ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കായി കത്തീഡ്രൽ അങ്കണത്തിൽ സംഘടിപ്പിച്ച അർദ്ധദിന സംഗമത്തിൽ പങ്കുചേർന്നു.

ഉച്ചകഴിഞ്ഞ് ജീവകാരുണ്യ ട്രസ്റ്റിന്റെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിൽ കാളാശ്ശേരി ബഹു. സെബാസ്റ്റ്യനച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കുകൊണ്ടു.

17 രാവിലെ മണിമല സെന്റ് ബേസിൽ ഇടവക പള്ളിയിൽ അജപാലന സന്ദർശനം നടത്തി. തുടർന്ന് ചേന്നങ്കരി എക്യുമെനിക്കൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പൊങ്ങ മാർസ്ലീവാ പള്ളിയങ്കണത്തിൽ നടന്ന ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം കുറിച്ചി നീലംപേരൂർ പള്ളിയിൽ നടത്തപ്പട്ട ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

18 രാവിലെ പുന്നത്തുറ സെന്റ് തോമസ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് തിരുനാൾ കൊടിയിറക്കി. ഉച്ചയ്ക്ക് ചാസ്സ് RRTC യുടെ ആഭിമുഖ്യത്തിൽ നടത്തിയ പോലീസ് ട്രെയിനിംഗ് പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം എസ്.ബി. ഹൈസ്കൂളിൽ, ബഹു. ജോസ് പി. കൊട്ടാരം അച്ചന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

19 രാവിലെ പാസ്റ്ററൽ സെന്ററിൽ Pre-marriage course ൽ പങ്കെടുത്തവർക്കായി വി. കുർബാനയർപ്പിച്ചു. അതിരൂപതാ കേന്ദ്രത്തിൽ പ്രവാസി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ഫൊറോന ഡയറക്ടർമാർക്കുവേണ്ടി നടത്തപ്പെട്ട അർദ്ധദിന സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ ധ്യാനപ്രസംഗം നൽകുന്ന വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങളുടെ സമ്മേളനത്തിലും തുടർന്ന് കത്തീഡ്രൽ പള്ളിയിൽ, ചങ്ങനാശ്ശേരി ഫൊറോനയിലെ വൈദികരുടെ സമ്മേളനത്തിലും പങ്കെടുത്തു.

20 അതിരൂപതാ കേന്ദ്രത്തിൽ മ്ശംശാനമാരുടെ മാതാപിതാക്കന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് വൈകുന്നേരം മ്ശംശാനമാരോടൊപ്പം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലേക്ക് പോയി.

21 മ്ശംശാനമാരോടൊപ്പം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സമയം ചിലവഴിച്ചു. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിലെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

22 രാവിലെ ഏറ്റുമാനൂർ ക്രിസ്തുരാജ ഇടവക പള്ളിയിലെ നവീകരിച്ച മദ്ബഹ പുനർകൂദാശ നടത്തി വി. കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. ഉച്ചയ്ക്ക് ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ക്രിസ്മസിനോടനുബന്ധിച്ചു നടന്ന സംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുന്ന

ന്താനത്ത് മ്ശംശാനമാർക്കായി നടത്തപ്പെട്ട കോഴ്സിൽ സംസാരിച്ചു. തുടർന്ന് കുറുമ്പനാടം ഫൊറോന പള്ളിയിൽ മേടയിൽ ശ്രീ. ജോസ് ഫിലിപ്പിന്റെ കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

23 നിരണം പള്ളിയിൽ ഉജ്ജയിൻ, സത്നാ സെമിനാരികളിൽ പഠിക്കുന്ന 3 വൈദികാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി. തുടർന്ന് കടുവാക്കുളം ചെറുപുഷ്പ ദൈവാലയത്തിൽ കുറ്റിക്കൽ ബഹു. ജോർജ്ജ് MCBS അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാംഭാഗം ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. പുളിങ്കുന്ന് ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങൾക്കുള്ള ഏകദിന സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ വിവിധ വകുപ്പുകളിലെ വൈദികരോടൊപ്പം ജീവനക്കാർക്കായി നടത്തപ്പെട്ട ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്ത് സമ്മാനങ്ങൾ നൽകി.

24 രാവിലെ പുഴവാത് സെന്റ് തോമസ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

25 കത്തീഡ്രൽ പള്ളിയിൽ പിറവിത്തിരുനാൾ തിരുകർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ അഭി. പിതാക്കന്മാർക്കും വൈദികർക്കുമൊപ്പം ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

# മാർ തോമസ് തറയിൽ

## ഡിസംബർ

1–2 ഇറ്റാവ മിഷൻ സന്ദർശിച്ചു

3 ഡി.സി.എം.എസ്. ന്റെ മീറ്റിംഗിൽ പങ്കെടുത്തു. തിരുനാളിനോടനുബന്ധിച്ച് കട്ടച്ചിറ ഇടവകദൈവാലയത്തിൽ സന്ദേശം നൽകി. യൂദാപുരം ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

4 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന മനശാസ്ത്രാദ്ധ്യാപകരായ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ഏകദിന സെമിനാർ സംഘടിപ്പിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി.

5–7 കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

8 പ. കന്യകാമറിയത്തിന്റെ തിരുനാളിനോടനുബന്ധിച്ച പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. സാൽവറ്റോറിയൻ സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന ജൂബിലിയോടനുബന്ധിച്ച് വില്ലൂന്നി സെന്റ് സേവിയേഴ്സ് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തിരുവനന്തപുരം നിർമ്മലഭവൻ സ്കൂളിന്റെ ക്രിസ്മസ് ദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

9 മലമുകൾ സെന്റ് ഷന്താൾ സ്കൂളിന്റെ ആനുവൽ ഡേയിൽ പങ്കെടുത്ത് സന്ദേശം നൽകി. വിഴിഞ്ഞം തീരദേശവും മരണമടഞ്ഞ സഹോദരന്മാരുടെ ഭവനങ്ങളും സന്ദർശിച്ചു.

10 എറണാകുളം-അങ്കമാലി അതിരൂപതയിലെ മതാദ്ധ്യാപക സെമിനാറിൽ ക്ലാസെടുത്തു. മനയ്ക്കച്ചിറ സെന്റ് ജോസഫ് ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 കാവാലം ക്നാനായ ഇടവകദൈവാലയത്തിന്റെ കൂദാശയോടനുബന്ധിച്ച് സന്ദേശം നൽകി. അസംപ്ഷൻ കോളേജിൽ നടന്ന സേവ്യർ ബോർഡ് ഓഫ് ഹയർ എഡ്യുക്കേഷന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

12–13 വൈദികർക്കുവേണ്ടി നടന്ന തുടർപരിശീലന പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

13 പച്ച ലൂർദ്ദ്മാതാ സ്കൂളിൽ നടന്ന സമർപ്പിതസംഗമത്തിൽ പങ്കെടുത്തു സംസാരിച്ചു.

14–17 മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ മ്ശംശാനമാർക്കു

വേണ്ടി ധ്യാനം നയിച്ചു. തൃശൂർ ജറുസലേം ധ്യാനകേന്ദ്രത്തിൽ യുവജനങ്ങൾക്ക് സന്ദേശം നൽകി.

18 ബ. ജോസ് പി. കൊട്ടാരത്തിലച്ചന്റെ ജൂബിലി ദിനാഘോഷത്തിൽ പങ്കെടുത്തു.

19 കുറിച്ചി മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും നവീകരിച്ച ബാസ്ക്കറ്റ്ബോൾ കോർട്ടിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു. പുന്നപ്ര ദനഹാലയിൽ ക്ലാസെടുത്തു. പാദുവാപുരം ഇടവകദൈവാലയത്തിൽ പാരീഷ്ഹാളിന്റെ ആശീർവ്വാദ കർമ്മം നടത്തുകയും ഇടവകദിന ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു.

20 സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. എസ്.ബി. കോളേജിൽ നടന്ന സ്റ്റാഫ് അസോസിയേഷൻ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു സംസാരിച്ചു. ബ. മ്ശംശാനമാരുടെ മാതാപിതാക്കളുടെ മീറ്റിംഗിൽ പങ്കെടുത്തു. അൽഫോൻസാ ബാലികാ ഭവനത്തിലെ ക്രിസ്മസ് ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

21 പാലാ അഭിഷേകാഗ്നി ബൈബിൾ കൺവൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കോട്ടയം നവജീവനിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു. കുറിച്ചി മൈനർ സെമിനാരിയിൽ നടന്ന ക്രിസ്മസ് ദിനാഘോഷത്തിൽ പങ്കെടുത്തു.

22 പാമ്പാടിയിൽ നടന്ന ഡിസ് തണ്ടർ വ്യപാരമേള ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ യോഗത്തിൽ പങ്കെടുത്തു. മേജർ സെമിനാരി വിദ്യാർത്ഥികളുടെ കൂട്ടായ്മയിൽ പങ്കെടുത്തു.

23 നിരണം മാർത്തോമാ ശ്ലീഹാ സെമിനാരിയിൽ വൈദികാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി. ഇത്തിത്താനം ഇടവകദൈവാലയത്തിൽ നടന്ന യൂത്ത് കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പുളിങ്കുന്ന് ഇടവകദൈവാലയത്തിൽ നടന്ന ഫൊറൈൻ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. വെഞ്ചെമ്പ് ഇടവകദൈവാലയത്തിൽ നവീകരിച്ച മദ്ബഹയുടെ കൂദാശാ കർമ്മം നടത്തി.

24 കണ്ണൻമൂല മദർ തെരേസാ ഇടവകദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ക്രിസ്മസ് ദിനാഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു.

25 തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ ഇടവകദൈവാലയത്തിൽ ക്രിസ്മസ് തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ചെങ്ങന്നൂരിൽ പുതിയ ഭവനത്തിന്റെ ആശീർവ്വാദകർമ്മം നടത്തി.

26 നാലുകോടി സെന്റ് തോമസ് ഇടവകദൈവാലയത്തിൽ ബഹു. മ്ശംശാന തോമസ് വേഷ്ണാലിന് പൗരോഹിത്യ പട്ടം നൽകി. മൂലയിൽ ബഹു. ആന്റണി അച്ചന്റെ പിതാവിന്റെ ചരമവാർഷികദിനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മാന്നാനം

സി.എം.ഐ. ആശ്രമ ദൈവാലയത്തിൽ വി. ചാവറയച്ചന്റെ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റ് കർമ്മം നിർവ്വഹിക്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു. വാഴൂർ എക്കുമെനിക്കൽ ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന ക്രിസ്മസ് ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

27 ബഹു. മ്ശംശാന ജോസഫ് ചീരംവേലിക്ക് പൗരോഹിത്യ പട്ടം നൽകി. ബഹു. മ്ശംശാന ജോസഫ് പുത്തൻപറമ്പലിനു പൗരോഹിത്യ പട്ടം നൽകി.

28 തോട്ടക്കാടു ഇടവകദൈവാലയത്തിൽ ഉണ്ണീശോടുടെ തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റ് കർമ്മം നിർവ്വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ബഹു. മ്ശംശാന സെബാസ്റ്റ്യൻ കോയിക്കാട്ടുചിറയ്ക്കും ബഹു. മ്ശംശാന ജോർജ് തുരുത്തുമാലിക്കും പൗരോഹിത്യ പട്ടം നൽകി. കല്ലൂർക്കാട് ചമ്പക്കുളം ഇടവകദൈവാലയത്തിൽ മ്യൂസിയത്തിന്റെ ആശീർവ്വാദം നടത്തുകയും ഇടവകദിനാഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. അതിരൂപതയിൽ നടന്ന ക്രിസ്മസ് ദിനാഘോഷത്തിൽ പങ്കെടുത്തു.

## മാർ ജോസഫ് പവ്വത്തിൽ

3 സന്ദേശനിലയത്തിൽ നടന്ന യുവദീപ്തിയുടെ ജന്മദിന സമ്മേളനത്തിൽ ആശംസകൾ നേർന്ന് സംസാരിച്ചു.

8 പ. കന്യകാമറിയത്തിന്റെ തിരുനാളിനോടനുബന്ധിച്ച് പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ പരി. റാസകുർബാന മദ്ധ്യേ സന്ദേശം നൽകി.

16 സന്ദേശനിലയത്തിൽ നടന്ന ജീവകാരുണ്യനിധി ട്രസ്റ്റ് വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തു. കുറിച്ചി സെമിനാരിയിൽ ബ. സെബാസ്റ്റ്യൻ കാളശ്ശേരി അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

18 ബ. ജോസ്. പി. കൊട്ടാരത്തിലച്ചന്റെയും മാത്യു നടമുഖത്തച്ചന്റെയും ജൂബിലി ദിനാഘോഷത്തിൽ പങ്കെടുത്തു.

22 സന്ദേശനിലയത്തിൽ നടന്ന മേജർ സെമിനാരി ഗ്യാതറിംഗിൽ പങ്കെടുത്തു.

26 വടക്കേ അമിച്ചകരി ദൈവാലയത്തിൽ ബ. മ്ശംശാന റോബിൻ വേങ്ങാശ്ശേരിക്ക് പൗരോഹിത്യ പട്ടം നൽകി.

27 ഫാത്തിമാപുരം ദൈവാലയത്തിൽ ബ. മ്ശംശാന ജോൺ പുത്തൻകളം MCBSന് പൗരോഹിത്യ പട്ടം നൽകി.

28 തൃക്കൊടിത്താനം ദൈവാലയത്തിൽ ബ. മ്ശംശാന മാത്യു മാളിയേക്കലിന് പൗരോഹിത്യ പട്ടം നൽകി.

30 ഏറ്റുമാനൂർ ക്രിസ്തുരാജ ദൈവാലയത്തിൽ ബ. മ്ശംശാന ജോസഫ് ചോരേട്ടു ചാമകാലയ്ക്ക് പൗരോഹിത്യ പട്ടം നൽകി.

പവ്വത്തിൽ കുടുംബയോഗത്തിൽ പങ്കെടുത്തു.

31 കൂത്രപ്പള്ളി ദെവാലയത്തിൽ വച്ച് ബ. മ്ശംശാന വർഗ്ഗീസ് പ്ലാംപറമ്പിലിന് പൗരോഹിത്യ പട്ടം നൽകി.

# ENGAGEMENTS

**2018 JANUARY**

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

1 **9.15 a.m.** Priestly Ordination, Rev Dn Varghese Kiliyattusseril @ Pullangady

**12.30 p.m.** Civil Service Institute Trust Meet @ Archbishop's House

**2.30 p.m.** Priestly Ordination Homily, Rev Dn Francis Meenatheril @ Edathua

**6.00 p.m.** Meeting @ Kakkanad

2 **10.30 a.m.** *Mannam Jayanti* Celebration @ Perunna

**11.45 a.m.** Priestly Ordination Homily, Rev Dn Joseph Pulickaparambil @ Muttar Old

**2.15 p.m.** Priestly Ordination, Rev Dn Thomas Thundathil @ Kayalpuram

3 **9.15 a.m.** Priestly Ordination, Rev Dn Joseph Velangattusserry @ Veliyanadu Kesaria

**3.00 p.m.** Priestly Ordination Homily, Rev Dn George Thycheril @ Kurichy

**5.00 p.m.** *Madbaha* Rededication @ Parampuzha

4 **10.00 a.m.** Forane Vicars Meet @ Archbishop's House

**4.30 p.m.** *Kodiyettu*, *Holy Qurbana* @ Koothrappally

**6.30 p.m.** Regents' Monthly Recollection @ Archbishop's House

5 **9.30 a.m.** Presbyteral Council @ Archbishop's House

**3.30 p.m.** Annual Day Celebration @ SH Kilimala

**5.00 p.m.** CSM Camp Visit @ SB College

6 **7.00 a.m.** *Madbaha* Rededication, *Qurbana* @ Chathanadu, Alappuzha

**4.00 p.m.** To Hyderabad

7 **9.15 a.m.** Episcopal Installation Ceremony @ Shamshabad

8 **10.00 a.m.** Convocation @ Vadavathoor Seminary, Kottayam

8-13 Synod @ Kakkanad

14 9.15 a.m. *Holy Qurbana* @ St Antony's Church, Thiruvalla

**2.30 p.m.** *Palliquadasa* @ Thekkekara, St Sebastian's East

15 **10.00 a.m.** Gathering of Senior Sisters @ Archbishop's House

**02.30 p.m.** Graduation Ceremony @ Chethipuzha Nursing College

**6.30 p.m.** Archeparchial New Priests' Gathering @ Archbishop's House

16 **11.00 a.m.** Berchmans Award Giving Ceremony @ SB College

**2.30-4.00 p.m.** Visitors' Time

**6.30 p.m.** SJCC Trust meet @ Media Village

17 **10 a.m.** Inter Church Meet @ SIRI, Kottaym

**6.00 p.m.** Interdepartmental Meet @ Archbishop's House

18 **2.00 p.m.** Jubilee Celebration @ St Joseph's HSS, CHY

**7.00 p.m.** Religious New Priests' gathering @ Archbishop's House

19 **7.15 a.m.** *Kodiyettu, Holy Qurbana* @ Athirampuzha

**10.00 a.m.** SBHSS Anniversary

**5.00 p.m.** Meeting @ SJBHSS, Nedumkunnam

**7.00 p.m.** Ecclesia Inauguration @ Kunnamthanam

20 **3.00 p.m.** *Kappela Qudasa* @ SJSM Convent, Arattuvazhi

**8.30 p.m.** Ecclesia @ Kunnamthanam

21 **6.30 a.m.** *Holy Qurbana*, Class @ Ecclesia, Kunnamthanam

**12.00 p.m.** AKCC @ SBHSS

**3.30 p.m.** Centenary Celebration Gathering @ Pacha

22 **10 a.m.** Batch gathering (2014-15; 2012-'13 Ordination Batches)

**6.30 p.m.** Home Day Celebration @ Kurichy Seminary

23 **9.30 a.m.** School Building Blessing @ Champakulam

**11.00 a.m.** Alapuzha Forane Priests' Conference @ Thathampally

**3.00 p.m.** School Anniversary @ Kurumpanadom

**6.45 p.m.** Forane Priests Conference @ Kudamaloor

24 **2.30-3.30 p.m.** Visitors' Time

**5.00 p.m.** *Holy Qurbana* @ Cathedral

25 **4.30 p.m.** Cemetery Chapel Blessing @ Amboori

**6.30 p.m.** Forane Priests' Conference @ Amboori

**a.m.** Engaged

26 **2.00 p.m.** Catechism Teachers' Convention @ Kavukattu Hall

**4.45 p.m.** *Kodiyettu,* Cemetery Blessing @ Kodinattukunnu

**6.30 p.m.** *Alumni* Association @ S B College

27 **10.00 a.m.** Pastoral Council @ Abp's House

**6.00 p.m.** Golden Jubilee Celebration @ Vattiyoorkavu, TVM

28 **6.00 a.m.** Pastoral Visit @ Pandalam

29 **10.30 a.m.** Jubilee Celebration @ SB College

**2.30-4.00 p.m.** Visitors' Time

**5.00 p.m.** Charitable Trust Meeting @ Abp's House

30 **9.30 a.m.** International Seminar @ Mannanam

**3.00 p.m.** Silver Jubilee Celebration, Assisi Vidhayalayam @ Poonthope

**7.00 p.m.** Forane Priest Conference @ Thuruthy

31 **10.00 a.m.** MLF Sisters' Final Profession & Golden Jubilee @ Kurichy
**2.30 p.m.** New Priest Course @ CANA

# ENGAGEMENTS

# 2018 JANUARY

**Mar Thomas Tharayil**
**Auxiliary Bishop**

| | |
|---|---|
| 1 | **7.15 a.m**. Jubilee Message @ Manimala St. Basil |
| | **10.30 a.m.** Baptism @ Mundathanam |
| | **2.15 p.m.** Ordination @ Edathua |
| | **5.45. p.m.** Solemn Holy Communion@ Cathedral |
| 2 | **9.30 a.m**. Ordination @ Muttar |
| | **8.00 p.m.** Convention Talk @ Manimala |
| 3 | **11.00 a.m.** Marriage @ Cathedral |
| | **12.15p.m.** Sacerdotal Jubilee @ Vettithuruthu |
| | **2.00 p.m.** Ordination @ Kurichy |
| 4 | **9.30 a.m.** Blessing of auditorium @ St. Joseph HSS Chry |
| | **12.30 p.m**. Betrothal @ Kuravilangadu |
| | **3.00 p.m.** Visitors' time |
| | **6.30 p.m**. *Qurbana* @ Poonkavu |
| 5 | **10.00 a.m.** Talent Day @Champakulam |
| | **4.30 p.m.** *Qurbana*@ Thannermukkam |
| | **7.00 p.m.** Message @ Arattuvazhy |
| 6 | **6.45 a.m.** Message @ Mundathanam St. Antony's |
| | **5.00 p.m.** *Qurbana* @ Rajamattam |
| | **7.00 p.m.** AKCC @ Koothrapally |
| 7 | **8.00 a.m.** Nirmala Medical Centre Blessing @ Punnapra |
| 8-13 | Synod @ Kakkanadu |
| 14 | **9.30a.m**. *Qurbana* @ Thirumala Holy Family |
| | **2.30 p.m**. Visitors' Time @ TVM |
| | **5.00 p.m**. Parish Day @ TVM |
| 15 | **6.30 a.m.** *Qurbana* @ Thekkekara |
| | **9.00 a.m.** Ecclesia |
| | **6.30 p.m**. New Priests Gathering |
| 16 | **2.30 p.m.** School Annual Day @ Edathua St. George |

| | | |
|---|---|
| | **6.30 p.m**. SJCC Trust Meeting |
| 17 | **3.30 p.m.** School day @ SH, Chry |
| | **6.30 p.m.** Interdepartmental Meeting |
| 18 | **10.00 a.m**. LSDP Vestition @ Kunnamthanam |
| | **2.30 p.m**. Visitors' Day |
| | **5.00 p.m**. *Kodimaram* Blessing @ Mallapally St. Athanesius |
| | **7.00 p.m.** Religious New Priests Gathering |
| 19 | **4.30 p.m.** Thellakam |
| 20 | **6.30 a.m**. KCYM Camp @ Mavelikkara |
| | Pastoral Visit @ Dalmugham |
| 21 | Pastoral Visit @ Dalmugham |
| | **6.00 p.m.** Religious Priests' Gathering @ TVM |
| 22 | **2.30.p.m.** Visitors' Time |
| | **5.00 p.m.** Holy Qurbana @ Kodunattumkunnu |
| | **6.30 p.m.** Home Day @ Minor Seminary |
| 23 | **10.30 a.m**. *Qurbana* @ Kuravilangadu |
| | **2.30 p.m**. Class @ Minor Seminary |
| 24 | **4.00 p.m.** *Qurbana* @Vandamattom |
| 25 | **5.30 a.m.** Qurbana @ Cathedral |
| | **6.00 p.m.** Unity Octave @ TVM |
| 26 | **11.00 a.m***. Idavakadinam* @ Thekkekara St. John |
| | **3.00 p.m.** Final Profession and Silver Jubilee FDSHJ |
| 27 | **4.00 p.m.** Jubilee @ Adorno Fathers, Mallikasserry |
| 28 | **4.00 p.m.** Holy Qurbana @ MuhammaSt. George |
| 29 | **2.30 p.m.** Visitors' Time |
| | **6.30 a.m.** *Qurbana* @ Mammod DSFS |
| | **5.30 p.m.** On-going Formation @ Kothanalloor |
| 30 | Engaged |
| | **5.00 p.m**. Paippadu Lourdes |
| 31 | Church Blessing @ Vetticadu,TVM |

# ENGAGEMENTS

# 2018 JANUARY

**Mar Joseph Powathil**
**Archbishop Emeritus**

07 **3.30 p.m.** Marriage @ Cathedral

8-13 Synod @ Kakkanadu

14 **10.30 a.m.** Message @ Kadayanikadu

17 **10.00 a.m.** School Blessing @ SH Fathimapuram

20 **11.00 a.m.** Marriage @ Kurumbanadom St Antony's

22 **6.30 p.m.** Home Day @ Minor Seminary

27 **9.00 a.m.** Golden Jubilee & Final Profession @ MLF Kurichy